# ഹറം ശരീഫ്

## ശ്രേഷ്ഠതകളും, മര്യാദകളും

﴿ البلد الحرام فضائل وأحكام ﴾

[ Malayalam – മലയാളം – مليالم ]


കുല്ലിയ്യത്തു ദഅവത്തി വ ഉസൂലുദ്ദീൻ
ഉമ്മുൽ ഖുറാ സർവ്വകലാശാല (മക്ക)


3/9/1423

**വിവർത്തനം: അബ്ദുൽ റസാഖ് സ്വലാഹി**

ترجمة : عبد الرزاق الصلاحي


Webedition by:
IslamHouse.com
1436هـ - 2014م




**താളുകളിൽ**


1. വാനക്കാരോടായ്.... 4
2. ആമുഖം 6
3. ഹറംശരീഫ് ശ്രേഷ്ഠതകളും മര്യാദകളും 10
4. ഹറമിന്റെ പരിധി 12
5. ഹറമിന്റെ തുടക്കവും കഅ്ബാലയ ... 14
6. വിശുദ്ധ ഹറമിന്റെ പവിത്രത 24
7. ആ നാടിന്റെ പേരിലുള്ള അല്ലാഹുവിന്റെ... 28
8. ഇബ്റാഹീം നബിയുടെ പ്രാർത്ഥന 29
9. അല്ലാഹുവിന് ഇഷ്ടപ്പെട്ട പ്രദേശം മക്ക... 32
10. മസ്ജിദുൽ ഹറമിലെ നമസ്കാരത്തിന്റെ... 35
11. ഹറമിൽ വെച്ച് അതിക്രമം നടത്തൽ 38
12. മക്കായിൽ വെച്ച്യുദ്ധം ചെയ്യലും രക്തം ... 42
13. മക്കയിൽ സത്യനിഷേധിയോ ബഹുദൈവ ... 47
14. വേട്ടയാടലും മരം മുറിക്കലും
നഷ്ടപ്പെട്ട വസ്തുക്കൾ എടുക്കൽ 49
15. വേട്ട മൃഗത്തെ ആട്ടിയോടിക്കലും ... 50
16. ചെടി,മുള്ള്, മരം എന്നിവ മുറിക്കൽ 53
17. ഇഹ്റാമോടു കൂടിയല്ലാതെഹറമിൽ ... 58

18. ഹറം ശരീഫിലെ വിശിഷ്ട പ്രദേശങ്ങൾ 58
19. വിശുദ്ധ കഅ്ബാലയം 59
20. ബൈത്തുൽ ഹറം (പവിത്ര ഗേഹം) 60
21. ത്വവാഫ് (പ്രദക്ഷിണം ചെയ്യൽ) 61
22. വിസർജ്ജനവേളയിൽ കഅ്ബയെ ... 65
23. ഹജറുൽ അസ്‌വദ് 69
24. ഹജറുൽ അസ്‌വദിനെചുംബിക്കലും,തൊട്ടു.. 70
25. ഹജറുൽ അസ്‌വദിനെ സ്പർശിച്ചാൽ... 73
26. മുൽതസം 77
27. അൽ ഹിജ്റ് 78
28. മഖാമു ഇബ്റാഹീം 80
29. സംസം 85
30. ഹറം ശരീഫിനെ ആദരിക്കലും ... 95
31. വിരാമം 110

***



بسم الله الرحمن الرحيم

**വായനക്കാരോടായ്....**

**ആദരണീയ മക്ക**

മാനവരാശിക്ക് മുഴുവനും സന്മാർഗ്ഗ ദർശനത്തിന് വേണ്ടി ലോകത്തിന്റെ വഴികാട്ടിയും.അന്തിമ പ്രവാചകനുമായ മുഹമ്മദ് ﷺക്ക് വിശുദ്ധ ഖുർആൻ അവതരണത്തിനു തുടക്കം കുറിച്ച മ ഹനീയ നാടാണ് മക്ക.

ഭൂമുഖത്ത് താമസിക്കുന്ന മുഴുവൻ മുസ്‌ലിംകളും പട്ടണ വാസിയാവട്ടെ, ഗ്രാമവാസിയാവട്ടെ വിദ്യാ സമ്പന്നനോ നിരക്ഷ രനനോ ആവട്ടെ കക്ഷി വ്യത്യാസമോ സ്ത്രീ പുരുഷ വ്യത്യാ സമോ കൂടാതെ ചെറിയവനോ വലിയവനോ എന്ന വ്യത്യാസമി ല്ലാതെ കാണാൻ കൊതിക്കുന്ന, കണ്ടവർ തന്നെ വീണ്ടും വീ ണ്ടും കാണണമെന്ന് ആഗ്രഹിക്കുന്ന ഭൂമുഖത്തുള്ള പവിത്ര രാ ജ്യമാണ് മക്ക.

ദിനം പ്രതി അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം ആഗ്രഹിച്ചു ആയിരങ്ങൾ ഒരുമിച്ചു കൂടി പ്രദക്ഷിണം ചെയ്യുന്ന പുരാതന ഭ വനമായ കഅബാലയം കുടികൊള്ളുന്നതവിടെയാണ്. ലക്ഷോ പ ലക്ഷങ്ങൾ പ്രതിവർഷം നിർഭയത്തത്തോടെ സമ്മേളിക്കുന്ന നിർഭയ രാജ്യമാണ് മക്ക. പൂർവ്വ പ്രവാചകൻമാരുടെ പാദ സ്പ ർശമേറ്റ പ്രദേശങ്ങളാൽ ധന്യമാണ് ഹറം ശരീഫ്.

**കഅ്ബാലയം**

ഇബ്റാഹീം(عليه السلام)യുടെ കാൽപാദം പതിഞ്ഞ മഖാമു ഇബ്റാ ഹീം ഇസ്മാഈൽ(عليه السلام)യെയും മാതാവ് ഹാജറയെയും അനുസ്മ

രിക്കുന്ന സംസമുണ്ട് സഫായുണ്ട് മർവ്വയുണ്ട് സ്വർഗ്ഗത്തിൽ നിന്നവതരിച്ച ഹജറുൽ അസ്‌വദുണ്ട്. കുറച്ചകലത്തിലായ് മുനായും മുസ്ദലിഫയുമുണ്ട് അല്ലാഹുവിന്റെ ദാസൻമാർ അവന്റെ വിരുന്നുകാരായ് സമ്മേളിക്കുന്ന അറഫയുണ്ട്. ഭൂമുഖത്ത് മക്കക്ക് തുല്ല്യമായി മറ്റൊരു രാജ്യമുണ്ടോ?

അതിന്റെ മഹത്വം പറയുന്ന ശ്രേഷ്ഠതകൾ വിവരിക്കുന്ന അതിനോടു പാലിക്കേണ്ട മര്യാദകൾ പ്രതിപാദിക്കുന്ന ലളിതമായൊരു ഗ്രന്ഥമിതാ. അതാണ് ((ഹറം ശരീഫ്;ശ്രേഷ്ഠതകളും മര്യാദകളും)) ഉമ്മുൽഖുറാ സർവ്വകലാശാലയുടെ പ്രസിദ്ധീകരണം മലയാളത്തിൽ ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്നു.

ആശയത്തിനു പ്രാധാന്യം നൽകി മൊഴിമാറ്റപ്പെട്ട ഈകൃതി റബ്‌വ ഇസ്‌ലാമിക് ദഅവാ സെന്ററാണ്  പ്രസിദ്ധീകരിച്ചിരിക്കുന്നത്.ഇതിന് എനിക്ക് കഴിവു നല്കിയ അല്ലാഹുവിനാണ് സർവ്വസ്തുതിയും. എനിക്ക് അക്ഷരങ്ങൾ പഠിക്കാൻ പ്രേരണയേകിയ എന്റെ ഉപ്പാക്കും എന്നെ പഠിപ്പിച്ച ഗുരുനാഥൻമാർക്കും അല്ലാഹു ഇഹ പര സൗഖ്യം പ്രദാനം ചെയ്യട്ടെ.

ഈ  ശ്രമത്തിലെന്നെ സഹായിച്ചവർ, ഗുണ കാംംഷയോടെ നിർദ്ദേശങ്ങൾ നൽകിയവർ,എല്ലാവർക്കും അല്ലാഹു പ്രതിഫലം നൽകട്ടെ. ന്യൂനതകളിൽ നിന്നും പോരായ്മകളിൽ നിന്നും മുക്തമാണിതെന്ന് കരുതുന്നില്ല. വീഴ്ചകൾ ഉണ്ടായേക്കാം. വായനക്കാർ അവ ഗുണകാംംഷയോടെ ശ്രദ്ധയിൽ പെടുത്തുമെന്ന പ്രതീക്ഷയോടെ ഇത് നിങ്ങൾക്കു സമർപ്പിക്കുന്നു. അല്ലാഹുവിനാണ് സർവ്വ സ്തുതിയും.

| | |
|---|---|
| രിയാദ് | എന്ന് |
| 23-01-2006 | പരിഭാഷകൻ |



## ആമുഖം

സർവ്വലോകരക്ഷിതാവായ അല്ലാഹുവിനാണ് സർവ്വസ്തുതിയും. സൃഷ്ടികളിൽ അത്യുൽകൃഷ്ടരായിരുന്ന പ്രവാചകൻ മുഹമ്മദിന്ﷺ രക്ഷയും സമാധാനവും ഉണ്ടാവട്ടെ.

ഭൂമുഖത്ത് അതിവിശിഷ്ഠവും അത്യുൽകൃഷ്ടവുമായ മക്കയിൽ വൈജ്ഞാനിക രംഗങ്ങളിൽ ഔന്നിത്യത്തോടെ ഉയർന്നു നിൽക്കുന്ന ഉമ്മുൽ ഖുറാ സർവ്വകലാശാല, അതിന്റെ മഹത്തായ ദൗത്യവുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിം സമൂഹത്തെ സമുദ്ധരിക്കുവാനും ഗുണകാംക്ഷയോടും പ്രതിഫലേഛയോടും കൂടി സമൂഹത്തിന് സാരോപദേശം നൽകുവാനും ഈ മഹത്തായ സ്ഥാപനം കഴിവതും പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

ജനവാസമുള്ള പ്രദേശങ്ങളിൽ സന്മാർഗ്ഗത്തിന്റെ പ്രഭ പരത്താനുള്ള കേന്ദ്രമായി വഹ്‌യിന്റെ ഉത്ഭവ കേന്ദ്രവും സന്മാർഗ്ഗത്തിന്റെ ശിരാകേന്ദ്രവുമായ മക്കയിൽ ഈ സർവ്വകലാശാല അതിന്റെ മുന്നോട്ടുള്ള ഗമനം തുടരുകയാണ്.ഇതിനിടിൽ മുസ്‌ലിം സമൂഹത്തിന്റെ വൈജ്ഞാനിക രംഗങ്ങളിൽ വെളിച്ചം വിതറാൻ പര്യാപ്തമായതും വിശുദ്ധ ഖുർആനിലൂടെയും തിരുസുന്നത്തിലൂടെയും മഹാൻമാരായ പൂർവ്വസൂരികൾ (സലഫുകൾ) മനസ്സിലാക്കിയതുമായ ധാരാളം സന്ദേശങ്ങൾ പ്രസിദ്ധീകരിക്കാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്.

ഹിജ്റ വർഷം 1423-ൽ വിദ്യഭ്യാസ മന്ത്രിയുടെ വിജ്ഞാപനമനുസരിച്ച് പ്രസിദ്ധീകരിച്ച ധാരാളം ഗ്രന്ഥളിൽ സുപ്രധാനമായ ഒരു ഗ്രന്ഥമാണ് വായനക്കാരുടെ മുമ്പിലുള്ള ((ഹറം ശരീഫ് ശ്രേ ഷ്ഠതകളും  മര്യാദകളും)) എന്ന പേരിലുള്ള ഈ കൃതി.

പവിത്ര നാടായി അല്ലാഹു വിശേഷിപ്പിച്ചതും അല്ലാഹുവിന് ഇഷ്ടപ്പെട്ട രാജ്യമാണെന്ന് പ്രഖ്യാപിച്ചതുമായ പ്രസ്തുത നാടിന്റെ മഹത്വം മനസ്സിലാക്കിയിട്ടില്ലാത്ത മനുഷ്യർക്കും അശ്രദ്ധയോടു കൂടി അതിന്റെ പവിത്രതയിൽ കളങ്കം ചാർത്തുന്നവർക്കും കഅബാലയത്തിന്റെ പവിത്രതയെ അവഗണിക്കുന്നവർക്കും അതിന്റെ മഹത്വത്തിന് യോജിക്കാത്ത പ്രവർത്തനങ്ങൾ ഹറമിന്റെ പരിധിയിൽവെച്ചു പ്രവർത്തിക്കുന്നവർക്കും ഹറമിനോട് അനുവർത്തിക്കേണ്ട മര്യാദകൾ വിസ്മരിച്ചവർക്കും ഈ ഗ്രന്ഥം വളരെയധികം ഫലപ്രദമാകാതിരിക്കില്ല. അങ്ങനെ ഹറമുകളുടെ മഹത്വം മസ്സിലാക്കി അവയെ ആദരിക്കുവാനും ഭക്തിയോടുകൂടി അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുവാനും അവർക്ക് ഇതൊരു പ്രചോദനമാകട്ടെ.

അല്ലാഹു പറഞ്ഞിരിക്കുന്നു

{ وَمَن يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِن تَقْوَى الْقُلُوبِ } (سورة الحج)

(വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്നുവെങ്കിൽ അത് മനസ്സിന്റെ ഭക്തിയിൽ നിന്നുണ്ടാകുന്നതത്രെ. (ഹജ്ജ് 32)

അനുഗ്രഹീതമായ മക്കയിൽ ആദ്യമായി എത്തുന്നവർ അടങ്ങാത്ത ആഗ്രഹത്തോടും മക്കയോടുള്ള സ്നേഹത്തോടും കണ്ണുനീർ പൊഴിക്കാറുണ്ട്. എന്നാൽ ശരിയായ ഇസ്ലാമിക വിജ്ഞാനത്തിന്റെ അഭാവത്താൽ അവർ അല്ലാഹുവും അവന്റെ റസൂലും ആദരിക്കാത്തവയെ ആദരിക്കുകയും പഠിപ്പിക്കപ്പെടാത്ത രൂപത്തിൽ ബഹുമാനം പ്രകടിപ്പിക്കുകയും ചെയ്യാറുണ്ട്.

ചിലർ ഉയർന്നു നിൽക്കുന്ന മലമുകളിൽ അള്ളിപ്പിടിച്ചു കയറിപ്പറ്റാൻ പണവും ദേഹാധ്വാനവും ചെലവിടാറുണ്ട്.ചിലർ പുരാതനമായ ഇസ്ലാമിക പൈതൃകങ്ങളാണെന്ന ധാരണയോടു കൂ



ടിയും പ്രതിഫലം ലഭിക്കണമെന്ന ആഗ്രഹത്തോടുകൂടിയും ഗുഹകളെ തേടിപ്പോകാറുണ്ട്. കല്ലും മണ്ണും ശേഖരിക്കുന്നവരും കാണുന്ന പാറക്കെട്ടുകളിലും മൺകൂനകളിലും തൊട്ടുതടവി അനുഗ്രഹമെടുക്കുന്നവരും അവരുടെ കൂട്ടത്തിലുണ്ടാവാറുണ്ട്.

യഥാർത്ഥത്തിൽ അനാവശ്യമായി ചെലവിടുന്ന വളരെ വിലപ്പെട്ട സമയം കഅബയെ ത്വവാഫ് ചെയ്യാനും വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനും അവർ വിനിയോഗിച്ചിരുന്നുവെങ്കിൽ എത്രയോ പ്രതിഫലം നേടിയെടുക്കാൻ അവർക്ക് സാധിച്ചിരുന്നു.മാത്രമല്ല, അറിവില്ലായ്മ കാരണം സംഭവിക്കുന്ന തെറ്റുകളിൽ നിന്ന് രക്ഷപ്പെടാനും സാധിച്ചിരുന്നു.

ഇക്കാരണത്താൽ തന്നെ ആദരണീയ നാടായ മക്കയുടെയും അതുൾക്കൊള്ളുന്ന മറ്റു പ്രദേശങ്ങളുടെയും ശ്രേഷ്ഠതകൾ എന്തെല്ലാമാണെന്നും എങ്ങനെയാണ് ഒരു മുസ്ലിം അവയെ ആദരിക്കേണ്ടതെന്നും അതിനോടു സ്വീകരിക്കേണ്ട ഇസ്ലാമിക നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള ശരിയായ സംക്ഷിപ്ത വിവരണമാണ് ലളിതമായ രീതിയിൽ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.പണ്ഢിതൻമാർക്ക് ആഴത്തിൽ പഠനം നടത്താൻ പര്യാപ്തമായ രൂപത്തിലുള്ള ഗവേഷണാത്മക രീതിതിലല്ല ഇതിന്റെ അവതരണം. മറിച്ച് പൊതു ജനങ്ങൾക്ക് കൂടുതൽ വളരെ വേഗത്തിൽ കാര്യങ്ങൾ മനസ്സിലാക്കുവാൻ പറ്റുന്ന രീതിയിലുള്ള ലളിതമായൊരു സമാഹാരമാണിത്.

ഉമ്മുൽ ഖുറാ സർവ്വ കലാശാലയിലെ (കുല്ലിയ്യത്തു ദഅവത്തി വ ഉസൂലുദ്ദീൻ)) എന്ന വിഭാഗത്തിലെ നിപുണരായ ഒരു സംഘം പണ്ഢിതൻമാരാണ് ഈ ഗ്രന്ഥത്തിനാവശ്യമായ കാര്യങ്ങൾ ശേഖരിച്ചതും,അവ പരിശോധനാ വിധേയമാക്കിയതും.

പോരായ്മകൾ പരിഹരിച്ചു പ്രസിദ്ധീകരിക്കാൻ പലരും സഹായിച്ചിട്ടുണ്ട്.എല്ലാവർക്കും അല്ലാഹും അർഹമായ പ്രതിഫലം നൽകട്ടെ.

പരിശുദ്ധമായ ഈരാജ്യത്ത് താമസിക്കുവാനും പുരാതന ഭവനമായ കഅബാലയത്തിനടുത്ത് എത്തുവാനും അതു സന്ദർശിക്കുവാനും അനുഗ്രഹം ലഭിച്ചവർക്കും ഈ ഗ്രന്ഥം ഒരു മുതൽ കൂട്ടാവട്ടെ. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലം ആഗ്രഹിച്ചു കൊണ്ടുള്ള ഗുണകാംഷ മാത്രമാണ് ഇതിനുള്ള പ്രേരകം. ഇതൊരു നിഷ്കളങ്കമായ സൽ കർമ്മമായി തീരട്ടെ. വിശ്വാസികൾക്കെല്ലാം ഇത് ഉപകാരപ്പെടട്ടെ. ഇതിന്റെ പ്രസിദ്ധീകരണത്തിലും പ്രചരണത്തിലും ഏതെങ്കിലും രൂപത്തിൽ പങ്കാളിത്വം വഹിച്ചവർക്കെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലം ലഭിക്കട്ടെ.

എന്ന്

ഡോ. അബ്ദുല്ല ബ്നു ഉമർ അദ്ദുമൈജി
പ്രിൻസിപ്പാൾ
കുല്ലിയ്യത്തു ദഅവത്തി വ ഉസൂലുദ്ദീൻ
ഉമ്മുൽ ഖുറാ സർവ്വ കലാശാല(മക്ക)
3/9/1423



## ഹറംശരീഫ്
## ശ്രേഷ്ഠതകളും മര്യാദകളും

ആദരണീയ പ്രദേശമാണെന്ന് അല്ലാഹു പ്രഖ്യാപിച്ച നാട് അതിന്റെ മഹത്വത്തോടും പരിശുദ്ധിയോടും ശ്രേഷ്ഠതയോടും കൂടി വ്യത്യസ്തമായ നാമങ്ങളാൽ വിശ്വമാകെ അറിയപ്പെട്ടു. അതിന് വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ട നാമങ്ങൾ ഇവയാണ്.

**മക്ക**

ഏറ്റവും പ്രസിദ്ധമായ നാമമാണിത്.

സൂറത്തുൽ ഫത്തഹ് 24 കാണുക

وَهُوَ الَّذِي كَفَّ أَيْدِيَهُمْ عَنكُمْ وَأَيْدِيَكُمْ عَنْهُم بِبَطْنِ مَكَّةَ مِن بَعْدِ أَنْ أَظْفَرَكُمْ عَلَيْهِمْ وَكَانَ اللَّهُ بِمَا تَعْمَلُونَ بَصِيرًا} (سورة الفتح :24)

അവർക്ക് (ശത്രുക്കൾക്ക്) എതിരിൽ നിങ്ങൾക്ക് വിജയം നൽകിയ ശേഷം അവനാകുന്നു മക്കയുടെ ഉള്ളിൽവെച്ച് അവരുടെ കൈകൾ നിങ്ങളിൽ നിന്നും നിങ്ങളുടെ കൈകൾ അവരിൽ നിന്നും തടഞ്ഞു നിർത്തിയത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപറ്റി അറിയുന്നവനാകുന്നു (സൂറത്തുൽ ഫത്തഹ് :24)

**ബക്ക**

ഖുർആനിൽ പരാമർശിക്കപെട്ട മറ്റൊരു നാമമാണു ബക്ക എന്നത്. സൂറത്ത് ആലു ഇംറാൻ 96 കാണുക

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى لِّلْعَالَمِينَ}(سورة آل عمران:96 )

(തീർച്ചയായും മനുഷ്യർക്കു വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാമന്ദിരം ബക്കയിൽ ഉള്ളതെത്ര(അത്) അനുഗ്രഹീതമായും ലോകർക്ക് മാർഗ്ഗദർശകമായും (നിലകൊള്ളുന്നു) (ആലുഇംറാൻ :96)

**ഉമ്മുൽ ഖുറാ**

ഈ പേരിലും ഖുർആൻ മക്കയെ വിശേഷിപ്പിച്ചു. സുറത്തു ശൂറാ ഏഴാം വചനം കാണുക.

وَكَذَلِكَ أَوْحَيْنَا إِلَيْكَ قُرْآنًا عَرَبِيًّا لِّتُنذِرَ أُمَّ الْقُرَى وَمَنْ حَوْلَهَا وَتُنذِرَ يَوْمَ الْجَمْعِ لَا رَيْبَ فِيهِ فَرِيقٌ فِي الْجَنَّةِ وَفَرِيقٌ فِي السَّعِيرِ} (سورة الشورى:7)

അപ്രകാരം നിനക്ക് നാം അറബി ഭാഷയിലുള്ള ഖുർആൻ ബോധനം നൽകിയിരിക്കുന്നു. ഉമ്മുൽ ഖുറാ(മക്ക)യിലുള്ളവർക്കും അതിനു ചുറ്റുമുള്ളവർക്കും നീ താക്കീതു നൽകുവാൻ വേണ്ടിയും സംശയരഹിതമായ സമ്മേളന ദിവസത്തെ പറ്റി നീ താക്കീതു നൽകാൻ വേണ്ടിയും.അന്ന് ഒരു വിഭാഗക്കാർ സ്വർഗ്ഗത്തിലായിരിക്കും മറ്റൊരു വിഭാഗക്കാർ കത്തി ജ്വ ലിക്കുന്ന നരകത്തിലും.) (സുറത്തു ശൂറാ ഏഴാം വചനം)

ഉമ്മുൽഖുറാ എന്നത് മക്കയുടെ വിശേഷണമാകുന്നു എന്നതിൽ വിശുദ്ധ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ല.

അല്ലാഹുവിനും അവന്റെ റസൂലിനും ഏറ്റവും പ്രിയപ്പെട്ട പ്രദേശവും,ഉൽകൃഷ്ഠതയാലും സവിശേഷതയാലും ഉമ്മുൽഖുറാ എന്ന് വിശേഷിപ്പിക്കപ്പെട്ടുവെന്നാണ് പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇബ്നു കസീറിന്റെ വ്യാഖ്യാനം.(തഫ്സീറു ഇബ്നു കസീർ വാള്യം നാല്,പേജ് 116 കാണുക)

**ബലദുൽ അമീൻ (നിർഭയ രാജ്യം)**



സൂറത്തു ത്തീൻ ഒന്നു മുതൽ മൂന്നു വചനങ്ങൾ കാണുക

وَالتِّينِ وَالزَّيْتُونِ وَطُورِ سِينِينَ وَهَذَا الْبَلَدِ الْأَمِينِ} سورة التين 1-3

(അത്തിയും ഒലീവും സീനാ പർവ്വതവും നിർഭയത്വമുള്ള ഈ രാജ്യവും തന്നെയാണ് സത്യം)

ഇതിലെ നിർഭയ രാജ്യം എന്ന നാമം മക്കയുടേതാണെന്നതിൽ തർക്കമില്ല. (ഇബ്നു കസീർ വാള്യം നാല് ,പേജ് 587 കാണുക.)

لَا أُقْسِمُ بِهَذَا الْبَلَدِ}}وَأَنتَ حِلٌّ بِهَذَا الْبَلَدِ} (سورة البلد 1,2)

(ഈരാജ്യത്തെ(മക്കയെ)കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു നീയാകട്ടെ ഈ രാജ്യത്തെ നിവാസിയാണ് താനും.) (സൂറത്തു ബലദ് 1,2)

ഈ പേരുകളെല്ലാം മക്കയുടെ വിശേഷണങ്ങൾ തന്നെയാണ്. (അൽഫാസിയുടെ ശിഫാഉൽ ഗറാം എന്ന ഗ്രന്ഥം കാണുക, വാള്യം 11 പേജ് 148), തഫ്സീർ (ഇബ്നു കസീർ വാള്യം നാല് പേജ് 383 കാണുക.)

## ഹറമിന്റെ പരിധി

പരിശുദ്ധമായ ഹറമിന്റെ പവിത്രതയും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന ധാരാളം മത നിർദ്ദേശങ്ങളും ഉള്ളതിനാൽ ഹറമിന്റെ പരിധി നിശ്ചയിക്കപ്പെട്ടത് ദൈവീകമായ വഹ്‌യിന്റെ അടിസ്ഥാനത്തിൽ തന്നെയായിരുന്നു.കഅ്ബാലയത്തിന്റെ നിർമ്മാതാവ് എന്നറിയപ്പെടുന്ന ഖലീലുള്ള ഇബ്റാഹീം(അ)യുടെ അടുക്കൽ ജിബ്‌രീൽ(അ)വരികയും ശേഷം ഇബ്റാഹീം(അ)ക്ക് ഹറം ശരീഫിന്റെ പരിധി നിശ്ചയിച്ച് കൊടുക്കുകയും ചെയ്തു.പിന്നീട് നബി(സ) ആ പരിധി വിശാലമാക്കി. മക്കാ വിജയശേഷം അസദു

ൽ ഖുസാഇൗؓഎന്ന സഹാബിയുടെകൂടെ പുറപ്പെട്ട പ്രവാചകൻﷺഹറമിന്റെ പരിധി പുതുക്കി നിശ്ചയിക്കുകയാണ് ചെയ്തത്.

അബൂ നുഐമിൽ നിന്നും ഇബ്നു അബ്ബാസ്ؓഉദ്ധരിക്കുന്നു.(മക്കാവിജയ വർഷം അസദുൽ ഖുസാഇൗؓയെ നബിﷺ നിയോഗിക്കുകയും (ഇബ്റാഹീം നബിക്ക് ജിബ്രീൽ നിശ്ചയിച്ച് കൊടുത്ത) ഹറം ശരീഫിന്റെ പരിധി പുതുക്കി നിശ്ചയിക്കുകയുമുണ്ടായി. ഈ ഹദീസ് റിപ്പോർട്ടു ചെയ്ത ശേഷം ഇബ്നു ഹജർ പറഞ്ഞത് ഹദീസിന്റെ പരമ്പര ഹസൻ തന്നെയാകുന്നു എന്നാണ്)

ഇപ്രകാരം തന്നെ അനിവാര്യമായ സാഹചര്യങ്ങളിലെല്ലാം ഹറമിന്റെ പരിധിയും വിപുലീകരിക്കുകയുണ്ടായിട്ടുണ്ട്. മതപരമായ ധാരാളം കർമ്മങ്ങളുമായി ബന്ധപ്പെടുന്ന കാരണത്താൽ ഹറം ശരീഫിന്റെ പരിധിയെ കുറിച്ച് കൃതമായി അറിയുക എന്നത് വളരെ അനിവാര്യമാണ് എന്നാണ് ഇമാം നവവിയുടെ വീക്ഷണം.

അവസാനമായി (മസ്ജിദുൽ ഹറമിന്റെയും മസ്ജിദുനബവ്വിയുടെയും കാര്യാലോചനാ സമിതിയുടെ ഡയറക്ടർ ജനറലും മസ്ജിദുൽ ഹറമിലെ ഖത്തീബുമായിരുന്ന)ബഹുമാന്യ പണ്ഡിതൻ ശൈഖ് മുഹമ്മദ് ബ്നു അബ്ദുള്ള അസ്സുബ്ബയിലിന്റെ നേതൃത്വത്തിൽ ഹറമിന്റെ പരിധി വികസിപ്പിക്കുന്നതിനെ കുറിച്ച് ആലോചിക്കാനായി രാജകീയ കൽപന പ്രകാരം ഒരുസമിതി രൂപീകരിക്കുകയുണ്ടായി.പ്രസ്തുത സമിതിയുടെ പഠനവും ഗവേഷണവും കഴിഞ്ഞ ശേഷം അത് വികസിപ്പിക്കുകയുമാണുണ്ടായത്. അതിന്റെ അടിസ്ഥാനത്തിലാണ് ഹറമിൽ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചതും തുടർന്നു കൊണ്ടിരിക്കുന്നതും.



**ഹറമിന്റെ തുടക്കവും കഅ്ബാലയ നിർമ്മാണവും**

വിശുദ്ധ ഗേഹമായ കഅ്ബാലയത്തിന്റെ നിർമ്മാണവും ഹറമിന്റെ തുടക്കവും അതിനോടനുബന്ധിച്ചുള്ള ആരാധനാ കർമ്മങ്ങളുമെല്ലാം പ്രവാചകൻ ഇബ്റാഹീംؑയും അദ്ദേഹത്തിന്റെ പുത്രൻ ഇസ്മാഈൽؑയുമായും ബന്ധപ്പെട്ടു കിടക്കുന്നു. ഈ വസ്തുത വിശുദ്ധ ഖുർആനിൽ നമുക്ക് കാണാവുന്നതാണ്.മഹാനായ ഇബ്നു കസീർ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്.

(ഇബ്റാഹീംؑയാണ് കഅ്ബാലയത്തിന് ശിലയിട്ടതെന്നും പടുത്തുയർത്തിയതെന്നും വിശുദ്ധ ഖുർആനിൽ വ്യക്തമായ പരാമർശങ്ങളുണ്ട്.അപ്രകാരംതന്നെ കഅ്ബയുടെ അസ്തിത്വം അതിനു മുമ്പ്തന്നെ ഉണ്ടായിരുന്നുവെന്നും ഖണ്ഢിതമായ തെളിവുകളിൽ പരാമർശിക്കുന്നുണ്ട്.ഖലീലുള്ള ഇബ്റാഹീംؑയാണ് അതിന്റെ നിർമ്മാണം നടത്തിയതെന്നും അദ്ദേഹത്തെ പുത്രൻ ഇസ്മാഈൽ സഹായിച്ചിട്ടുണ്ടെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു.

സൂറത്തുൽ ബഖറ 127-ാം വചനം കാണുക

وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ (سورة البقرة 127 )

(ഇബ്റാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിന്റെ(കഅ്ബയുടെ) അടിത്തറ കെട്ടി ഉയർത്തി കൊണ്ടിരുന്ന സന്ദർഭവും(അനുസ്മരിക്കുക) (അവർ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു)ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽ നിന്ന് നീ ഇത് സ്വീകരിക്കേണമേ തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു (സൂറത്തുൽ ബഖറ 127)

കഅ്ബാലയത്തിന്റെ നിർമ്മാണത്തെകുറിച്ചും ഹറം ശരീഫിന്റെ തുടക്കത്തെകുറിച്ചും പരാമർശിക്കുന്ന ഹദീസുകൾ ശരിയായ രൂപത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുമുണ്ട്.

സഈദ് ബ്നു ജുബൈർ﵁ൽ നിന്നും ബുഖാരി റിപ്പോർട്ടു ചെയ്തിരിക്കുന്നു.അദ്ദേഹം പറഞ്ഞു.(ഇസ്മാഈലിന്റെ മാതാവിൽ നിന്നാണ് സ്ത്രീകൾ തങ്ങളുടെ വസ്ത്രത്തിന്റെ മധ്യഭാഗം പിരടിയിൽ ബന്ധിച്ചു രണ്ടു ഭാഗവും താഴ്ത്തിയിട്ട് വസ്ത്രം ധരിക്കുന്ന പതിവ് ആദ്യമായി സ്വീകരിച്ചത്. അവർ നടന്നു നീങ്ങുമ്പോൾ മണ്ണിൽ പതിഞ്ഞിരുന്ന തന്റെ കാൽ പാദങ്ങളുടെ അടയാളം സാറ കാണാതിരിക്കാനായി വസ്ത്രത്തിന്റെ അറ്റങ്ങൾകൊണ്ട് മായ്ച്ചു കളയാനായിട്ടായിരുന്നു അപ്രകാരം വസ്ത്രം ധരിക്കാറുണ്ടായിരുന്നത്. പിന്നീട് അവരെയും മുലയൂട്ടുന്ന പുത്രൻ ഇസ്മാഈലിനെയും കൂട്ടി ഇബ്രാഹീം﵇ മക്കയിൽ വരികയും കഅ്ബാലയത്തിനടുത്ത് പള്ളിയുടെ മുകൾ ഭാഗത്ത് ഒരു വലിയ വൃക്ഷത്തിന്നടുത്തായി കുഞ്ഞിനെ വെക്കുകയും ചെയ്തു. മക്കയിൽ ജന താമസമോ വെള്ളമോ ഉണ്ടായിരുന്നില്ല. തന്റെ കൂടെയുണ്ടായിരുന്ന പാനപാത്രത്തിലെ വെള്ളവും അവർക്കു നൽകി. കുഞ്ഞിനെയും മാതാവിനെയും വിട്ട് ഇബ്റാഹീം﵇ തിരിച്ചു യാത്രയായി. എന്നാൽ അദ്ദേഹത്തിന്റെ കൂടെ ചെന്ന ഉമ്മു ഇസ്മാഈൽ ഇബ്രഹീം﵇യോടായി ചോദിച്ചു:

''അല്ലയോ ഇബ്രാഹീം, മനുഷ്യരോ മറ്റെന്തെങ്കിലും വസ്തുക്കളോ ഇല്ലാത്ത ഈ പ്രദേശത്ത് ഞങ്ങളെ തനിച്ചാക്കി താങ്കൾ എങ്ങോട്ടാണ് പോകുന്നത് ''?

പലപ്രാവശ്യം ചോദിച്ചെങ്കിലും അദ്ദേഹം തിരിഞ്ഞു നോക്കിയതുപോലുമില്ല. അപ്പോൾ ഉമ്മു ഇസ്മാഈൽ ചോദിച്ചു:

''ഇപ്രകാരം ചെയ്യാൻ അല്ലാഹു കൽപിച്ചിട്ടുണ്ടോ''?



അദ്ദേഹം ''അതെ ''എന്ന് മറുപടി പറഞ്ഞു.

ഇതു കേട്ടപ്പോൾ അവർ പറഞ്ഞു :

''എങ്കിൽ ഞങ്ങൾക്ക് ഒന്നും സംഭവിക്കുകയില്ല''.

ഇതു പറഞ്ഞ ഹാജറ തിരിഞ്ഞു നടന്നു.

ഇബ്റാഹീം﵇ മുന്നോട്ടു നീങ്ങി. ദുർഘടം പിടിച്ച വഴി. 'സനിയ്യ'എന്ന സ്ഥലത്ത് എത്തി. അവരെ കാണാത്ത രൂപത്തിലെത്തിയപ്പോൾ കഅ്ബാലയം സ്ഥിതി ചെയ്യുന്ന ഭാഗത്തേക്ക് അഭിമുഖമായി തിരിഞ്ഞു നിന്നുകൊണ്ട് കൈകളുയർത്തി അദ്ദേഹം പ്രാർത്ഥിച്ചു:

رَّبَّنَا إِنِّي أَسْكَنتُ مِن ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِندَ بَيْتِكَ الْمُحَرَّمِ رَبَّنَا لِيُقِيمُوا الصَّلَاةَ فَاجْعَلْ أَفْئِدَةً مِّنَ النَّاسِ تَهْوِي إِلَيْهِمْ وَارْزُقْهُم مِّنَ الثَّمَرَاتِ لَعَلَّهُمْ يَشْكُرُونَ} (سورة إبراهيم :37)

(ഞങ്ങളുടെ രക്ഷിതാവേ എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നുമില്ലാത്ത ഒരു താഴ്‌വരയിൽ നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ അവർ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കാൻ വേണ്ടിയാണ് (അങ്ങിനെ ചെയ്തത്) അതിനാൽ മനുഷ്യരിൽ ചിലരുടെ മനസുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. അവർ നന്ദി കാണിച്ചെന്നു വരാം.) (സൂറത്തു ഇബ്റാഹീം 37)

ഉമ്മു ഇസ്മാഈൽ കുഞ്ഞിന് മുലയൂട്ടിക്കൊണ്ടിരിക്കുകയും പാനപാത്രത്തിൽ കരുതിയിരുന്ന വെള്ളം കുടിക്കുകയും ചെയ്തു. കൂടെ കരുതിയ വെള്ളം തീർന്നു. ഇരുവരും ദാഹത്താൽ പരവശരായിത്തീർന്നു. ദാഹം സഹിക്കാനാവാതെ, വയറൊട്ടി,കിടന്ന് കരയുന്ന കുഞ്ഞിനെ കാണാൻ കഴിയാതെ ലോല മനസ്ക

യായ മാതാവ് ചുറ്റിലും നടന്നു. അടുത്ത് കണ്ട സഫയെന്ന കുന്നിൽ കയറി. ചുറ്റിലും നോക്കി, ആരെയെങ്കിലും കാണുന്നുവോ?.ഇല്ല, ആരെയും കണ്ടില്ല.സഫാകുന്നിൽ നിന്നിറങ്ങിയ ഹാജറ താഴ്വരയിൽ എത്തിയപ്പോൾ വസ്ത്രം അൽപം ഉയർത്തിപ്പിടിച്ചു. പിന്നീട് അസ്വസ്ഥയായ ഹാജറ താഴ്വരയിൽ കൂടി ഓടി. അപ്പുറത്തു കണ്ട മർവ്വ കുന്നിൽ കയറി. ആരെയെങ്കിലും കാണുന്നുണ്ടോ എന്ന് നോക്കി. ആരെയും കണ്ടില്ല. പരവശയായ ഹാജറ ഇപ്രകാരം ഏഴു പ്രാവശ്യം ആവർത്തിച്ചു.

ഇബ്നു അബ്ബാസ് പറയുന്നു, നബിﷺ പറഞ്ഞു: (അക്കാരണത്താലാണ് ആളുകൾ സഫാ മർവ്വക്കിടയിൽ സഅ്യ് നടത്തുന്നത്.)

ഉമ്മു ഇസ്മാഈൽ മർവ്വയിൽ കയറിയ സന്ദർഭത്തിൽ ഒരു ശബ്ദം കേൾക്കാനിടയായി.അപ്പോൾ നിശബ്ദമായിരിക്കുവാൻ ആവശ്യപ്പട്ടു. തുടർന്നും ആ ശബ്ദം  കേട്ടപ്പോൾ (ശബ്ദം ഞാൻ കേൾക്കുന്നു. എനിക്കു സഹായഹസ്തമാണോ)എന്ന് വിചാരിച്ചു തിരിഞ്ഞു നോക്കി. അപ്പോൾ സംസം വെള്ളത്തിന്റെ ആസ്ഥാനത്തായി ഒരു മലക്കിനെ കാണാനിടയായി. തന്റെ ചിറക് (മറ്റൊരു റിപ്പോർട്ടിൽ കാൽപാദത്തി)നാൽ അവിടെ കുഴിക്കുന്നു. അങ്ങിനെ വെള്ളം ഉറവയെടുക്കാൻ തുടങ്ങി. വെള്ളം തടഞ്ഞു നിർത്താൻ ഹാജറ ഒരു തടയുണ്ടാക്കി. പാനപാത്രം നിറച്ചു.എങ്കിലും വെള്ളം അത് ഒഴുകിക്കൊണ്ടിരുന്നു.

ഇബ്നു അബ്ബാസ് പറഞ്ഞു.നബിﷺപറഞ്ഞു: ഉമ്മു ഇസ്മാഈലിന് അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. അവർ പാനപാത്രത്തിൽ ആ വെള്ളം കോരിയെടുക്കാതെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ അത് കേവലംഒരു അരുവിയായി മാറുമായിരുന്നു.അവൾ കുടിക്കുകയും കുഞ്ഞിന് മുലയൂട്ടുകയും ചെയ്തു. അപ്പോൾ മലക്ക് ഉമ്മു ഇസ്മാഈലിനോട് പറഞ്ഞു. (അത് നഷ്ടപ്പെട്ടു പോകുമെ



ന്ന് ഭയപ്പെടേണ്ട. ഈ കുഞ്ഞും അവന്റെ പിതാവും കൂടി ഉണ്ടാക്കുന്ന അല്ലാഹുവിന്റെ ഭവനം  ഇവിടെയാണ്.അതിന്റെ ആളുകളെ അല്ലാഹു ഒരിക്കലും പാഴാക്കുകയില്ല. ആ ഭവനം അവിടെ ഉയർന്നു നിന്നിരുന്ന ഒരു തടത്തിലായിരുന്നു. വെള്ളപ്പൊക്കമുണ്ടായാൽ അതിന്റെ ചുറ്റിലും വെള്ളമൊലിക്കാറുണ്ടായിരുന്നു.

ജുർഹൂം ഗോത്രത്തിലെ ഒരു യാത്രാസംഘം അതുവഴി വരുന്നവരേയും അതേ അവസ്ഥയിലായിരുന്നു ആ പ്രദേശം.മക്കയുടെ താഴ്ഭാഗത്ത് ആ യാത്രാസംഘം വന്നെത്തി.പക്ഷികൾ ഒരിടത്ത് വട്ടമിട്ടു പറക്കുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടു. അവിടെ വെള്ളത്തിന്റെ സാന്നിദ്ധ്യമുണ്ടായിരിക്കുമെന്ന് അവർ അനുമാനിച്ചു.ഉറപ്പുവരുത്താനായി ഒന്നുരണ്ടു പേരെ അയച്ച് അന്വോഷിച്ചു. ആ സംഘം തിരിച്ചെത്തി വിവരമറിയിച്ചു.അപ്പോൾ അവരെല്ലാവരും ഒരുമിച്ചു അങ്ങോട്ടു തിരിച്ചു. ജലാശയത്തിനടുത്ത് ഉമ്മു ഇസ്മാഈലിനെ കണ്ടപ്പോൾ അവർ അനുവാദം ചോദിച്ചു.

‘‘ഇവിടെ വരുന്നതിന് വിരോധമില്ല, പക്ഷേ ജലാശയത്തിന്റെ അവകാശത്തിൽ നിങ്ങൾക്ക് പങ്കില്ല’’എന്ന് അവർ പറഞ്ഞു. അവർ അത് സമ്മതിച്ചു.

ഇബ്നു അബ്ബാസ് പറയുന്നു. നബിﷺ പറഞ്ഞിരിക്കുന്നു. ഉമ്മു ഇസ്മാഈലും യാത്രാ സംഘവും തമ്മിൽ പരസ്പരം മനസ്സിലാക്കുകയും ഇണങ്ങുകയും ചെയ്തു.മാത്രമല്ല യാത്രക്കാരുടെ ബന്ധുക്കളെയും ആശ്രിതരെയും അവർ മക്കയിലേക്ക് കൊണ്ടു വരികയും ചെയ്തു.അവർ അവിടെ സ്ഥിരവാസം തുടങ്ങി. ഇസ്മാഈൽ വളർന്നു വലുതായി. അറബിഭാഷ പഠിച്ചു.ഇസ്മാഈലിന് യൗവ്വനമെത്തിയപ്പോൾ അവരുടെ കൂട്ടത്തിലുള്ള ഒരു സ്ത്രീയുമായി വിവാഹം നടന്നു. അതിനിടയിൽ ഉമ്മു ഇസ്മാഈൽ മരണപ്പെട്ടിരുന്നു.

ഒരിക്കൽ ഇബ്റാഹീം(അ) വിട്ടേച്ചു പോയ തന്റെ കുടുംബത്തെ തേടി മക്കയിൽ എത്തി.എന്നാൽ ഇസ്മാഈലിനെ കണ്ടില്ല. അവിടെയുണ്ടായിരുന്ന ഭാര്യയോട് കാര്യങ്ങൾ അന്വോഷിച്ചപ്പോൾ ഉപജീവനമാർഗ്ഗം തേടി പുറത്തുപോയതാണെന്ന് മറുപടി ലഭിച്ചു.അവരുടെ ജീവിതത്തെ കുറിച്ച് അന്വോഷിച്ചപ്പോൾ വളരെയധികം ബുദ്ധിമുട്ടിലും പ്രയാസത്തിലുമാണെന്ന മറുപടിയും പറഞ്ഞു.അപ്പോൾ ഇബ്റാഹീം(അ) ഭർത്താവ് വന്നാൽ തന്റെ സലാം പറയണമെന്നും വാതിലിന്റെ ഉമ്മറപ്പടി മാറ്റിവെക്കാൻ കൽപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കണമെന്നും പറഞ്ഞു തിരിച്ചുപോയി.ഇസ്മാഈൽ(അ) മടങ്ങിവന്നപ്പോൾ പതിവിന്നു വിപരീതമായി ഒരു ഇണക്കവും സന്തോഷവും അനുഭവപ്പെട്ടു.

ഇസ്മാഈൽ(അ) ഭാര്യയോട് ः

? ഇവിടെ ആരെങ്കിലും വന്നിരുന്നോ?

ഭാര്യ ः ‘‘അതെ’’

? എന്തു പറഞ്ഞു ?

ഭാര്യः താങ്കളെക്കുറിച്ചന്വോഷിച്ചു അപ്പോൾ കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞു. നമ്മുടെ ജീവിതത്തെക്കുറിച്ചന്വോഷിച്ചപ്പോൾ നമ്മുടെ പ്രയാസത്തെക്കുറിച്ചും ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

? അത് കേട്ടപ്പോൾ അദ്ദേഹം വല്ലതും ഉപദേശിച്ചുവോ?

ഭാര്യ ः നിങ്ങൾക്ക് സലാം പറയുവാനും വാതിലിന്റെ ഉമ്മറപ്പടി മാറ്റി വെക്കാനും ഉപദേശിച്ചിട്ടുണ്ടെന്ന് പറഞ്ഞു.

ഇസ്മാഈൽ(അ) ः അതെന്റെ പിതാവായിരുന്നു. നമ്മുടെ ബന്ധം വേർപിരിയണമെന്നാണദ്ദേഹം കൽപ്പിച്ചിരിക്കുന്നത്. അതിനാൽ നീ കുടുംബത്തിലേക്ക് തിരിച്ചു പോകണമെന്ന് പറഞ്ഞ് വിവാഹ മോചനം നടത്തുകയും പിന്നീട് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തു.



കുറേ കഴിഞ്ഞ ശേഷം ഇബ്റാഹീം(അ) മകനെ അന്വോഷിച്ച് വീണ്ടും വന്നു.പക്ഷേ അപ്പോഴും അദ്ദേഹത്തിന് മകനെ കാണാൻ സാധിച്ചില്ല. അപ്പോൾ ഭാര്യയോട് വിവരങ്ങൾ അന്വോഷിച്ചു. അപ്പോൾ...

ഭാര്യ ः ഉപജീവനം തേടി പുറത്ത് പോയിരിക്കുന്നു.

ഇബ്റാഹീം(അ) ः നിങ്ങളുടെ വിശേഷങ്ങളും ജീവിതവും എങ്ങനെയുണ്ട്?

ഭാര്യ ः ഞങ്ങൾ വളരെ സുഖത്തിലും നൻമയിലുമാണ്, അല്ലാഹുവിന് സ്തുതി.

? ഇബ്റാഹീം(അ) ः നിങ്ങളുടെ ഭക്ഷണം എന്താണ്?

ഭാര്യ ः മാംസം

?ഇബ്റാഹീം(അ) ः പാനീയമോ ?

ഭാര്യ ः വെള്ളം.

ഇബ്റാഹീം(അ) ः അല്ലാഹുവേ ഇവർക്ക് ഇവരുടെ വെള്ളത്തിലും മാംസത്തിലും അനുഗ്രഹം ചൊരിയേണമേ എന്ന് പ്രാർത്ഥിച്ചു.

നബി(സ) പറഞ്ഞു ः അന്ന് അവിടെ ധാന്യം ഉണ്ടായിരുന്നില്ല. അതുണ്ടായിരുന്നെങ്കിൽ അതിലും അനുഗ്രഹം ലഭിക്കാനായി അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു.

ഇബ്റാഹീം(അ) ः ഇവിടെ വരുന്ന ഒരാൾക്കും അത് രണ്ടും ലഭിക്കാതിരിക്കില്ല. നിന്റെ ഭർത്താവ് വന്നാൽ എന്റെ സലാം അറിയിക്കണം. മാത്രമല്ല, വാതിൽപടി വളരെ ഉറപ്പേറിയതിനാൽ അത് നിലനിർത്താൻ പറയുകയും വേണം എന്ന് പറഞ്ഞു.

അങ്ങിനെ ഇസ്മാഈൽ(അ) വന്നപ്പോൾ അദ്ദേഹം ചോദിച്ചു

? ഇവിടെ ആരെങ്കിലും വന്നിരുന്നോ ?

ഭാര്യ ഃ അതെ പ്രായം ചെന്ന ഒരാൾ വരികയും അങ്ങയെക്കുറിച്ചെന്നോട് ചോദിക്കുകയും ചെയ്തു.ഞാൻ വിവരങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം എന്നോട് നമ്മുടെ ജീവിതത്തെ കുറിച്ചു ചോദിച്ചു.നമ്മൾ വളരെയധികം സൗഖ്യത്തിലാണെന്ന് ഞാൻ മറുപടി പറഞ്ഞു

? ഇസ്മാഈൽ ഃ ആഗതൻ വല്ലതും ഉപദേശിച്ചുവോ?
ഭാര്യ ഃ നിങ്ങൾക്ക് സലാം പറയണമെന്നും വാതിൽപടി നല്ലതായതിനാൽ അത് നിലനിർത്തണമെന്നും എന്നോട് പറഞ്ഞു.

ഇസ്മാഈൽ ഃ അതെന്റെ പിതാവായിരുന്നു. ഉമ്മറപ്പടി എന്നത് കൊണ്ടദ്ദേഹം ഉദ്ദേശിച്ചത് നിന്നെയാണ്. നിന്നെ നിലനിർത്താനാണദ്ദേഹം കൽപ്പിച്ചത്.

പിന്നീടൊരിക്കൽ കൂടി ഇബ്റാഹീം ഇസ്മാഈലിന്റെ അടുക്കൽ വന്നു. അദ്ദേഹം സംസമിന്റടുക്കൽ വില്ലിന് മൂർച്ചയുണ്ടാക്കി കൊണ്ടിരിക്കുകയായിരുന്നു.പിതാവിനെ കണ്ട അദ്ദേഹം എഴുന്നേറ്റു വന്ന് പിതാവിന്നെ ആലിംഗനം ചെയ്തു.

ഇബ്റാഹീം ഃ അല്ലാഹു എന്നോട് ഒരുകാര്യം കൽപ്പിച്ചിരിക്കുന്നു.

ഇസ്മാഈൽ ഃ എങ്കിൽ കൽപ്പിച്ച കാര്യം പൂർത്തീകരിക്കുക.

ഇബ്റാഹീം ഃ നീ എന്നെ സഹായിക്കുമോ?

ഇസ്മാഈൽ ഃ തീർച്ചയായും.

ഇബ്റാഹീം ഃ ഇവിടെ ഒരു മന്ദിരം പണിയണം എന്ന് അല്ലാഹു എന്നോട് കൽപ്പിച്ചിരിക്കുന്നു.അപ്പോൾ ഉയർന്നു കാണുന്ന ഒരു സ്ഥലത്തേക്ക് അദ്ദഹം ചൂണ്ടി കാണിക്കുകയുണ്ടായി. അവിടെ അവർ രണ്ടു പേരും കഅ്ബാലയം പണിതുയർത്താൻ



തുടങ്ങി. ഇസ്മാഈൽ കല്ലുകൾ കൊണ്ടുവരികയും ഇബ്റാഹീം പടുത്തുയർത്തുകയും ചെയ്തു. പടവ് ഉയർന്നപ്പോൾ ഒരു കല്ല് കൊണ്ടുവരികയും അതിൻമേൽ കയറി നിന്ന് പടുക്കുകയും ചെയ്തു. അവിടെ വെച്ച് അവർ രണ്ടുപേരും ഇപ്രകാരം പ്രാർത്ഥിച്ചു.

رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ} (سورة البقرة 127 )

(അവർ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു) ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽ നിന്ന് നീ ഇത് സ്വീകരിക്കേണമേ തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു (സൂറത്തുൽ ബഖറ 127)

കഅ്ബ പടുത്തുയർത്തുമ്പോൾ ചുറ്റിലും നടന്ന് അവർ രണ്ടു പേരും ഈ പ്രാർത്ഥന ചൊല്ലികൊണ്ടിരുന്നു.

അല്ലാഹുവിനെ ആരാധിക്കുവാനായി ഭൂമിയിൽ ആദ്യമായിനിർമ്മിച്ച മന്ദിരമായിരുന്നു ഈഭവനം.അല്ലാഹു പറഞ്ഞിരിക്കുന്നു.

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى لِّلْعَالَمِينَ

(തീർച്ചയായും മനുഷ്യർക്കുവേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗ്രഹീതമായും ലോകർക്ക് മാർഗ്ഗദർശകമായും (നിലകൊള്ളുന്നു) (ആലു ഇംറാൻ 96)

عن أبي ذر قال قلت يا رسول الله أي مسجد وضع في الأرض أول ؟ قال المسجد الحرام قال قلت ثم أي ؟ قال ثم المسجد الأقصى . قلت كم كان بينهما ؟ قال أربعون سنة ثم اينما أدركتك الصلاة بعد فصله فإن الفضل فيه /.البخاري

അബൂ ദർറ്﵁വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു. (ഞാൻ ചോദിച്ചു അല്ലാഹുവിന്റെ റസൂലേ ഭൂമിയിൽ ആദ്യമായി ഉണ്ടാക്കിയ പള്ളി ഏതാണ്? അദ്ദേഹം പറഞ്ഞു: മസ്ജിദുൽ ഹറം. ഞാൻ ചോദിച്ചു. പിന്നെ ഏതാണ് ? അദ്ദേഹം പറഞ്ഞു. മസ്ജിദുൽ അഖ്സാ. അത് രണ്ടിനുമിടയിൽ എത്ര കലമുണ്ടായിരുന്നു എന്ന് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു നാൽപതു വർഷം. അതിൽ വെച്ച് നമസ്കാര സമയമായാൽ നീ നമസ്കരിക്കുക അത് ശ്രേഷ്ഠമാണ്.) (ബുഖാരി. കിത്താബുൽ അൻബിയാ)

അതിൽ ധാരാളം മഹത്വമുണ്ടെന്നും അത് ഇബ്റാഹീം നബി﵇യുടെ കൈകളാൽ പടുത്തുയർത്തിയതാണെന്നും വ്യക്തമാക്കുന്ന ധാരാളം തെളിവുകൾ ഖുർആനിലുണ്ട്. അല്ലാഹു പറഞ്ഞിരിക്കുന്നു.

فِيهِ آيَاتٌ بَيِّنَاتٌ مَّقَامُ إِبْرَاهِيمَ وَمَن دَخَلَهُ كَانَ آمِنًا وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً وَمَن كَفَرَ فَإِنَّ الله غَنِيٌّ عَنِ الْعَالَمِينَ { (سورة آل عمران:97)

(അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ (വിശിഷ്യാ) ഇബ്റാഹീം നിന്ന സ്ഥലം ഉണ്ട്. ആർ അവിടെ പ്രവേശിക്കുന്നുവോ അവൻ നിർഭയനായിരിക്കുന്നതാണ്. ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യൻ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവിനോടുള്ള ബാദ്ധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇല്ലാത്തവനാകുന്നു) (ആലു ഇംറാൻ 97)

(മഖാമു ഇബ്രാഹീം എന്നത് തന്നെയാണ് വ്യക്തമായ ദൃഷ്ടാന്തം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്) (തഫ്സീർ ത്വബ്രി)



## വിശുദ്ധ ഹറമിന്റെ പവിത്രത

### മക്കയുടെ പവിത്രത

ആകാശ ഭൂമികളെ സൃഷ്ടിച്ച മുതൽ ഈ പ്രദേശത്തെ അല്ലാഹു പ്രത്യേകം തെരെഞ്ഞെടുക്കുകയും പവിത്രമാക്കുകയും ചെയ്തരിക്കുന്നു. ഒരു വചനം കാണുക.

إِنَّمَا أُمِرْتُ أَنْ أَعْبُدَ رَبَّ هَذِهِ الْبَلْدَةِ الَّذِي حَرَّمَهَا وَلَهُ كُلُّ شَيْءٍ وَأُمِرْتُ أَنْ أَكُونَ مِنَ الْمُسْلِمِينَ} (سورة النمل:91)

(നീ പറയുക ഈ രാജ്യത്തെ പവിത്രമാക്കിത്തീർത്ത ഇതിന്റെ രക്ഷിതാവിനെ ആരാധിക്കുവാൻ മാത്രമാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്.എല്ലാ വസ്തുവും അവന്റെതത്രെ.ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കണമെന്നും കൽപിക്കപ്പെട്ടിരിക്കുന്നു) നംല് :91

നബിﷺ ഇത് സൂചിപ്പിച്ചിട്ടുമുണ്ട്.

عن ابن عباس قال قال رسول الله صلى الله عليه وسلم يوم فتح مكة إن هذا البلد حرمه الله يوم خلق السموات والأرض فهو حرام بحرمة الله إلى يوم القيامة

ഇബ്നുഅബ്ബാസ്﵁വിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം.മക്കാ വിജയദിവസം നബിﷺ പറഞ്ഞു.(ആകാശ ഭൂമികളെ സൃഷ്ടിച്ചമുതൽ ഈ നാട് അല്ലാഹു പവിത്രമാക്കിയിരിക്കുന്നു. അന്ത്യനാൾ വരേക്കും അത് പവിത്രമായി തന്നെനിലനിൽക്കുകയും ചെയ്യും.) മുസ്ലിം 2/986

മക്ക പവിത്രമാണെന്ന് ഇബ്റാഹീം﵇യും പ്രഖ്യാപിച്ചിട്ടുണ്ട്. കഅബാലയം പണിതുർത്തിയ ശേഷം അത് പരിശുദ്ധമാക്കുകയും ഹജ്ജ് ചെയ്യാനായി അദ്ദേഹം ജനങ്ങളോട് വിളംബരം നടത്തുകയും ചെയ്തു.

അബ്ദുള്ള ഇബ്നു സൈദ്ബ്നു ആസ്വിംﷺവിൽ നിന്ന് നിവേദനം. നബിﷺവിൽ നിന്ന് ഉദ്ധരിക്കുന്നു.

إن إبراهيم حرم مكة ودعا لها وحرمت المدينة كما حرم إبراهيم مكة ودعوت لها في مدها وصاعها مثل ما دعا إبراهيم لمكة .

(നിശ്ചയം ഇബ്റാഹീംﷺ മക്കയെ പവിത്രമായി പ്രഖ്യാപിക്കുകയും അതിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരിക്കുന്നു. ഇബ്റാഹീംﷺ മക്കയെ പവിത്രമാക്കിയത് പോലെ ഞാൻ മദീനയെ പവിത്രമാക്കിയിരിക്കുന്നു. ഇബ്റാഹീം നബിﷺ പ്രാർത്ഥിച്ചപോലെ മദീനക്ക് വേണ്ടി അതിന്റെ മുദ്ദിലും സ്വാഇലും അനുഗ്രഹം ചൊരിയട്ടെ എന്ന് ഞാനും പ്രാർത്ഥിക്കുന്നു) ബുഖാരി 4 / 346

(ആകാശ ഭൂമികളെ സൃഷ്ടിച്ച മുതൽ മക്ക പവിത്രമാകുന്നു) എന്ന പ്രസ്താവനയും ഇതും തമ്മിൽ വൈരുദ്ധ്യമായി കണ്ടു കൂടാ. കാരണം ഇബ്റാഹീംﷺ മക്ക പവിത്രമായി പ്രഖ്യാപിച്ചിരിക്കുന്നുവെന്ന ആശയമുള്ള ഹദീസ് പരാമർശിച്ച ശേഷം ഹാഫിള് ഇബ്നു കസീർ പറയുന്നതിപ്രകാരമാണ്.ഈ രണ്ട് പ്രസ്താവനകളിലുമുള്ള ആശയങ്ങൾ പരസ്പരം വൈരുദ്ധ്യമുള്ളതായി മനസ്സിലാക്കിക്കൂടാ. കാരണം, ആ പ്രദേശം അല്ലാഹു പവിത്രമായി കണക്കാക്കിയിട്ടുണ്ടെന്ന വസ്തുത ജനങ്ങളോട് പ്രഖ്യാപിക്കുന്നതും ഇബ്റാഹീംﷺ കഅ്ബ പണിതുയർത്തുന്നതിനു മുമ്പും ആ പ്രദേശം പവിത്രം തന്നെയായിരുന്നെന്ന വസ്തുത നമ്മെ പഠിപ്പിക്കുകയുമാണ് ചെയ്യുന്നത്.

കഅ്ബാ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇബ്രാഹീംﷺയും ഇസ്മാഈൽﷺയും കൂടി നടത്തിയ പ്രാർത്ഥനയെ കുറിച്ചു അല്ലാഹു പറഞ്ഞിരിക്കുന്നു.



وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ} (سورة البقرة:127)

(ഇബ്റാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിന്റെ (കഅ്ബയുടെ) അടിത്തറ കെട്ടി ഉയർത്തി കൊണ്ടിരുന്ന സന്ദർഭവും(അനുസ്മരിക്കുക)(അവർ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു) ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽനിന്ന് നീ ഇത് സ്വീകരിക്കേണമേ.തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു) (സൂറത്തുൽ ബഖറ 127)

അപ്രകാരം തന്നെ കഅ്ബാലയത്തിന്റെ സംസ്കരണത്തെയും ജനങ്ങളോട് അവിടെ ചെന്ന് ഹജ്ജ് ചെയ്യാൻ വിളംബരം ചെയ്തതുമായ കാര്യവും ഖുർആനിൽ കാണാം.

وَإِذْ بَوَّأْنَا لِإِبْرَاهِيمَ مَكَانَ الْبَيْتِ أَن لَّا تُشْرِكْ بِي شَيْئًا وَطَهِّرْ بَيْتِيَ لِلطَّائِفِينَ وَالْقَائِمِينَ وَالرُّكَّعِ السُّجُودِ وَأَذِّن فِي النَّاسِ بِالْحَجِّ يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ ( سورة الحج :26,27)

ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപെടുത്തി കൊടുത്ത സന്ദർഭം(ശ്രദ്ധേയമത്രെ) യാതൊരു വസ്തുവെയും എന്നോട് നീ പങ്ക് ചേർക്കരുത് എന്നും ത്വവാഫ്(പ്രദക്ഷിണം) ചെയ്യുന്നവർക്കു വേണ്ടിയും നിന്നും കുനിഞ്ഞും സാംഷ്ടാംഗത്തിലായികൊണ്ടും പ്രാർത്ഥിക്കുന്നവർക്കു വേണ്ടിയും എന്റെ ഭവനം നീ ശുദ്ധമാക്കി വെക്കണം എന്നും (നാം അദ്ദേഹത്തോടു നിർദ്ദേശിച്ചു)

(നാം അദ്ദേഹത്തോട് പറഞ്ഞു) ജനങ്ങൾക്കിടയിൽ നീ തീർത്ഥാടനത്തെ പറ്റി വിളംബരം നടത്തുക. നടന്നു കൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാ വിധ മെലി

ഞ്ഞ ഒട്ടകങ്ങളുടെ പുറത്തു കയറിയും അവർ നിന്റെയടുക്കൽ വന്ന് കൊള്ളും) (സൂറത്തുൽ ഹജ്ജ് 26, 27)

ബഹുദൈവ വിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും ജാഹിലിയ്യാ ആചാരങ്ങളുടെയും പിടിയിൽ നിന്നും ശുദ്ധീകരിക്കുന്നതിനായി കേവല മണിക്കൂർ മാത്രം ഹറം ഷരീഫ് അനുവദിക്കപ്പെടുകയും പിന്നീട് അന്ത്യ നാൾ വരെയും അതിന്റെ പവിത്രത അലംഘനീയമായിരിക്കുമെന്ന് നബിﷺപ്രഖ്യാപിക്കുകയും ചെയ്തത് അതിന്റെ മഹത്വത്തെ ശക്തിപ്പെടുത്തുന്നു.

മക്കയുടെ സ്ഥാനവും അതിന്റെ പവിത്രതയും എന്നും നില നിൽക്കുന്നതുമാണ്.അബൂ ഹുറൈറؓവിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം. നബിﷺ പറഞ്ഞു.

إن الله حبس عن مكة الفيل وسلط عليها رسوله والمؤمنين   وإنها لم تحل لأحد كان قبلي وإنها أحلت لي ساعة من نهار وإنها لن تحل لأحد بعدي .

നിശ്ചയം കഅ്ബാലയത്തിൽ നിന്നും ആനപ്പടയെ അല്ലാഹു തടുത്തു നിർത്തുകയുണ്ടായി . പ്രവാചകനും വിശ്വാസികൾക്കും അതിന്റെ ആധിപത്യം നൽകുകയും ചെയ്തു. എന്റെ മുമ്പുള്ള ഒരാൾക്കും അത് അനുവദിക്കപ്പെട്ടിട്ടില്ല. പകലിൽ ഒരു മണിക്കൂർ മാത്രമാണ് എനിക്ക്തന്നെ അനുവദിക്കപ്പെട്ടിട്ടുള്ളത്.എന്റ ശേഷം ഒരാൾക്കും അത് അനുവദിക്കപ്പെടുകയുമില്ല)ബുഖാരി:1205 മുസ്ലിം 2 /988

മക്കയുടെ പവിത്രത അന്ത്യനാൾ വരെ നിലനിൽക്കുമെന്ന് ഈ വചനം പഠിപ്പിക്കുന്നു. ആ പവിത്രതയും അതിന്റെ വിശിഷ്ഠ മഹത്വവും മസ്ജിദുൽ ഹറാമിനും അതിനോടനുബന്ധിച്ചുള്ള സ്ഥലങ്ങൾക്കും ഉണ്ടായിരിക്കുന്നതാണ്.



## ആ നാടിന്റെ പേരിലുള്ള അല്ലാഹുവിന്റെ ശപഥം

വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി ആ പവിത്ര നാടിന്റെ പേരിലായി അല്ലാഹു ശപഥം ചെയ്തതായി കാ ണാം. അവയെല്ലാം സൂചിപ്പിക്കുന്നത് മക്കാ പ്രദേശത്തിന്റെ മഹത്വവും അതിന്റെ ഗാംഭീര്യവും ഉന്നതിയും അല്ലാഹുവിന്റെയടുക്കൽ വളരെയധികം വലുതാകുന്നു എന്നുമാണ്.

ഒരിടത്ത് അല്ലാഹു പറയുന്നു

وَالتِّينِ وَالزَّيْتُونِ }وَطُورِ سِينِينَ} وَهَذَا الْبَلَدِ الْأَمِينِ}سورة التين1,2,3 )

(അത്തിയും ഒലീവും സീനാ പർവ്വതവും നിർഭയത്വമുള്ള ഈ രാജ്യവും തന്നെയാണ് സത്യം) (സൂറത്തു ത്തീൻ 1,2,3)

ഈ സത്യ വചനങ്ങളിൽ അല്ലാഹു പ്രയോഗിച്ച പദങ്ങളെ കുറിച്ച് പരിശേധിച്ചാലും എത്ര മഹത്വരമാണെന്ന് നമുക്ക് മനസ്സിലാക്കാം. തൊട്ടു സമീപത്തുള്ളതിനെ സൂചിപ്പിക്കുന്ന സൂചനാ വാക്യം,(وَهَذَا) എന്ന പ്രയോഗം തന്നെ ആ പ്രദേശം അല്ലാഹുവിൻെറയടുക്കൽ വളരെസമീപത്തുള്ളതായിട്ടാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല പിന്നീട് മക്കക്ക് നൽകുന്ന വിശേഷണവും ശ്രദ്ധേയമാണ് (അമീൻ) നിർഭയരാജ്യം ഏറ്റവുമധികം അർത്ഥത്തെ അന്വർത്ഥമാക്കുന്ന ക്രിയാധാതുവിന്റെ രൂപത്തിലും ഉപയോഗിച്ചിരിക്കുന്നു)

മറ്റൊരു സത്യ വാചകം ഇപ്രകാരമാണ്.

لَا أُقْسِمُ بِهَذَا الْبَلَدِ وَأَنتَ حِلٌّ بِهَذَا الْبَلَدِ} سورة البلد:1,2

(ഈ രാജ്യത്തെ(മക്കയെ)കൊണ്ട് ഞാൻസത്യം ചെയ്തു പറയുന്നു.നീയാകട്ടെ ഈരാജ്യത്തെ നിവാസിയാണ് താനും)ബലദ് 1,2

ഇവിടെയും هَذَا എന്ന പ്രയോഗം തന്നെ കാണാവുന്നതാണ്

## ഇബ്റാഹീം നബിയുടെ പ്രാർത്ഥന

പത്നി ഹാജറയെയും പുത്രൻ ഇസ്മാഈലിനെയും മക്കയിൽ താമസിപ്പിച്ച ശേഷം ഇബ്റാഹീം ﷺ അവർക്കു വേണ്ടി നടത്തിയ പ്രാർത്ഥന അല്ലാഹുതന്നെ നമുക്ക് പഠിപ്പിക്കുന്നു. അതിൽ മക്ക നിർഭയത്വമുള്ള പ്രദേശവും തന്റെ സന്തതികളെ വിഗ്രഹാരാധനയിൽ നിന്ന് മുക്തവും മക്കാരാജ്യത്തെ സർവ്വ മുസ്ലീംകളുടെയും ആഘർഷണീയ കേന്ദ്രവും ആക്കി മാറ്റാനായിരുന്നു അദ്ദേഹം പ്രാർത്ഥിച്ചിരുന്നത്.മക്കാ നിവാസികൾക്ക് ഫലവർഗ്ഗങ്ങൾ ലഭ്യമാക്കുവാനും അവർക്ക് പ്രവാചകൻമാരെ നിയോഗിച്ച് അവരെ സംസ്കരിക്കുവാനും അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

ഖലീൽ ഇബ്റാഹീം ﷺ യുടെ ഈ മഹത്തായ പ്രാർത്ഥന അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ നമ്മെ പഠിപ്പിക്കുന്നു

**وَإِذْ قَالَ إِبْرَاهِيمُ رَبِّ اجْعَلْ هَذَا الْبَلَدَ آمِنًا وَاجْنُبْنِي وَبَنِيَّ أَن نَّعْبُدَ الأَصْنَامَ} رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ النَّاسِ فَمَن تَبِعَنِي فَإِنَّهُ مِنِّي وَمَنْ عَصَانِي فَإِنَّكَ غَفُورٌ رَّحِيمٌ} رَّبَّنَا إِنِّي أَسْكَنتُ مِن ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِندَ بَيْتِكَ الْمُحَرَّمِ رَبَّنَا لِيُقِيمُواْ الصَّلاَةَ فَاجْعَلْ أَفْئِدَةً مِّنَ النَّاسِ تَهْوِي إِلَيْهِمْ وَارْزُقْهُم مِّنَ الثَّمَرَاتِ لَعَلَّهُمْ يَشْكُرُونَ} (سورة إبراهيم:35-37)**

ഇബ്റാഹീം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു) എന്റെ രക്ഷിതാവേ നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും എന്നെയും എന്റെ മക്കളെയും വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ. എന്റെ രക്ഷിതാവേ തീർച്ചയായും അവ(വിഗ്രഹങ്ങൾ) മനുഷ്യരിൽ നിന്ന് വളരെ പേരെ പിഴപ്പിച്ചു കളഞ്ഞിരിക്കുന്നു.അതിനാൽ എന്നെ ആർ പിന്തുടരുന്നുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനാകുന്നു. ആരെങ്കിലും എന്നോട് അനുസരണകേട് കാണിക്കുന്ന പക്ഷം തീർച്ചയായും നീ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണല്ലോ ഞങ്ങളുടെ രക്ഷിതാവേ എന്റെ സന്തതികളിൽ നിന്ന്(ചിലരെ) കൃഷിയൊന്നുമില്ലാത്ത ഒരു താഴ്വരയിൽ നിന്റെ പവിത്രമായ ഭവനത്തിന്റ(കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു ഞങ്ങളുടെ രക്ഷിതാവേ അവർ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കാൻ വേണ്ടിയാണ് (അങ്ങിനെ ചെയ്തത്) അതിനാൽ മനുഷ്യരിൽ ചിലരുടെ മനസുകളെ നീ അവരോട് ചായവുള്ളതാക്കുകയും അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ അവർ നന്ദി കാണിച്ചെന്നു വരാം)സൂറത്തു ഇബ്റാഹീം 35,36,37

**رَبَّنَا وَابْعَثْ فِيهِمْ رَسُولاً مِّنْهُمْ يَتْلُو عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَيُزَكِّيهِمْ إِنَّكَ أَنتَ العَزِيزُ الحَكِيمُ} (سورة البقرة :129)**

ഞങ്ങളുടെ രക്ഷിതാവേ അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്)നിന്റെ ദൃഷ്ടാന്തങ്ങൾ ഓതി കേൾപ്പിച്ചു കൊടുക്കുകയും വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ, തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു) സൂറത്തു ബഖറ 129

അനുഗ്രഹീതമായ ഈ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകി. കൃഷിയെയോ ഫലവർഗ്ഗങ്ങളോ ഇല്ലാതിരുന്ന ആ താഴ്വരയിലേക്ക് എല്ലാ പ്രദേശങ്ങളിൽനിന്നും പഴ വർഗ്ഗങ്ങൾ എത്തിച്ചേർന്നുകൊണ്ടിരുന്നു. ഉഷ്ണകാല പഴവർഗ്ഗങ്ങൾ ശൈത്യ കാലങ്ങളിലും മറിച്ചും അത് ലഭിച്ചു കൊണ്ടിരുന്നു. അല്ലാഹുവിനാണ് സർവ്വ സ്തുതിയും.

ഇത് അല്ലാഹുവിന്റെ മഹത്തായ ഒരു അനുഗ്രഹമാണെന്നും അത് സ്മരിക്കണമെന്നും അല്ലാഹു ഉണർത്തുന്നുണ്ട്. മാത്രമല്ല അവന്റെ മന്ദിരത്തിൽ അധർമ്മം പ്രവർത്തിക്കുന്നത് വളരെയധികം സൂക്ഷിക്കണം എന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. പ്രസ്തുത സൂക്തം കാണുക.

أَوَلَمْ نُمَكِّن لَّهُمْ حَرَمًا آمِنًا يُجْبَى إِلَيْهِ ثَمَرَاتُ كُلِّ شَيْءٍ رِزْقًا مِن لَّدُنَّا وَلَكِنَّ أَكْثَرَهُمْ لَا يَعْلَمُونَ} (سورة القصص:57)

(നിർഭയമായ ഒരു പവിത്ര സങ്കേതം നാം അവർക്കു അധീനപ്പെടുത്തി കൊടുത്തിട്ടില്ലേ? എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ചു കൊണ്ടു വരപ്പെടുന്നു. നമ്മുടെ പക്കൽ നിന്നുള്ള ഉപജീവനമത്രെ അത്. പക്ഷേ അവരിൽ അധിക പേരും(കാര്യം) മനസിലാക്കുന്നില്ല) (സൂറത്തുൽ ഖസ്വസ് 57)

അതുപോലെതന്നെ ഇബ്റാഹീം നബിﷺയുടെ മറ്റൊരു പ്രാർത്ഥന മുസ്ലീംകളുടെ മനസ്സുകൾ മക്കായിലേക്ക് ആകർഷിക്കാനുള്ളതായിരുന്നു. ഈ പ്രാർത്ഥനയും അല്ലാഹു സ്വീകരിച്ചു. മക്കായിലെ കഅ്ബാലയം കാണാൻ കൊതിക്കാത്ത മുസ്ലീം മനസ്സുകളില്ല.അങ്ങോട്ടു വരണമെന്ന് ആഗ്രഹിക്കാത്ത വിശ്വാസികളില്ല.എത്ര കണ്ടാലും അവിടേക്ക് തന്നെ വരണമെന്നാഗ്രഹിക്കാത്ത വരില്ല.വീണ്ടും വീണ്ടും മടങ്ങി വരണമെന്ന പ്രത്യാശയോടെയല്ലാതെ ആ മന്ദിരത്തിൽ നിന്നാരും മടങ്ങാറില്ല.

ഇബ്നു അബ്ബാസ്ﷺപറഞ്ഞു. സഈദ് ബ്നു ജുബൈർﷺയിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ (മനുഷ്യരിൽ നിന്ന്) എന്ന് പറഞ്ഞതിന്റെ താൽപര്യം മുസ്ലീംകൾ മാത്രമാകുന്നു(മനുഷ്യ മനസ്സുകൾ എന്ന്)പൊതുവെ പറഞ്ഞതായിരുന്നെങ്കിൽ മറ്റുള്ളവരും കൃസ്ത്യാനികളും യഹൂദികളും



പേർഷ്യക്കാരും റോമക്കാരും എല്ലാം അതിൽ ഉൾപ്പെടുമായിരുന്നു. സമുദായത്തിന് പ്രവാചകൻമാരെ ലഭിക്കണമെന്ന ഇബ്റാഹീം നബിയുടെ പ്രാർത്ഥന അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള തീരുമാനത്തിന് ഒത്തു വരികയും ചെയ്തു. ആ കാര്യം നബിﷺ തന്റെ വചനങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു. അർബാള് ഇബ്നു സാരിയ്യയിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ അദ്ദേഹം പറഞ്ഞു നബിﷺ പറഞ്ഞിരിക്കുന്നു.

അല്ലാഹുവിന്റെയടുക്കൽ പ്രവാചകൻമാരിൽ അവസാനത്തെയാൾ ഞാൻ തന്നെയാകുന്നു.ഞാൻ ഇബ്റാഹീം നബിയുടെ പ്രാർത്ഥനക്കുള്ള പ്രത്യുത്തരമായും ഈസാﷺയുടെ സുവിശേഷമായും എന്റെ മാതാവിന്റെ സ്വപ്നത്തിന്റെ സാക്ഷാൽക്കാരമായും നിയുക്തനായവനെത്രെ) ഇബ്നു കസീർ 1/173

## അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട പ്രദേശം മക്ക

അല്ലാഹുവിനും അവന്റെ പ്രവാചകനും ഏറ്റവും ഇഷ്ടപ്പെട്ട പ്രദേശവും ശ്രേഷ്ഠമായ നാടും ഹറം ശരീഫുൾ കൊള്ളുന്ന നാടാകുന്നു എന്നത് സുസ്ഥിരമായ തെളിവുകളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. നബിﷺ മക്കയെ കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ما أطيبك من بلد و ما أحبك إلي ولولا أن قومك أخرجوني ما سكنت غيرك

(നീയാണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടതും വിശിഷ്ഠവും. ഇവിടുത്തെ ജനങ്ങൾ എന്നെ പുറത്താക്കിയിട്ടില്ലായിരുന്നെങ്കിൽ ഞാൻ മറ്റെവിടെയും താമസിക്കുമായിരുന്നില്ല) തിർമുദി, 3920 ഇബ്നു ഹിബ്ബാൻ 3709 ഹാകിം 1/ 486

അബ്ദുല്ല ഇബ്നു അദിയ്യ് ഇബ്നു ഹംറായിൽ നിന്നു നിവേദനം, അദ്ദേഹം പറഞ്ഞു.മക്കായിലെ ഒരു കുന്നിൻ പ്രദേശമായ ഖസുറയിൽ കയറിനിന്നു കൊണ്ടു പ്രവാചകൻ പറഞ്ഞു)

إنك لخير أرض الله وأحب أرض الله إلى الله ولولا أني أخرجت منك ما خرجت

(നിശ്ചയം നീ അല്ലാഹുവിന്റെ ഭൂമിയിൽ ഏറ്റവും ശ്രേഷ്ഠമായ ഭൂമിയത്രെ. അല്ലാഹുവിന് ഏറ്റവും ഇഷ്ട്ടപ്പെട്ട ഭൂമിയും നീ തന്നെയാണ്.എന്നെ ഇവിടെ നിന്ന് പുറത്താക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ ഒരിക്കലും ഇവിടെ നിന്ന് പുറത്തു പേകുമായിരുന്നില്ല) (തിർമുദി 3925, നസാഇൗ 4239,4238. ഇബ്നുമാജ 3108, ഹാകിം 783, 431)

**ദജ്ജാൽ പ്രവേശിക്കാത്ത നാട്**

നിർഭയ രാജ്യം എന്ന് വിശേഷപ്പിക്കപ്പെട്ട മക്കയെയും മദീനയെയും ദജ്ജാലിന്റെ വിപത്തിൽ നിന്നും അല്ലാഹു സുരക്ഷയേകിയിരിക്കുന്നു. അതിനായി മലക്കുകളെ അല്ലാഹു കാവൽ ഭടൻമാരായി നിയോഗിച്ചിരിക്കുന്നു. അതിനാൽ തന്നെ ദജ്ജാലിനു മക്കയിലേക്കും മദീനയിലേക്കും പ്രവേശിക്കുക സാധ്യമല്ല.

അനസ്ﷺവിൽ നിന്നും റിപ്പോർട്ടു ചെയ്ത ഒരു ഹദീസിൽ ഈ കാര്യം നബിﷺ ഉണർത്തിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞു.

ليس من بلد إلا سيطؤه الدجال إلا مكة والمدينة وليس من نقابها نقب إلا عليه الملائكة صافين يحرسونها ثم ترجف المدينة بأهلها ثلاث رجفات فيخرج الله كل كافر ومنافق .

(മക്കയും മദീനയും ഒഴികെ മറ്റൊരു നാട്ടിലും ദജ്ജാൽ പ്രവേശിക്കാതിരിക്കുകയില്ല,അവിടെ പ്രവേശിക്കുന്നതിൽ നിന്നും തടയാനായി അതിന്റെ കവാടങ്ങളിൽ അല്ലാഹു മലക്കുകളെ കാവൽ



ൽ നിർത്തിയിരിക്കുന്നു. പിന്നീട് മദീനയിൽ മൂന്ന് ഭൂചലനങ്ങൾ ഉണ്ടായിരിക്കും, അതോടുകൂടി സർവ്വ സത്യ നിഷേധികളെയും കപടൻമാരേയും അല്ലാഹു പുറത്താക്കുന്നതായിരിക്കും)(ബുഖാരി 4/95)

തമീമുദ്ദാരിയിൽനിന്നും റിപ്പോർട്ടു ചെയ്യുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം. മസീഹു ദ്ദജ്ജാലിനെ കുറിച്ചു പരാമർശിക്കവെ അദ്ദേഹത്തിന്റെ വചനമായി മുസ്ലിം ഉദ്ധരിക്കുന്നു. അപ്രകാരം എനിക്ക് പുറപ്പെടാനുള്ള അനുവാദം ലഭിക്കും.അപ്പോൾ ഞാൻ പുറപ്പെടുകയും ചെയ്യും. പിന്നീട് പ്രത്യേകം തടയപ്പെട്ട മക്കയും മദീനയും അല്ലാത്ത മറ്റു മുഴുവൻ പ്രദേശങ്ങളിലും നാൽപതു രാപകലുകളിലായി ഞാൻ പ്രവേശിക്കും. മക്കയിലും മദീനയിലും പ്രവേശിക്കാനായി ഞാൻ ഉദ്ദേശിക്കുമ്പോഴെല്ലാം കൈയ്യിൽ വാളേന്തിയ മലക്ക് എന്നെ പ്രതിരോധിക്കും. അപ്രകാരം ഞാൻ പ്രവേശിക്കുന്നത് തടയാനായി എല്ലാ സ്ഥലങ്ങളിലും മലക്കുകൾ കാവൽക്കാരായി ഉണ്ടാവും) മുസ്ലിം 4 / 2261

**വിശ്വാസത്തിന്റെ സങ്കേതം**

ഇബ്നു ഉമറിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നബിﷺ പറഞ്ഞു

إن الإسلام بدأ غريبا وسيعود غريبا كما بدأ وهو يأرز بين المسجدين كما تأرز الحية في جحرها .

(ആരാരും സഹായിക്കാനില്ലാത്ത അപരിചിതാവസ്ഥയിലാണ് ഇസ്ലാം ആരംഭിച്ചത്.അതേ അവസ്ഥയിലേക്ക് തന്നെ അത് തിരിച്ചു പോവുകയും ചെയ്യും. അപ്പോൾ പാമ്പ് മാളത്തിലേക്ക് വലിയുന്നത് പോലെ അത് രണ്ട് പള്ളികൾക്കിടയിലേക്ക് ചുരുണ്ട് കൂടുന്നതായിരിക്കും)

ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് മക്കയിലേയും മദീനയിലേയും പള്ളികളാണെന്നാണ് ഇമാം നവവി പറഞ്ഞിട്ടുള്ളത്. (ശറഹ് മുസ്ലിം 2 /177)

## മസ്ജിദുൽ ഹറമിലെ നമസ്കാരത്തിന്റെ മഹത്വം

അല്ലാഹുവിനെ ആരാധിക്കുവാൻ ആദ്യമായി ഉണ്ടാക്കിയ പള്ളിയുടെ മഹത്വം കാരണത്താൽ അവിടെ നമസ്കാരം നിർവ്വഹിക്കുന്നവർക്കും അല്ലാഹു ആദരവ് നൽകിയിരിക്കുന്നു.ആ നമസ്കാരങ്ങൾക്ക് എത്രയോ ഇരട്ടി പ്രതിഫലം നൽകുന്നതാണ്.പരമകാരുണികനായ അല്ലാഹു തന്റെ ദാസൻമാർക്ക് നൽകിയ മഹത്തായ ഔദാര്യമാണത്. സർവ്വനാടുകളുടെയും കേന്ദ്രമായ മക്കയിൽ, പുരാതന മന്ദിരമായ കഅ്ബാലയത്തിന്റെ ചാരത്ത് പുണ്യങ്ങൾ കൊയ്തെടുക്കുവാൻ അവസരം ലഭിച്ചിട്ടും നിർബന്ധ അനുഷ്ഠാനമായ നമസ്കാരത്തിൽ നിന്നുപോലും പിന്തി നിൽക്കുന്നവരേ, നിങ്ങൾക്കു നഷ്ടം.!

**നിങ്ങൾ ദുഖിതരാവാതിരിക്കുമോ? !**

അബൂ ഹുറൈറ(റ)വിൽ നിന്നും നിവേദനം. നിശ്ചയം നബി ﷺ പറഞ്ഞു.

صلاة في مسجدي هذا خير من ألف صلاة فيما سواه إلا المسجد الحرام

(എന്റെ ഈ പള്ളിയിൽവെച്ചു നമസ്ക്കരിക്കൽ മസ്ജിദുൽ ഹറമല്ലാത്ത മറ്റുപള്ളികളിൽ വെച്ച് ആയിരം നമസ്കാരം നിർവ്വഹിക്കുന്നതിനു തുല്യമാണ്) ബുഖാരി 3/63 മുസ്ലിം 2/ 10,12

صلاة في مسجدي أفضل من ألف صلاة فيما سواه إلا المسجد الحرام وصلاة في المسجد الحرام أفضل من مائة ألف صلاة فيما سواه .



ജാബിർ(റ)വിൽ നിന്നും നിവേദനം.നബിﷺപറഞ്ഞു.(എന്റെ ഈ പള്ളികളിൽ വെച്ചു നമസ്ക്കരിക്കൽ മസ്ജിദുൽ ഹറമല്ലാത്ത മറ്റു പള്ളികളിൽ വെച്ച് ആയിരം നമസ്കാരം നിർവ്വഹിക്കുന്നതിനു തുല്യമാണ്. എന്നാൽ മസ്ജിദുൽ ഹറമിൽ വെച്ചുള്ള നമസ്കാരം മറ്റു പള്ളികളിൽവെച്ച് ഒരു ലക്ഷം നമസ്കാരം നിർവ്വഹിക്കുന്നതിന് തുല്യമാണ്) അഹ്മദ് 3/ 343 ഇബ്നു മാജ 1 /451

ഇത്രയും മഹത്വവും ശ്രേഷ്ഠതയും ലഭിക്കാൻ കഅ്ബാലയത്തിനു ചുറ്റുമുള്ള പള്ളികളിൽതന്നെ നമസ്ക്കരിക്കേണ്ടതുണ്ടോ അതല്ല, ഹറമിന്റെ പരിധിക്കുള്ളിൽ എവിടെ വെച്ച് നമസ്ക്കരിച്ചാലും ആ പ്രതിഫലം ലഭിക്കുമോ എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ചിലർ ആ പ്രതിഫലം പള്ളികളിൽ നമസ്ക്കരിക്കുന്നവർക്കു മാത്രമേ ലഭിക്കൂഎന്നും മറ്റുചിലർ ഹറമിന്റെ പരിധിയിൽ എവിടെ വെച്ച് നമസ്ക്കരിച്ചാലും ലഭിക്കും എന്നും അഭിപ്രായപ്പെടുന്നു.

ഹറമിന്റ പരിധിയിൽ എവിടെ വെച്ച് നമസ്കരിച്ചാലും ഈ പ്രതിഫലം ലഭിക്കുമെന്ന അഭിപ്രായത്തിനാണ് അധിക പണ്ഡിതൻമാരും മുൻഗണന നൽകിയിട്ടുള്ളത്.പ്രസിദ്ധ താബിഈ പണ്ഡിതനും മക്കയിലെ ഇമാമുമായിരുന്ന അത്വാഅ് ഇബ്നു അബൂ റബാഉൽ മക്കിയോട് റബീഅ് ഇബ്നു സുഹൈബ് ഈ വിഷയത്തെ കുറിച്ച് ചോദിക്കുകയുണ്ടായി.

**ചോദ്യം**

മസ്ജിദുൽ ഹറമിൽ ചെയ്യുന്ന നമസ്കാരത്തിന്റെ ശ്രേഷ്ഠത ഹറമിന്റെ പരിധിയിൽ എവിടെവെച്ച് നമസ്കരിച്ചാലും ലഭിക്കുമോ? അതല്ല, പള്ളിയിൽ തന്നെ നമസ്ക്കരിക്കേണ്ടതുണ്ടോ ?

**ഉത്തരം**

ഹറം മുഴുവൻ പള്ളിയാണെന്നതിനാൽ ആ പരിധിയിൽ എവിടെ വെച്ച് നമസ്കരിച്ചാലും ആ പ്രതിഫലവും ലഭിക്കുന്നതാണ് (മുസ്നദ് ത്വയാലിസി)

ഈ അഭിപ്രായം തന്നെയാണ് പ്രസിദ്ധ പണ്ഢിതൻ ഇബ്നുൽ ഖയ്യിമിനുമുള്ളത്.ഭൂരിപക്ഷം പണ്ഢിതൻമാരും ഇബ്നു ബാസിനെ പോലെയുള്ള ആധുനിക പണ്ഢിതൻമാരും ഈ വീക്ഷണത്തെ പിന്തുണക്കുന്നു. (സാദുൽ മആദ് ഃ 3 /303)

അതോടൊപ്പം തന്നെ കഅ്ബക്ക് ചുറ്റുമുള്ള പള്ളിയിൽ വെച്ച് നമസ്കരിക്കുന്നുവെങ്കിൽ അത് തന്നെയാണ് ഏറ്റവും ഉത്തമം എന്നതിൽ സംശയമില്ല. കാരണംകഅ്ബയോടടുത്തും കൂടുതൽ ആളുകൾ പങ്കെടുക്കുന്നതുമായ നമസ്കാരം മറ്റു നമസ്കാരത്തെ അപേക്ഷിച്ചു ശ്രേഷ്ഠം തന്നെയാണ്.

ഹറമിന്റെ പരിധിയിൽ എവിടെ തന്നെയായിരുന്നാലും പ്രസ്തുത മഹത്വം ലഭിക്കുമെന്ന് ഇമാം അഹ്മദും റിപ്പോർട്ടു ചെയ്യുന്നുണ്ട്.ഇതു തന്നെയാണ് ഇമാം നവവിയും അഭിപ്രായപ്പെടുന്നത്.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ പറയുന്നത് കാണുക. (നമസ്കാരമോ മറ്റെന്തെങ്കിലും പുണ്യകർമ്മമോ മക്കയിൽ വെച്ച് അനുഷ്ടഠിക്കുമ്പോൾ അതിന് ശ്രേഷ്ഠതയേറുന്നു.വിശിഷ്ഠമായ പ്രദേശവും സമയവും സന്ദർഭങ്ങളെല്ലാം തന്നെ സൽക്കർമ്മങ്ങളുടെ പ്രതിഫലം വർദ്ധിപ്പിക്കുന്നതു പോലെ അത് ദുഷ്കർമ്മങ്ങളുടെ ശിക്ഷയിലും അതിന്റെ തീവ്രതയിലും അത് വർദ്ധനവുണ്ടാക്കും.)

الإختيارات الفقهية لابن تيمية : ص/113



## ഹറമിൽ വെച്ച് അതിക്രമം നടത്തൽ

പവിത്ര നാടായ ഹറമിൽ വെച്ച് അതിക്രമം നടത്തൽ നിഷിദ്ധമാണെന്നതോടൊപ്പം അത് ചെയ്യുന്നവർക്ക് നിന്ദ്യവും വേദനയേറിയതുമായ ശിക്ഷയുണ്ടാവുമെന്നും അല്ലാഹു മുന്നറിയിപ്പു നൽകുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു.

إِنَّ الَّذِينَ كَفَرُوا وَيَصُدُّونَ عَن سَبِيلِ اللهِ وَالْمَسْجِدِ الْحَرَامِ الَّذِي جَعَلْنَاهُ لِلنَّاسِ سَوَاءً الْعَاكِفُ فِيهِ وَالْبَادِ وَمَن يُرِدْ فِيهِ بِإِلْحَادٍ بِظُلْمٍ نُذِقْهُ مِنْ عَذَابٍ أَلِيمٍ} (سورة الحج:25)

(തീർച്ചയായും സത്യത്തെ നിഷേധിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും മനുഷ്യർക്ക് സ്ഥിരവാസിക്കും പരദേശിക്കും സമാവകാശമുള്ളതായി നാം നിശ്ചയിച്ചിട്ടുള്ള മസ്ജിദുൽ ഹറാമിൽ നിന്ന് ജനങ്ങളെ തടഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നവരാരോ അവർ (കരുതിയിരിക്കട്ടെ).അവിടെ വെച്ച് വല്ലവനും അന്യായമായി ധർമ്മ വിരുദ്ധമായ വല്ലതും ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവന് വേദനയേറിയ ശിക്ഷയിൽ നിന്നും നാം അനുഭവിപ്പിക്കുന്നതാണ്) (സൂറത്തു ഹജ്ജ് 25)

വിശുദ്ധ ഹറമിൽ വെച്ച് അതിക്രമം ചെയ്യാൻ ഉദ്ദേശിക്കലാണ് അതുകൊണ്ടുള്ള ഉദ്ദേശ്യം എന്നാണ് ഇബ്നുജരീർ അഭിപ്രായപ്പെട്ടിട്ടുള്ളത് (തഫ്സീർ ത്വബ്രി 9 /130)

‘ഇൽഹാദ്’ എന്നാൽ ശിർക്ക്(ബഹുദൈവ വിശ്വാസം) വെച്ച് പുലർത്തലാണെന്നും ഭക്ഷണപദാർത്ഥങ്ങൾ നിന്ദിക്കലും ഹറമിന്റെ പവിത്രത ലംഘിക്കലും ശിർക്കിൽ പ്പെട്ടതാണെന്നും പണ്ഢിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇബ്നുജരീർ ത്വബ്രിയുടെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥം കാണുക (തഫ്സീർ ത്വബ്രി 9 /130)

എല്ലാ തിൻമകളെയും പൊതുവെ ഉൾകൊള്ളുന്ന പദമാണ് 'ഇൽഹാദ്'എന്നത്. സർവ്വപാപങ്ങളും അതിന്റെ പരിധിയിൽ പെടുന്നു.വിശ്വാസ രംഗത്തായിരുന്നാലും അല്ലെങ്കിലും മുഴുവൻ അന്യായങ്ങളും ഉൾകൊള്ളുന്ന പദമാണ് 'ഇൽഹാദ്'എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് എന്നാണ് ഇബ്നു ബാസ്ﷺയുടെ വീക്ഷണം. അത്തരം കാര്യങ്ങൾ പ്രവർത്തിക്കുന്നവരെല്ലാം ശിക്ഷക്ക് അർഹരായിരിക്കുകയും ചെയ്യും. (മജ്മൂഅത്തു ഫത്താവാ ഇബ്നു ബാസ് 3 /390)

ഇവിടെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം ഹറമിൽ അതിക്രമം പ്രവർത്തിക്കാൻ ആരെകിലും ഉദ്ദേശിച്ചാൽ തന്നെ ശിക്ഷ ലഭിക്കും എന്നതാണ്. അങ്ങിനെയാണെകിൽ അതിക്രമം പ്രവർത്തിച്ചാൽ അതിന്റെ പരിണിതഫലം എന്തായിരിക്കുമെന്ന് ആലോചിക്കാവുന്നതാണ്.അതുകൊണ്ടാണ് ഇബ്നുമസ്ഊദ്ﷺപറഞ്ഞത് (ഹറമിൽ അതിക്രമം പ്രവർത്തിക്കാൻ ആരെങ്കിലും ഉദ്ദേശിച്ചാൽ തന്നെ അവർക്ക് കഠിനമായ ശിക്ഷ ഉണ്ടായിരിക്കുന്നതാണ്) (മുസ്നദ് അഹ്മദ് 1/ 428 , തഫ്സീർ ത്വബ്രി 17 / 148, ഹാകിം 2 / 388 ഇബ്നു കസീർ 3 /215 ഫത്ഹുൽ ബാരി 3/215)

(മക്കയിൽ വെച്ച് അതിക്രമം പ്രവർത്തിക്കാൻ ആരെങ്കിലും ഉദ്ദേശിച്ചാൽതന്നെ അവർക്ക് ശിക്ഷയുള്ളതായി ചില പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ടെന്ന് ഇബ്നു കസീറും പറഞ്ഞിട്ടുണ്ട്. മക്കയല്ലാത്ത സ്ഥലങ്ങളിൽവെച്ച് ഒരു കാര്യം ചെയ്യാൻ ഉദ്ദേശിക്കുകയും എന്നാൽ പ്രവർത്തിക്കാതിരിക്കുകയും ചെയ്താൽ ശിക്ഷ ലഭിക്കുകയില്ല.) ഇബ്നു കസീർ 3 /215

ഹറമുകളിൽ അതിക്രമം പ്രവർത്തിക്കുന്നതിനെതിരെ അല്ലാഹു അതികഠിനമായ രൂപത്തിൽ മുന്നറിയിപ്പ് നൽകുകയാണ് പ്രസ്തുത വചനത്തിലൂടെ എന്ന് ഇബ്നുബാസും പറഞ്ഞിരിക്കുന്നു.



ഹറമുകളിൽ കുറ്റകൃത്യം പ്രവർത്തിക്കുന്നതും അതിനു വേണ്ടി ഉദ്ദേശിക്കുന്നത് പോലും കഠിനമായ കുറ്റമാണെന്ന് മുകളിൽ പറഞ്ഞ പ്രസ്താവനകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. അതിനാൽ അധർമ്മം പ്രവർത്തിക്കൽ എത്രമാത്രം ഗുരുതരമായിരിക്കുമെന്ന് നാം ആലോചിക്കുക. ഈ കാര്യങ്ങളെല്ലാം ഹറമിന്റെ മാഹാത്മ്യമാണ് സൂചിപ്പിക്കുന്നത്. അതിനാൽ തന്നെ മക്കയിൽ കഴിച്ചു കൂട്ടുന്നവർ ഈകാര്യങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

**مجموعة فتاوى ابن باز 3/ 389,390**

ഹറമിൽ വെച്ച് അധർമ്മം പ്രവർത്തിക്കൽ പാടില്ലാത്തതാണെന്ന് നബിﷺ ശക്തമായി താക്കീതു നൽകിയിരിക്കുന്നു.ഹറമിന്റെ വിശുദ്ധിക്ക് നിരക്കാത്ത പ്രവർത്തനം ചെയ്യുന്നവർ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും വെറുക്കപ്പെട്ടവരെത്രെ. നബിﷺ പറഞ്ഞിരിക്കുന്നു.

أبغض الناس إلى الله ثلاثة ملحد في الحرم ومبتغ في الإسلام سنة الجاهلية ومطلب دم امرئ بغير حق ليهريق دمه /البخاري

(അല്ലാഹുവിന് ഏറ്റവും അധികം വെറുപ്പുള്ളവർ മൂന്ന് വിഭാഗത്തിൽ പെട്ടവരാകുന്നു. ഹറമിന്റെ പവിത്രതയെ ലംഘിക്കുന്നവർ,ജാഹിലിയ്യാ ആചാരങ്ങൾ ഇസ്ലാമിലും നടപ്പാക്കാൻ ശ്രമിക്കുന്നവർ,അന്യായമായി ഒരാളുടെ രക്തം ചിന്താൻ ആഗ്രഹിക്കുന്നവർ എന്നിവരാണവർ) ബുഖാരി 12/ 210

ഹറമുകളിൽ അധർമ്മം പ്രവർത്തിക്കുന്നത് കുറ്റകരമായ മഹാപാപമായാണ് ഇബ്നു ഉമർﷺ കണ്ടിരുന്നത്. ഇമാം ത്വബ്രി തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ ത്വൈസലത്ത് ബ്നു

അലിയിൽ നിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഒരു അറഫാദിനം ഇബ്നു ഉമർ ﷺ ഒരു അറാക്ക് മരത്തണലിൽ ആയിരിക്കെ ഞാൻ അദ്ദേഹത്തെ പോയി കാണുകയും മഹാപാപങ്ങൾ ഏതാണെന്ന് അദ്ദേഹത്തോടു ചോദിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു (അല്ലാഹുവിൽ പങ്ക് ചേർക്കുക,പതിവ്രതകളെ കുറിച്ച് അപരാധം പറയുക,വിശ്വാസികളുടെ ആത്മാവിനെ നശിപ്പിക്കുക, പടക്കളത്തിൽ നിന്ന് തിരിഞ്ഞോടുക, മാരണം നടത്തുക, പലിശ ഭുജിക്കുക, അനാഥകളുടെ സ്വത്ത് ഭുജിക്കുക, മുസ്ലീമായ മാതാപിതാക്കളെ ധിക്കരിക്കുക,മരണപ്പെട്ടവരുടെയും ജീവിച്ചിരിക്കുന്നവരുടെയും അഭിമുഖ കേന്ദ്രമായ വിശുദ്ധഗേഹത്തിൽ അധർമ്മം പ്രവർത്തിക്കുക എന്നിവയാകുന്നു അവ) ബുഖാരി അൽ അദബുൽ മുഫ്റദ് പേ 35 (6/8 നമ്പർ) തഫ്സീർ ഇബ്നു ജരീർ ത്വബ്രി 5 /39

ഹറമിൽ വെച്ച് തിൻമകൾ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന വർക്കുള്ള ശക്തമായ മുന്നറിയിപ്പാണ് പ്രസ്തുത വചനത്തിലുള്ളത്.എന്നാൽ അത്തരം കാര്യങ്ങൾ പ്രവർത്തിക്കുന്നവരുടെ അവസ്ഥ എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഇബ്നു മസ്ഊദ് ﷺ പറഞ്ഞിട്ടുണ്ട്.ഹറമിൽ തിൻമകൾ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നവർക്കു അല്ലാഹു വേദനയേറിയ ശിക്ഷ ആസ്വദിപ്പിക്കുന്നതാണ്. (മുസ്നദു അഹ്മദ്1/428,തഫ്സീറു ത്വബ്രീ17/148, ഹാകിം 2/388,തഫ്സീർ ഇബ്നു കസീർ 3/215,ഫത്ഹുൽ ബാരി 12/210)

**ഇബ്നു കസീർ പറഞ്ഞിരിക്കുന്നു.**

മക്കയിൽവെച്ചു ചീത്ത കാര്യങ്ങൾ പ്രവർത്തിക്കാൻ ഉദ്ദേശിച്ചാൽ ആ കാരണത്താൽ തന്നെ അത് പ്രവവർത്തിച്ചിട്ടില്ലെങ്കിലും വേദനയേറിയ ശിക്ഷ അല്ലാഹു ആസ്വദിപ്പിക്കുന്നതാണ്.എ



ന്നാൽ മക്കയല്ലാത്ത മറ്റു പ്രദേശങ്ങളിൽ വെച്ച് തിൻമ ചെയ്യാൻ ഉദ്ദേശിച്ചതിന്റെ പേരിൽ അല്ലാഹു ശിക്ഷിക്കുകയില്ല എന്നതാണ് പണ്ഢിതൻമാരുടെ അഭിപ്രായം.തഫ്സീർ ഇബ്നുകസീർ 3/215,

പണ്ഢിതവര്യനായിരുന്ന ശൈഖ് ഇബ്നു ബാസ് പറഞ്ഞത് കാണുക, ഹറമിൽ വെച്ച് തിൻമകൾ പ്രവർത്തിക്കുന്നതിനെ കുറിച്ചുള്ള ശക്തതമായ മുന്നറിയിപ്പുകൾ കാണാവുന്നതാണ്.അത് അധികഠിനവുമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു.

وَمَن يُرِدْ فِيهِ بِإِلْحَادٍ بِظُلْمٍ نُذِقْهُ مِنْ عَذَابٍ أَلِيمٍ} (سورة الحج:25)

(അവിടെ വെച്ച് വല്ലവനും അന്യായമായി ധർമ്മ വിരുദ്ധമായ വല്ലതും ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവന് വേദനയേറിയ ശിക്ഷയിൽ നിന്നും നാം അനുഭവിപ്പിക്കുന്നതാണ്) (ഹജ്ജ് 25)

ഹറമിൽ വെച്ച് തിൻമകൾ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നവർക്കുള്ള ശക്തമായ മുന്നറിയിപ്പാണ് പ്രസ്തുത വചനത്തിലുള്ളത്.എന്നാൽ അത്തരം കാര്യങ്ങൾ പ്രവർത്തിക്കുന്നവരുടെ അവസ്ഥ എന്തായിരിക്കുമെന്ന് നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ. ഹറമിൽവെച്ച് തിൻമകൾ പ്രവർത്തി ക്കുന്നത് അധികഠിനമായ പാപവുമാണ്.അതിനാൽ തന്നെ പവിത്ര രാജ്യമായ മക്കയിൽ താമസിക്കാനും അവിടെ സന്ദർശിക്കാനും അനുഗ്രഹം ലഭിച്ചവർ വളരെയധികം ശ്രദ്ധിക്കേണ്ടതാണ്.വിശുദ്ധനാടിന്റെ പവിത്രതകാത്തു സൂക്ഷിക്കുന്ന മഹാൻമാരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെയും ഉൾപ്പെടുത്തട്ടെ.

**മക്കായിൽ വെച്ച് യുദ്ധം ചെയ്യലും രക്തം ചിന്തലും**

ഇബ്റാഹീം ﷺ കഅ്ബാലയം പടുത്തുയർത്തിയതും മക്കാ പ്രദേശത്തിന് അനുഗ്രഹം ചൊരിയുവാനും അതിന്റെ സമൃദ്ധിക്കുവേണ്ടിയും നടത്തിയ പ്രാർത്ഥനകളും നാം കാണുകയുണ്ടായി.പവിത്രമായ ആ പ്രദേശത്തിന്റെ താൽപര്യമാണ് അവിടെ നി

ർഭയത്വം നിലനിൽക്കുക എന്നത്. ഇബ്റാഹീം(അ)യുടെ സ്മരണ യെയും വിശുദ്ധ ഹറമിന്റെ പവിത്രതയുമുണർത്തുന്ന എത്രയെ ത്ര വചനങ്ങളാണ് വിശുദ്ധഖുർആനിലുള്ളത്? ചില വചനങ്ങൾ

وَقَالُوا إِن نَّتَّبِعِ الْهُدَى مَعَكَ نُتَخَطَّفْ مِنْ أَرْضِنَا أَوَلَمْ نُمَكِّن لَّهُمْ حَرَمًا آمِنًا يُجْبَى إِلَيْهِ ثَمَرَاتُ كُلِّ شَيْءٍ رِزْقًا مِن لَّدُنَّا وَلَكِنَّ أَكْثَرَهُمْ لَا يَعْلَمُونَ} (القصص:57)

(നിന്നോടൊപ്പം ഞങ്ങൾ സൻമാർഗം പിന്തുടരുന്ന പക്ഷം ഞ ങ്ങളുടെ നാട്ടിൽനിന്ന് ഞങ്ങൾ എടുത്തെറിയപ്പെടും എന്ന് അ വർ പറഞ്ഞു. നിർഭയമായ ഒരു പവിത്ര സങ്കേതം നാം അവർ ക്കു അധീനപ്പെടുത്തി കൊടുത്തിട്ടില്ലേ.എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ചു കൊണ്ടുവരപ്പെടുന്നു.നമ്മുടെ പക്കൽ നിന്നുള്ള ഉപജീവനമെത്രെ അത്. പക്ഷേ അവരിൽ അ ധിക പേരും(കാര്യം)മനസിലാക്കുന്നില്ല) സൂറത്തുൽ ഖസ്വസ്57

وَإِذْ جَعَلْنَا الْبَيْتَ مَثَابَةً لِّلنَّاسِ وَأَمْناً (سورة البقرة:125 )

ആ ഭവനത്തെ(കഅബയെ) ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലവും ഒരു സുരക്ഷിത കേന്ദ്രവുമായി നാം നിശ്ചയിച്ചതും (ഓർക്കുക) ബഖറ 125

وَالتِّينِ وَالزَّيْتُونِ وَطُورِ سِينِينَ وَهَذَا الْبَلَدِ الْأَمِينِ) سورة التين :14

(അത്തിയും ഒലീവും സീനാ പർവ്വതവും നിർഭയത്വമുള്ള ഈ രാജ്യവും തന്നെയാണ് സത്യം) സൂറത്തുതീൻ 1 4

أَوَلَمْ يَرَوْا أَنَّا جَعَلْنَا حَرَمًا آمِنًا وَيُتَخَطَّفُ النَّاسُ مِنْ حَوْلِهِمْ(العنكبوت : 67)

(നിർഭയമായ ഒരു പവിത്ര സങ്കേതം നാം ഏർപ്പെടുത്തിയിരിക്കു ന്നു എന്ന് അവർ കണ്ടില്ലേ? അവരുടെ ചുറ്റു ഭാഗത്തു നിന്നാവ ട്ടെ ആളുകൾ റാഞ്ചിയെടുക്കപെടുന്നു) അൻകബൂത്ത് 67

ഖുർത്വുബിയുടെ വിവരണം കാണുക



(സ്വേഛാധിപധികളിൽ നിന്നും ഭൂകമ്പം പോലുള്ള വിപത്തി ൽനിന്നും കഅ്ബയെ അല്ലാഹു സംരക്ഷിച്ചു കൊണ്ടേയിരിക്കും. മാത്രമല്ല, മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് മക്കയുടെ മഹത്വവും അതിന്റെ ഔന്നിത്യവും സർവ്വമനസ്സുകളിലും നിലനിൽക്കുകയും ചെയ്യും) തഫ്സീർ ത്വബ്രി 2 /177

അതുകൊണ്ടാണ് അനിവാര്യമായ കാരണങ്ങളില്ലാതെ മക്ക യിൽ ആയുധങ്ങൾ കൊണ്ടു നടക്കുന്നതുപോലും വിരോധിക്ക പ്പെട്ടത്.ജാബിർ(റ)വിൽ നിന്നുള്ള നിവേദനം അദ്ദേഹം പറഞ്ഞു.

نهى رسول الله ﷺ أن يحمل السلاح بمكة

(മക്കയിൽ ആയുധം കൊണ്ടു നടക്കുന്നത് നബി(സ) വിരോധിച്ചി രിക്കുന്നു) മുസ്‌ലിം

അനാവശ്യമായി ആയുധം കൊണ്ടു നടക്കുന്നതാണ് നബി (സ) വിലക്കുന്നത് എന്നും അല്ലെങ്കിൽ അനുവദിച്ചതാണെന്നുമാ ണ് ഖാളീ ഇയാളിന്റെ വീക്ഷണം. ഇമാം മാലിക്ക്, ശാഫിഈ, അത്വാഅ് പോലുള്ളവർ ഈ അഭിപ്രായക്കാരാണ്.എന്നാൽ ഹദീ സിന്റെ ബാഹ്യമായപരാമർശം അനുസരിച്ച് ആയുധം കൊണ്ടു നടക്കൽ കറാഹത്താണ് എന്ന അഭിപ്രായമാണ് ഹസ്വനുൽ ബ സ്വരിക്കുള്ളത്.

മക്കായിൽ വെച്ച് യുദ്ധം ചെയ്യുന്നത് വളരെ കഠിനമായ രൂ പത്തിൽതന്നെ നബി(സ) വിലക്കിയിട്ടുള്ളതായി കാണാം.ബുഖാരി യിലെ ഒരു അദ്ധ്യായം തന്നെ മക്കയിൽ വെച്ച് യുദ്ധം ചെയ്യൽ അനുവദനീയമല്ല എന്നതാകുന്നു.

അബൂ ശുറൈഹിൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീസിൽ (അവിടെ(മക്കയിൽ)വെച്ച് രക്തം ചിന്തിക്കൂടാ)എന്ന് കാണാവു ന്നതാണ്.

ഇബ്നു അബ്ബാസിൽ നിന്നുദ്ധരിച്ച ഒരു ഹദീസ് മുകളിൽ കഴിഞ്ഞു പോയിട്ടിട്ടുണ്ട്. അതിപ്രകാരമാണ്.

إن هذا البلد حرمه الله يوم خلق السموات والأرض فهو حرام بحرمة الله إلى يـوم القيامة

(നബിﷺ പറഞ്ഞു, നിശ്ചയം ഈ നാട് ആകാശഭൂമികളെ സൃഷ്ടിച്ച മുതൽ അല്ലാഹു പവിത്രമാക്കിയിട്ടുണ്ട്. അന്ത്യനാൾ വരെയും അതിന്റെ പവിത്രത നിലനിൽക്കുകയും ചെയ്യും) (ബുഖാരി 8 /169,170)

സത്യനിഷേധികൾ ഇങ്ങോട്ടു യുദ്ധം തുടങ്ങിയാലല്ലാതെ മക്കയിൽവെച്ച് അവിശ്വാസികളെ വധിക്കുവാൻ അല്ലാഹുവും പ്രവാചകനും അനുവദിച്ചിട്ടില്ല. അല്ലാഹു പറയുന്നതു കാണുക.

وَلاَ تُقَاتِلُوهُمْ عِندَ الْمَسْجِدِ الْحَرَامِ حَتَّى يُقَـاتِلُوكُمْ فِيـهِ فَـإِن قَـاتَلُوكُمْ فَـاقْتُلُوهُمْ كَذَلِكَ جَزَاء الْكَافِرِينَ} (سورة البقرة :191)

(മസ്ജിദുൽ ഹറാമിനടുത്ത് വെച്ച് നിങ്ങൾ അവരോട് യുദ്ധം ചെയ്യരുത്,അവർ നിങ്ങളോട് അവിടെവെച്ച് യുദ്ധം ചെയ്യുന്നതു വരെ. ഇനി അവർ നിങ്ങളോട്(അവിടെവെച്ച്) യുദ്ധത്തിലേർപ്പെടുകയാണെങ്കിൽ അവരെ കൊന്നുകളയുക. അപ്രകാരമാണ് സത്യ നിഷേധികൾക്കുള്ള പ്രതിഫലം) സൂറത്തുൽ ബഖറ: 191

ഈ കാര്യം പ്രവാചകൻﷺ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മക്കാവിജയ ദിവസം ആയുധം വെച്ച് കീഴടങ്ങിയ ബഹുദൈവ വിശ്വാസികളോട് നബിﷺ യുദ്ധം നടത്തിയില്ല എന്നുമാത്രമല്ല അവർക്ക് നിർഭയത്വം നൽകുകയും ചെയ്തു. അന്ന് പ്രവാചക സന്നിദ്ധിയിൽ ഒരാൾ ഇപ്രകാരം വിളംബരം ചെയ്തു.ആര് മസ്ജിദുൽ ഹറമിലോ സ്വന്തം വിട്ടിലോ അബൂ സുഫ്യാന്റെ



വീട്ടിലോ പ്രവേശിച്ചുവോ അവൻ നിർഭയനാണ്) ഇതിനു വിപരീതമായി ആർ ആയുധമേന്തി യുദ്ധം ചെയ്യാൻ മുന്നോട്ടു വരുന്നുവോ അവനോട് യുദ്ധം ചെയ്യാൻ പ്രവാചകൻﷺ അനുചരൻമാർക്കു അനുവാദം നൽകി.

അതിനാൽതന്നെ ഹറം ഉദ്ദേശിച്ചു വരുന്നവർക്ക് നിർഭയത്വം നൽകൽ നിർബന്ധമാണ്. അവരെ ശല്യം ചെയ്ത് ഹറമിന്റെ പവിത്രത ലംഘിക്കുക എന്നത് മഹാപാപമായി കരുതണം.

അല്ലാഹു പറഞ്ഞിരിക്കുന്നു

فِيهِ آيَاتٌ بَيِّنَاتٌ مَّقَامُ إِبْرَاهِيمَ وَمَن دَخَلَهُ كَانَ آمِنًا وَلِلّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً وَمَن كَفَرَ فَإِنَّ الله غَنِيٌّ عَنِ الْعَالَمِينَ } (آل عمران :97)

(അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ (വിശിഷ്യാ) ഇബ്റാഹീം നിന്ന സ്ഥലം ഉണ്ട്. ആർ അവിടെ പ്രവേശിക്കുന്നുവോ അവൻ നിർഭയനായിരിക്കുന്നതാണ്.ആ മന്ദിരത്തിൽ എത്തി ചേരാൻ കഴിവുള്ള മനുഷ്യൻ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവിനോടുള്ള ബാദ്ധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇല്ലാത്തവനാകുന്നു) ആലു ഇംറാൻ/ 97

അഥവാ ഹറമിൽ പ്രവേശിച്ചാൽ അവൻ ഉപദ്രവിക്കപ്പെട്ടുകൂടാ.അവൻ നിർഭയനായിരിക്കണം. ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ പറയുന്നു.

(ഭയവിഹ്വലനായ ഒരാൾ മക്കയിൽ പ്രവേശിച്ചാൽ സർവ്വ തിൻമകളിൽ നിന്നും അയാൾ നിർഭയനായിരിക്കും. ജാഹിലിയ്യാ കാലഘട്ടത്തിലും ഇതായിരുന്നു അവസ്ഥ..)ഇബ്നുകസീർ :1384

(وَمَـن دَخَلَـهُ كَانَ آمِنًا) ഈ വചനത്തിന്റെ വ്യാഖ്യാനത്തിനിടക്ക് ശൈഖ് ഇബ്നു ബാസ് പറഞ്ഞത് കാണുക,

(അതിൽ പ്രവേശിക്കുന്ന ഒരാൾക്ക് നിർഭയത്വം നൽകലും ഒരാളെയും ഉപദ്രവിക്കാതിരിക്കലും നിർബന്ധമാണ്. എന്നാൽ ഇതിനെതിരായി അവിടെ വധിക്കപ്പെട്ടില്ലെന്നോ ഉപദ്രവിക്കപ്പെട്ടില്ലെന്നോ ഇതിൽ നിന്നും മനസ്സിലാക്കി കൂടാ. അതു സംഭവിച്ചേക്കാം.എന്നാൽ നിർഭയത്വം നൽകൽ നിർബന്ധമാണെന്നാണ് ഇത് പഠിപ്പിക്കുന്നത്. ജാഹിലിയ്യാ കാലഘട്ടത്തിലും ഈ പവിത്രത കാത്തു സൂക്ഷിക്കപ്പെട്ടു.പിതാവിനെയോ സഹോദരനെയോ വധിച്ച ഘാതകൻ പോലും ഹറമിൽ അഭയം തേടിയാൽ അവിടെ നിന്നും പുറത്തു വരുന്ന വരെ ഉപദ്രവിക്കപ്പെടാറില്ലായിരുന്നു) ഫത്താവാ ഇബ്നു ബാസ് 1 /384

## മക്കയിൽ സത്യനിഷേധിയോ ബഹുദൈവ വിശ്വാസിയോ പ്രവേശിക്കരുത്

അല്ലാഹു നിർഭയരാജ്യമാണെന്നു പറഞ്ഞ മക്കയുടെ മാത്രം സവിശേഷതയാണിത്. ജൂതർക്കോ കൃസ്ത്യാനികൾക്കോ മറ്റു സത്യ നിഷേധികൾക്കോ ബഹുദൈവ വിശ്വാസികൾക്കോ വിശുദ്ധ മക്കയിൽ പ്രവേശിക്കുവാൻ പാടില്ല. കാരണം അത് വിശുദ്ധ ഭൂമിയാണ്. അതിനാൽ തന്നെ സത്യ നിഷേധവും മറ്റു മാലിന്യങ്ങളും കൊണ്ടു ആ വിശുദ്ധ ഭൂമി മലിനമാക്കികൂടാ. അല്ലാഹു പറഞ്ഞിരിക്കുന്നു

يَا أَيُّهَا الَّذِينَ آمَنُواْ إِنَّمَا الْمُشْرِكُونَ نَجَسٌ فَلاَ يَقْرَبُواْ الْمَسْجِدَ الْحَرَامَ بَعْدَ عَامِهِمْ هَذَا وَإِنْ خِفْتُمْ عَيْلَةً فَسَوْفَ يُغْنِيكُمُ اللّهُ مِن فَضْلِهِ إِن شَاء إِنَّ اللّهَ عَلِيمٌ حَكِيمٌ} (سورة التوبة: 28)

(സത്യ വിശ്വാസികളേ ബഹുദൈവ വിശ്വാസികൾ അശുദ്ധർ തന്നെയാകുന്നു.അതിനാൽ അവർ ഈ കൊല്ലത്തിനു ശേഷം മസ്ജിദുൽ ഹറാമിനെ സമീപിക്കരുത്.(അവരുടെ അഭാവത്താൽ)



ദാരിദ്ര്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ അല്ലാഹു അവന്റെ അനുഗ്രഹത്താൽ അവൻ ഉദ്ദേശിക്കുന്നപക്ഷം നിങ്ങൾക്ക് ഐശ്വര്യം വരുത്തുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്) സൂറത്തു തൗബ/28

അല്ലാഹുവിന്റെ ഈ ആജ്ഞ നടപ്പിൽ വരുത്തുന്നതിനായി പ്രവാചകൻﷺ ഹിജ്റയുടെ ഒമ്പതാം വർഷം അബൂബക്കർ رضي الله عنه വിനെ നിയോഗിച്ചു കൊണ്ടു ഇപ്രകാരം കൽപ്പിച്ചു.

لا يحج بعد العام مشرك ولا يطوف بالبيت عريان .

(ഈ വർഷ ശേഷം ഒരു ബഹുദൈവവിശ്വാസിയും ഹജ്ജ് ചെയ്യുവാൻ പാടില്ല .നഗ്നരായി ഈ വർഷം ത്വവാഫ് ചെയ്യുവാനും പാടില്ല) ബുഖാരി

ഇമാം ഖുർതുബി പറഞ്ഞത് കാണുക

(ഹറമിന്റെ പരിധിയിൽ എവിടെയും ബഹുദൈവ വിശ്വാസികൾക്ക് പ്രവേശിക്കുവാൻ സൗകര്യം ചെയ്ത് കൊടുത്തുകൂടാ. അവരുടെ സന്ദേശ വാഹകർക്ക് വല്ലതും പറയാനുണ്ടെങ്കിൽ ഹറമിലെ നേതൃത്വം അങ്ങോട്ടു പുറപ്പെടുകയും അവർ പറയുന്നത് കേൾക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ആരും അറിയാതെ ഒരു ബഹുദൈവ വിശ്വാസി ഹറമിലെത്തുകയും അവിടെ വെച്ച് മരണപ്പെടുകയും ചെയ്തുവെന്ന് സങ്കൽപ്പിക്കുക, എന്നാൽ അക്കാര്യം മനസ്സിലായാൽ ആ ഖബർ കുഴിച്ച് എല്ലുകൾ ഹറമിന്റെ പരിധിയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്) തഫ്സീർ ത്വബ്രി 8/ 104 , ഇബ്നു കസീർ 2/ 346

ആയത്തിൽ പരാമർശിക്കപ്പെട്ട (ഹറം) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കഅ്ബക്ക് ചുറ്റിലുമുള്ള മസ്ജിദുൽ ഹറം മാത്രമല്ല, മറിച്ച് ഹറമിന്റെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ പ്രദേശവു

മാണ്.ആ പരിധിയെ മുഴുവൻ ഉദ്ദേശിച്ചു കൊണ്ടാണ് അല്ലാഹു മസ്ജിദുൽ ഹറാം എന്ന് പ്രയോഗിച്ചിരിക്കുന്നതെന്നും അതിനാൽ തന്നെ ഹറമിന്റെ പരിധിയിൽ എവിടെ വെച്ച് നമസ്ക്കരിച്ചാലും ആ പ്രതിഫലം ലഭിക്കുമെന്നും ചില പണ്ഡിതൻമാർ പറഞ്ഞത് ഈ വചനത്തിന്റെ അടിസ്ഥാനത്തിലാണ്.

### വേട്ടയാടലും മരം മുറിക്കലും നഷ്ടപ്പെട്ട വസ്തുക്കൾ എടുക്കലും

അബൂ ഹുറൈറﷺവിൽ നിന്ന് നിവേദനം ചെയ്ത ഒരു ഹദീസിൽ കാണാം. അദ്ദേഹം പറഞ്ഞു. മക്ക വിജയിച്ചപ്പോൾ നബി ﷺ അല്ലാഹുവിനെ പ്രകീർത്തിക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്തു കൊണ്ടു ഇപ്രകാരം പറഞ്ഞു.

إن الله حبس عن مكة الفيل وسلط عليها رسوله والمؤمنين وإنها لن تحل لأحد كان قبلي وإنها أحلت لي ساعة من نهار وإنها لن تحل لأحد بعدي ولا ينفر صيدها ولا يختلي شوكها ولا تحل ساقطتها إلا لمنشد / متفق عليه.

(നിശ്ചയം മക്കയെ തൊട്ട് ആനപ്പടയെ അല്ലാഹു തടുക്കുകയുണ്ടായി. അല്ലാഹുവിന്റെ ദൂതനും വിശ്വാസികൾക്കും അതിന്റെ ആധിപത്യം നൽകുകയും ചെയ്തു.പകലിൽ കേവല മണിക്കൂർ മാത്രം എനിക്ക് ആ ഹറം അനുവദിക്കപ്പെട്ടിരുന്നു. എന്റെ ശേഷം ഒരാൾക്കും ഇനി അത് അനുവദിക്കപ്പെടുകയുമില്ല. അവിടുത്തെ വേട്ട മൃഗത്തെ ഓട്ടിയകറ്റുകയോ മരങ്ങൾ മുറിക്കുകയോ നഷ്ടപ്പെട്ട വസ്തുക്കൾ ഉടമസ്ഥന് തിരിച്ചേൽപ്പിക്കുമെന്ന് ഉറപ്പുണ്ടെങ്കിലല്ലാതെ എടുക്കുവാനോ പാടില്ല) ബുഖാരി: 1/205 മുസ്ലിം: 2/988



ഈഹദീസിൽ മക്കയുടെ ധാരാളം സവിശേഷതകൾ പഠിപ്പിക്കുകയാണ് ചെയ്യുന്നത്.വേട്ടമൃഗത്തെ ആട്ടിയോടിക്കലും അവിടെയുള്ള മരം മുറിക്കലും നഷ്ടപ്പെട്ടു കിടക്കുന്ന വസ്തുക്കൾ ഉടമസ്ഥർക്ക് ഏൽപ്പിക്കുവാനല്ലാതെ എടുക്കലും നിഷിദ്ധമാണെന്നും പഠിപ്പിക്കുന്നു. ഇവയെല്ലാം അന്ത്യനാൾ വരെ നിലനിൽക്കുന്നതും മക്കയുടെ മാത്രം പ്രത്യേകതയുമാണെന്ന് നബിﷺ ഉണർത്തുകയും ചെയ്യുന്നു.

അതിനാൽ തന്നെ മക്കയിൽ താമസിക്കുകയോ ഹജ്ജോ ഉംറയോ നിർവ്വഹിക്കാനായി മക്ക സന്ദർശിക്കുകയോ ചെയ്യുന്ന മുഴുവൻ മുസ്ലീംകളും ഈ സവിശേഷതകൾ മനസ്സിലാക്കുകയും അത് ശ്രദ്ധയോടെ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം അതിന്റെ പവിത്രത ലംഘിക്കുന്നതും പരാമർശിക്കപ്പെട്ട സവിശേഷതകളെ ധിക്കരിക്കലും അതിർ ലംഘിക്കലും സൂക്ഷിക്കേണ്ടതുമാണ്.

ഇനി പ്രസ്തുത ഹദീസിൽ പരാമർശിക്കപ്പെട്ട ഓരോ കാര്യവും വിശദമായി നമുക്ക് ചർച്ച ചെയ്യാം.

### വേട്ട മൃഗത്തെ ആട്ടിയോടിക്കലും അതിനെ കൊല്ലലും

വേട്ടമൃഗത്തെ ആട്ടിയോടിക്കാൻ പാടില്ലെന്ന് വ്യക്തമായി തന്നെ വിലക്കിയ ഹദീസ് അബൂഹുറൈറ നിവേദനം ചെയ്തതായി നാം മനസ്സിലാക്കുകയുണ്ടായി. സ്വഹീഹുൽ ബുഖാരിയിൽ ഹറമിൽ വെച്ച് വേട്ടജന്തുക്കളെ ഓടിക്കരുത് എന്ന ഒരു അദ്ധ്യായം തന്നെ നമുക്ക് കാണാം.

ഇബ്നു അബ്ബാസിൽ നിന്നും നിവേദനം നബിﷺ പറഞ്ഞു

(നിശ്ചയം അല്ലാഹു കഅ്ബയെ പവിത്രമാക്കിയിരിക്കുന്നു. എന്റെ മുമ്പോ ശേഷമോ ആർക്കുംതന്നെ അത് അനുവദിക്കപ്പെ

ട്ടിട്ടില്ല.എനിക്ക് പകലിൽ ഒരു മണിക്കൂർ അനുവദിക്കുകയുണ്ടായി. അവിടുത്തെ മുള്ളുകൾ മുറിച്ചുകൂടാ. മരം മുറിക്കാവതല്ല. വേട്ടജന്തുവിനെ തുരത്തുവാൻ പാടില്ല. വീണുകിടക്കുന്ന വസ്തുക്കൾ ഉടമസ്ഥരെ ഏൽപ്പിക്കുവാനല്ലാതെ എടുക്കുവാനും പാടില്ല) ഇതു കേട്ടപ്പോൾ അബ്ബാസ്ﷺ നബിയോടു ചോദിച്ചു. ഇദ്ഖർ എന്ന പുല്ല് അതിൽ നിന്നും ഒഴിവാക്കണം. കാരണം അത് കത്തിച്ച് ആഭരണം ഉരുക്കുന്നതിനും ഖബറിന്റെ ആവശ്യത്തിനും ഞങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്.) ഫത്ത്ഹുൽ ബാരി 4 / 46

വേട്ടജന്തുക്കളെ തുരത്തുക എന്നത്കൊണ്ടു ഉദ്ദേശിച്ചത് അത് നിൽക്കുന്ന സ്ഥാനത്തുനിന്നും അതിനെ അകറ്റുക എന്നതാകുന്നു. ഇമാം നവവിയുടെ വിവരണം കാണുക.

(ഇതേ രൂപത്തിലാണ് പ്രസിദ്ധ താബിഈ പണ്ഡിതൻ ഇക്രിമയുടെ വിശദീകരണവും. ഹദീസ് റിപ്പോർട്ടു ചെയ്ത ശേഷം അദ്ദേഹം പറഞ്ഞു. വേട്ട ജന്തുവിനെ വിരട്ടുവാൻ പാടില്ല എന്ന് പറഞ്ഞാലെന്താണ് അത് കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് താങ്കൾക്കറിയുമോ? ശേഷം അദ്ദേഹം പറഞ്ഞു. വേട്ടജന്തു നിൽക്കുന്ന തണലിൽ നിന്ന് അതിനെ അകറ്റിയ ശേഷം ആ തണലിൽ ഇറങ്ങിയിരിക്കലാണ് അതുകൊണ്ടുള്ള ഉദ്ദേശ്യം) ഫത്ത്ഹുൽബാരി 4/46

വേട്ടജന്തുവിനെ ആട്ടിയോടിക്കൽ തന്നെ കുറ്റകരമാണെങ്കിൽ അതിനെ പിടിക്കലും വധിക്കലും എത്രകഠിനമാണെന്ന് ഓർക്കുക. ഇക്രിമ നൽകിയ വിവരണത്തിനു ശേഷം ഹാഫിള് ഇബ്നു ഹജർ ഇപ്രകാരം പറഞ്ഞിരിക്കുന്നു. വേട്ടജന്തുക്കളെ ഒരു നിലക്കും ഉപദ്രവിച്ചുകൂടാ എന്നാണദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളത്. അതിൽ ഏറ്റവും ചെറിയത് പോലും പാടില്ല എന്ന് പറഞ്ഞാൽ അതിലുപരിയായ കാര്യവും വിലക്കപ്പെട്ടതാണെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ.



(ഇബ്നു മുൻദിർ നൽകിയ വിവരണം കാണുക. ഭക്ഷിക്കൽ അനുവദിക്കപ്പെട്ട മൃഗങ്ങളാണെങ്കിലും അല്ലെങ്കിലും ഹറമിൽ വെച്ച് വേട്ടയാടൽ നിഷിദ്ധമാണ്) അൽ ഇജ്മാഅ് 68

എന്നാൽ ദുഷ്ട ജന്തുക്കൾ എന്ന് വിശേഷിക്കപ്പെട്ടവയെ ഹറമിലായാലും വധിക്കുന്നതിന് വിരോധമില്ല. ഇത് നബിﷺവ്യക്തമാക്കിയതാണ്.

ഉമ്മുൽ മുഅ്മിനീൻ ഹഫ്സﷺൽ നിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ അവർ പറഞ്ഞു. നബിﷺ പറഞ്ഞിരിക്കുന്നു.(കാക്ക,കഴുകൻ,എലി,തേൾ പേ ബാധിച്ച നായ എന്നിവയാണവ) ബുഖാരി 4.,43 മുസ്‌ലിം 2 /858

ആയിശﷺയിൽ നിന്നും നിവേദനം. നബി ﷺ പറഞ്ഞിരിക്കുന്നു. (ഉപദ്രവകാരികളായ അഞ്ചു ജീവികളെ ഹറമിൽ വെച്ചും കൊല്ലാവുന്നതാണ് കാക്ക, എലി, കഴുകൻ, തേൾ,പേ പിടിച്ചനായ എന്നിവയാണവ). (ബുഖാരി ,മുസ്ലിം)

ആയിശﷺയിൽ നിന്നും റിപ്പോർട്ടു ചെയ്യുന്ന മറ്റൊരു ഹദീസിൽ കാണാം (പാമ്പ്, എലി, കഴുകൻ തേൾ,പേ പിടിച്ച നായ എന്നിവയെ ഹറമിലാണെങ്കിലും അല്ലെങ്കിലും കൊല്ലാവുന്ന ദുഷ്ട ജന്തുക്കളാകുന്നു). മുസ്ലിം 2 / 856

പ്രത്യക്ഷത്തിൽ ഉപദ്രവകാരികളായ ജന്തുക്കളെ കൊല്ലുന്നതിന് വിരോധമില്ല എന്ന് ഈ ഹദീസും പഠിപ്പിക്കുന്നുണ്ട്. ഹദീസിൽ പരാമർശിക്കപ്പെട്ട ജീവികളെല്ലാം ഉപദ്രവകാരികളാണെന്ന കാര്യത്തിലും സംശയമില്ല.

(ചെന്നായ,നരി,പുലി,സിംഹം തുടങ്ങി ജനങ്ങൾ ഭയപ്പെടുകയും അവർക്ക് ഉപദ്രവം വരുത്തി വെക്കുകയും ചെയ്യുന്ന ജീവി

കളേയും കൊല്ലാവുന്നതാണെന്നാണ് ഇമാം മാലിക്കിന്റെ അഭിപ്രായം) അൽ മുവത്വഅ് 2/ 259

**ചെടി,മുള്ള്, മരം എന്നിവ മുറിക്കൽ**

ഇതും പവിത്ര മക്കയുടെ സവിശേഷതകളിൽ പെട്ടതാണ്.ഇപ്രകാരം പഠിപ്പിക്കുന്ന ധാരാളം ഹദീസുകൾ നാം ഉദ്ധരിക്കുകയുണ്ടായി. അതിൽ ഇദ്ഖർ എന്ന പുല്ലൊഴികെ മറ്റ് മുള്ള്, ചെടി, മരം എന്നിവ മുറിക്കുന്നത് നബിﷺ വിലക്കിയിട്ടുണ്ട്.

ഹറമിന്റെ പരിധിയിലുള്ള മരങ്ങൾ വെട്ടുവാനോ ചെടികൾ പിഴുതെടുക്കുവാനോ മുള്ളുകൾ മുറിക്കുവനോ പാടില്ല എന്നതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് സ്വമേധയാ ഭൂമിയിൽ മുളച്ചു വളരുന്നവ എന്നാണ്. മനുഷ്യൻ വെച്ച് പിടിപ്പിക്കുന്നവ ഈ ഗണത്തിൽ ഉൾപ്പെടുകയില്ല. ഇമാം ഖുർതുബി പറയുന്നത് കാണുക

(മനുഷ്യൻ വെച്ച് പിടിപ്പിക്കാതെ സ്വയം വളരുന്ന ചെടികളും മരങ്ങളും മുള്ളുകളുമാണ് പിഴുതെടുക്കുവാനും വെട്ടി മാറ്റാനും പാടില്ലാത്തതെന്ന കാര്യം കർമ്മ ശാസ്ത്ര പണ്ഡിതൻമാർ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മനുഷ്യൻ വെച്ചുപിടിപ്പിക്കുന്നവയുടെ കാര്യത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഭൂരിപക്ഷം പണ്ഡിതൻമാരുടെയും വീക്ഷണം അതുകൊണ്ടു കുഴപ്പമില്ല എന്നാകുന്നു)

**പ്രശ്നം**

ഹറം പരിധിയിൽവെച്ചു വൃക്ഷം മുറിക്കുകയോ ചെടികൾ പിഴുതെടുക്കുകയോ മുള്ളുകൾ മുറിക്കുകയോ ചെയ്താൽ അതിനുള്ള പ്രതിവിധി എന്താണ് ? അയാളെക്കുറിച്ചുള്ള ഇസ്ലാമിക വിധി എന്താണ്?



**ഉത്തരം**

അല്ലാഹുവും റസൂലും പവിത്രത കൽപ്പിച്ചതിനെ ലംഘിച്ചതിനാൽ അയാൾ പാപിയും കുറ്റവാളിയുമാണെന്നതിൽ പണ്ഡിതൻമാർ ഏകാഭിപ്രായക്കാരാണ്.

എന്നാൽ അയാൾക്ക് എന്താണ് പ്രതിവിധി എന്നകാര്യത്തിൽ അവർ ഭിന്നാഭിപ്രായക്കാരാണ്.

(അയാൾ കുറ്റവാളിയായതിനാൽ തൗബ ചെയ്ത് മടങ്ങണമെന്നും പാപമോചനം നടത്തണമെന്നും അത്വാഅ് അഭിപ്രായപ്പെടുന്നു. ഇമാം മാലിക്ക് ഇബ്ന് മുൻദിർ അബൂ ഥൗറ് ഇബ്നു ഹസം എന്നിവരും ഇതേ വീക്ഷണം പുലർത്തുന്നു) ഫത്ഹുൽ ബാരി 4 /440 മഹല്ലി 7 /409

ഇമാം അബൂ ഹനീഫയുടെ വീക്ഷണം ആ വസ്തുവിന് വില നിശ്ചയിക്കുകയും ഒരു ഉരുവിനെ വാങ്ങി അറുക്കുവാനുള്ള വില ഉണ്ടാവുകയും ചെയ്താൽ ബലി അറുക്കണം എന്നതാണ്. ഇല്ലെങ്കിൽ ഉള്ളവിലക്ക് ഭക്ഷണം വാങ്ങി ഓരോ സ്വാഅ് വീതം സാധുക്കൾക്ക് ധർമ്മമായി നൽകണം എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു

എന്നാൽ ഇമാം ശാഫിയുടെയും അഹ്മദിന്റെയും അഭിപ്രായം വലിയ മരമാണെങ്കിൽ ഒരു പശുവിനെയും ചെറുതാണെങ്കിൽഒരു ആടിനെയും ബലി അറുക്കണം എന്നാണ്.ചെറിയ ചെടിയാണ് എങ്കിൽ അതിനു വില നിശ്ചയിച്ചു അതു ധർമ്മം നൽകണം എന്നാണ്) കിത്താബുൽ ഉമ്മ് 2 /208 മുഗ്നി 3 /352

**രണ്ടു പ്രധാന പ്രശ്നങ്ങൾ**

മുറിക്കുകയോ പിഴുതെടുക്കുകയോ ചെയ്ത വസ്തു ഫലപ്രദമായി ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്നതാണ് ഇമാം അഹ്

മദിന്റെ ഖണ്ഡിതമായ അഭിപ്രായം എന്ന് ഇബ്നു ഖുദ്ദാമ പറയുന്നുണ്ട്. (മുഗ്നി 3/ 365 ഫത്ത്ഹുൽ ബാരി 4 /44, 48)

ഹറമിൽ മുളക്കുന്ന പുല്ലും ചെടികളും മാടുകൾക്ക് തിന്നുന്നതിന് വിരോധമില്ലെന്നും എന്നാൽ മനുഷ്യൻ അവ പറിച്ചെടുത്ത് കൊടുക്കാൻ പാടില്ല എന്നുമാണ് ഇമാം മാലിക്ക്, ശാഫിഈ,അഹ്മദ് എന്നിവരുടെ വീക്ഷണം. എന്നാൽ അതും അനുവദനീയമല്ല എന്ന അഭിപ്രായമാണ് ഇമാം അബൂ ഹനീഫക്കുള്ളത്. (മുഗ്നി 3/366,367)

**ഹറമിൽ നിന്നു വീണു കിട്ടുന്ന വസ്തുക്കൾ എന്തു ചെയ്യണം**

ഹറമല്ലാത്ത പ്രദേശങ്ങളിൽ നിന്ന് വീണു കിട്ടുന്ന വസ്തുക്കൾ കണ്ടു കിട്ടിയാൽ അത് ലഭിച്ചവർ ഒരു വർഷം കഴിയുന്നവരെ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുകയും എന്നിട്ടും ഉടമസ്ഥർ വരാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

സൈദുബ്നുഖാലിദിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസ് കാണുക, സൈദുബ്നുഖാലിദിൽ നിന്ന, ഒരാൾ റസൂലിന്റെ ﷺ അടുത്തുവന്നിട്ട് വീണുകിട്ടിയ വസ്തുക്കളെപ്പറ്റി ചോദിച്ചു. അദ്ദേഹം പറഞ്ഞു. താങ്കൾ അതിന്റെ മൂടിയും അത് കെട്ടിയ കയറും നോക്കി മനസ്സിലാക്കിയ ശേഷം ഒരു വർഷത്തേക്ക് ആ വിവരം വിളംബരം ചെയ്യുക. അതിന്റെ ഉടമ വന്നാൽ അയാൾക്കത് നൽകുക. അല്ലെങ്കിൽ താങ്കളുടെ ഇഷ്ടം പോലെ പ്രവർത്തിക്കാം. അയാൾ ചോദിച്ചു.വഴി തെറ്റിവന്ന ആടിനെ എന്ത് ചെയ്യണം? നബി ﷺ പ്രതിവചിച്ചു. അത് ഒന്നുകിൽ താങ്കൾക്കോ, അല്ലെങ്കിൽ(അതിന്റെ ഉടമയായ)താങ്കളുടെ സഹോദരന്നോ അതുമല്ലെങ്കിൽ ചെന്നായക്കോ ഉള്ളതാണ്. അദ്ദേഹം വീണ്ടും ചോദി



ച്ചു. വഴിതെറ്റി വന്ന ഒട്ടകമോ? നബി ﷺ പ്രതിവചിച്ചു.താങ്കൾ അതുമായി ഇടപെടുന്നതെന്തിന്ന്?, ഉടമസ്ഥൻ കണ്ടുമുട്ടുന്നതുവരെ അതിന്റെ ഉദരവും കുളമ്പുമായി വെള്ളം കുടിച്ചും വൃക്ഷങ്ങൾ ഭുജിച്ചും കൊണ്ട് അത് സ്വയം നടന്നുകൊള്ളട്ടെ.

ഇതാണ് പൊതുവിൽ വീണു കിട്ടുന്ന വസ്തുക്കളോടു സ്വീകരിക്കേണ്ട ഇസ്ലാമിക രീതി.എന്നാൽ മക്കയിൽ നിന്നാണ് അത് കിട്ടുന്നതെങ്കിൽ അതിനെ കുറിച്ചുള്ള പണ്ഡിതൻമാരുടെ വീക്ഷണം ഇപ്രകാരമാണ്.

ഉടമസ്ഥരുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ഇല്ലാ എന്ന് ബോധ്യപ്പെടകയും ചെയ്യുന്നുവെങ്കിൽ ഹറമല്ലാത്ത പ്രദേശങ്ങളിൽ നിന്ന് വീണു കിട്ടിയ വസ്തുക്കളെപോലെ ലഭിച്ചവർ ഒരു വർഷം കഴിയുന്നവരെ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുകയും എന്നിട്ടും ഉടമസ്ഥർ വരാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾക്ക് ഉപയോഗിക്കാവുന്നതുമാണ്. ഇമാം മാലിക്കും അബൂഹനീഫയും അഹ്മദിന്റെ ഒരു അഭിപ്രായവും ഇതാകുന്നു.

ഉടമസ്ഥരെ കണ്ടെത്താം എന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ മക്കയിൽനിന്ന് വീണുകിട്ടിയ വസ്തുക്കൾ എടുക്കാവൂ എന്നാണ് ഇമാം ശാഫിയും ഇമാം അബ്ദു റഹ്മാൻ ബ്നു മഹ്ദിയും അഭിപ്രായപ്പെടുന്നത്. ഇത് തന്നെയാണ് ഇമാം അഹ്മദിന്റെ ഒരു അഭിപ്രായവും.(ബിദായത്തുൽ മുജ്തഹിദ5 110,അൽമുഗ്നി 8305)

രണ്ടാമത്തെ ഈ വീക്ഷണമാണ് ഏറ്റവും പ്രബലവും കൂടുതൽ ശരിയായതും. ഒന്നോ രണ്ടോ വർഷം പരസ്യപ്പെടുത്തിയ ശേഷം ഉടമസ്ഥർ വരുന്നില്ലെങ്കിൽ സ്വന്തമാക്കാനായി ഹറമിൽ നിന്ന് വീണു കിട്ടിയ വസ്തുക്കൾ എടുക്കാവതല്ല. നബി ﷺ ആ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഹറമിൽ നിന്ന് വീണു കിട്ടിയ വസ്തുക്കൾ ഉടമസ്ഥരെ അറിയുമെങ്കിലല്ലാതെ എടുക്കാവതല്ല.ഹ

റമിന്റെ പ്രത്യേകതകൾ പരാമർശിക്കുന്നിടത്താണ് ഈ കാര്യം സൂചിപ്പിച്ചിരിക്കുന്നത്.

അവിടെയുള്ള മരങ്ങൾ മുറിക്കുവാനോ വേട്ടയാടാനോ പാടില്ലെന്നും പഠിപ്പിച്ചിട്ടുണ്ട്.അവയെല്ലാം മറ്റു സ്ഥലങ്ങളിൽ നിന്ന് ഹറമിനുള്ള പ്രത്യേകതയാണ് കാണിക്കുന്നതും. ഇതേ വീക്ഷണമാണ് ഇമാം നവവിയുടേയും ഇമാം ഇബ്നു ഹജറിന്റേതും.

ഈ വിഷയത്തിൽ മഹാനായ ഇമാം ശൈഖ് ഇബ്നു ബാസ് നൽകിയ ഫത്വ കൂടി കാണുക.

**ചോദ്യം.**
ഹറമിൽ നിന്ന് വീണു കിട്ടിയ വസ്തുക്കളുടെ ഇസ്‌ലാമിക വിധി എന്താണ്?, അവ സാധുക്കൾക്ക് ധർമ്മമായി നൽകാമോ?, പള്ളി നിർമ്മാണം പോലുള്ള കാര്യങ്ങൾക്ക് അവ ഉപയോഗപ്പെടുത്താമോ?,

**ഉത്തരം**
ഹറമിൽ നിന്ന് വീണു കിട്ടിയ വവസ്തുക്കൾ സാധുക്കൾക്ക് ധർമ്മമായി നൽകാനോ, പള്ളി നിർമ്മാണം പോലുള്ള കാര്യങ്ങൾക്ക് അവ ഉപയോഗപ്പെടുത്താനോ,പാടില്ല.മറിച്ച് അത് ജനസാന്നിദ്ധ്യത്തിൽ വെച്ചുതന്നെ പരസ്യപ്പെടുത്തുകയാണ് വേണ്ടത്.ഉടമസ്ഥർക്ക് എത്തിക്കുന്നതിന് വേണ്ടിയല്ലാതെ അവ എടുക്കുവാൻ പാടില്ല. ഇതു തന്നെയാണ് മദീനയിലായിരുന്നാലും അവസ്ഥ. ഒന്നുകിൽ ആ വസ്തു കണ്ട സ്ഥലത്തുതന്നെ വിട്ടേക്കുക, അല്ലെങ്കിൽ അത്തരം വസ്തുക്കൾ കൈകാര്യം ചെയ്യാനായി രാഷ്ട്രം ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്ന ഔദ്യാഗിക ഏജൻസികളെ ഏൽപ്പിക്കുകയും നമ്മുടെ ഉത്തരവാദിത്വത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുക. (ഇബ്നു ബാസിന്റെ ഫതാവാ സമാഹാരം 6/499, 500)



## ഇഹ്റാമോടു കൂടിയല്ലാതെ ഹറമിൽ പ്രവേശിക്കൽ

ഹജ്ജോ ഉംറയോ ഉദ്ദേശിക്കുന്നവർ ഇഹ്റാമോട് കൂടിയല്ലാതെ മക്കയിൽ പ്രവേശിക്കുവാൻ പാടില്ല എന്നകാര്യത്തിൽ പണ്ഡിതൻമാർ ഏകോപിച്ചിരിക്കുന്നു. എന്നാൽ ഹജ്ജോ ഉംറയോ നിർവ്വഹിക്കാൻ ഉദ്ദേശ്യമില്ലാതെ മക്ക സന്ദർശിക്കുകയോ മക്കയിൽ തന്നെ താമസിക്കുന്നവർ മക്കയിൽ പ്രവേശിക്കുകയോ ചെയ്യുമ്പോൾ ഇഹ്റാം ചെയ്യാതെ പ്രവേശിക്കൽ അനുവദനീയമാണെന്നാണ് പ്രബലമായ അഭിപ്രായം.

ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ഒരു അദ്ധ്യായത്തിന് നൽകിയ നാമം തന്നെ ഇഹ്റാമോടു കൂടിയല്ലാതെ മക്കയിൽ പ്രവേശിക്കൽ എന്നാകുന്നു. അതിൽ അദ്ദേഹം ഉദ്ധരിക്കുന്നത് നബിﷺ ഹജ്ജും ഉംറയും ചെയ്യാൻ ഉദ്ദേശിക്കുന്നവർ മക്കയിൽ പ്രവേശിക്കുമ്പോൾ ഇഹ്റാമിലായിരിക്കണം എന്നു പറഞ്ഞ ഹദീസാണ്.

### ഹറം ശരീഫിലെ വിശിഷ്ട പ്രദേശങ്ങൾ

ഉന്നതമായ സവിശേഷതകളും മഹത്തായ ശ്രേഷ്ടതകളും കൊണ്ട് ധന്യമായ പ്രദേശമാണ് ഹറം ശരീഫ്. അതോടൊപ്പം മഹനീയമായ ചിഹ്നങ്ങളാലും അനുഗ്രഹീതമായ അടയാളങ്ങളാലും പവിത്രമായ പ്രദേശങ്ങളാലും സുവ്യക്തങ്ങളായ ദൃഷ്ടാന്തങ്ങളാലും ഹറമിന്റെ മഹോന്നതി വർദ്ധിക്കുകയാണ് ചെയ്യുന്നത്.അവയുടെ മഹത്വങ്ങളെ കുറിച്ച് പരാമർശിക്കുന്ന ധാരാളം വചനങ്ങൾ വിശുദ്ധ ഖുർആനിലും ഹദീസിലും ഇസ്ലാമിക നിയമ സംഹിതകളിലും ആധാരശിലകളിലും നമുക്ക് ദർശിക്കാവുന്നതാണ്. ഹറമിന്റെയോ പ്രസ്തുത പ്രദേശങ്ങളുടെയോ മഹനീയ

തക്ക് കോട്ടം വരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടില്ലെന്നും ഇസ്ലാം നിർദേശിക്കുന്നു. ഇനി നമുക്ക് ഹറം ഉൾക്കൊള്ളുന്ന മഹനീയ ചിഹ്നങ്ങളെ കുറിച്ചു പരിശോധിക്കാം

**വിശുദ്ധ കഅ്ബാലയം**

മക്കയിലെ മസ്ജിദുൽ ഹറമിന്റെ മദ്ധ്യത്തിലായി സമചതുരാകൃതിയിൽ നിലകൊള്ളുന്ന അല്ലാഹുവിന്റെ ഭവനമാണ് കഅ്ബാലയം.അതിന്റെ വാതിൽ ഭൂതല നിരപ്പിൽനിന്നും ഉയർന്നു നിൽക്കുന്നു.സമചതുരമായതിനാലാണ് ഇതിന് കഅ്ബ എന്നു വിളിക്കപ്പെടുന്നത്.

കഅ്ബ എന്നപേരിൽ തന്നെ ഖുർആനിൽ അത് പരാമർശിക്കപ്പെട്ടിരിക്കുന്നു. അതല്ലാത്ത മറ്റുപേരുകളിലും അത് അറിയപ്പെട്ടിരിക്കുന്നു.

{جَعَلَ اللهُ الْكَعْبَةَ الْبَيْتَ الْحَرَامَ قِيَامًا (سورة المائدة97

പവിത്ര ഭവനമായ കഅബയെ അല്ലാഹു മനുഷ്യർക്ക് ഒരു നിലനിൽപ്പു കേന്ദ്രമാക്കിയിരിക്കുന്നു. (മാഇദ / 97)

وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا إِنَّك أَنتَ السَّمِيعُ الْعَلِيمُ} (سورة البقرة)

(ഇബ്റാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിന്റെ (കഅ്ബയുടെ) അടിത്തറ കെട്ടി ഉയർത്തിക്കൊണ്ടിരുന്ന സന്ദർഭവും (അനുസ്മരിക്കുക),(അവർ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു)ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീ ഇത് സ്വീകരിക്കേണമേ തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു) ബഖറ /127

وَإِذْ بَوَّأْنَا لِإِبْرَاهِيمَ مَكَانَ الْبَيْتِ أَن لَّا تُشْرِكْ بِي شَيْئًا وَطَهِّرْ بَيْتِيَ لِلطَّائِفِينَ وَالْقَائِمِينَ وَالرُّكَّعِ السُّجُودِ} (سورة الحج :26)



ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ)സ്ഥാനം നാം സൗകര്യപെടുത്തി കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ) യാതൊരു വസ്തുവെയും എന്നോട് നീ പങ്ക്ചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം)ചെയ്യുന്നവർക്കു വേണ്ടിയും നിന്നും കുനിഞ്ഞും സാംഷ്ടാഗത്തിലായി കൊണ്ടും പ്രാർത്ഥിക്കുന്നവർക്കു വേണ്ടിയും എന്റെ ഭവനം നീ ശുദ്ധമാക്കി വെക്കണം എന്നും (നാം അദ്ദേഹത്തോടു നിർദ്ദേശിച്ചു) ഹജ്ജ് / 26

ثُمَّ لْيَقْضُوا تَفَثَهُمْ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ} (سورة الحج: 29)

(പിന്നെ അവർ തങ്ങളുടെ അഴുക്ക് നീക്കി കളയുകയും തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ) ഹജ്ജ് /29

**ബൈത്തുൽ ഹറം (പവിത്ര ഗേഹം)**

അല്ലാഹു കഅബയെ പവിത്രഭവനമെന്നും ബൈത്തുൽ അതീഖ് (പുരാതന മന്ദിരം)എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ഖുർആൻ വ്യക്തമാക്കിയത് കാണുക.

{جَعَلَ اللهُ الْكَعْبَةَ الْبَيْتَ الْحَرَامَ قِيَامًا (سورة المائدة:97)

പവിത്ര ഭവനമായ കഅബയെ അല്ലാഹു മനുഷ്യർക്ക് ഒരു നിലനിൽപ്പു കേന്ദ്രമാക്കിയിരിക്കുന്നു. (മാഇദ / 97)

ثُمَّ لْيَقْضُوا تَفَثَهُمْ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ} (سورة الحج:29

(പിന്നെ അവർ തങ്ങളുടെ അഴുക്ക് നീക്കിക്കളയുകയും തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ) ഹജ്ജ് /29

ഇബ്റാഹീം﷤ സ്വപുത്രൻ ഇസ്മാഈൽ﷤മിന്റെ സഹായത്തോടെയാണ് കഅ്ബാലയം പണിതുയർത്തിയതെന്ന് ഖുർആൻ വ്യക്തമാക്കിയത് നാം മനസ്സിലാക്കുകയുണ്ടായി. ഭൂമുഖത്ത്

മറ്റെവിടെയുമില്ലാത്ത വിശുദ്ധിയും പവിത്രതയും ആ മന്ദിരത്തിന് അല്ലാഹു നിശ്ചയിക്കുകയും ചെയ്തു. കഅ്ബയുമായി ബന്ധപ്പെട്ട ചില നിർദേശങ്ങൾ താഴെ വിവരിക്കാം.

**ത്വവാഫ് (പ്രദക്ഷിണം ചെയ്യൽ)**

കഅ്ബാലയമല്ലാതെ മറ്റൊരു ഭവനത്തെയും പ്രദക്ഷിണം ചെയ്യാൻ അല്ലാഹു അനുവദിച്ചിട്ടില്ല. എന്നാൽ കഅ്ബയെ ത്വവാഫ് ചെയ്യൽ മഹത്തായ ഒരു ആരാധനയായി കാണുകയും ചെയ്യുന്നു. അല്ലാഹു അതിനായി കൽപ്പിക്കുകയും ചെയ്യുന്നു

وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ} (سورة الحج :29)

(പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ) ഹജ്ജ് /29

ഖലീലുള്ള ഇബ്റാഹീം‍ﷺയോടും മകൻ ഇസ്മാഈൽﷺയോടും കഅ്ബാലയത്തെ നമസ്ക്കരിക്കുന്നവർക്കും ഭജനമിരിക്കുന്നവർക്കും ത്വവാഫ് ചെയ്യുന്നവർക്കുമായി ശുദ്ധീകരിക്കണമെന്ന് കൽപ്പിക്കുകയും ചെയ്തിരിക്കുന്നു അല്ലാഹു പറഞ്ഞു.

وَعَهِدْنَا إِلَى إِبْرَاهِيمَ وَإِسْمَاعِيلَ أَن طَهِّرَا بَيْتِيَ لِلطَّائِفِينَ وَالْعَاكِفِينَ وَالرُّكَّعِ السُّجُودِ} (سورة البقرة:125)

(ഇബ്റാഹീമിനും ഇസ്മാഈലിനും നാം കൽപന നൽകിയത് ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഇഅ്തികാഫ് (ഭജന) ഇരിക്കുന്നവർക്കും തലകുനിച്ചും സാംഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നവർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങളിരുവരും ശുദ്ധമാക്കി വെക്കുക എന്നായിരുന്നു) സൂറത്തുൽ ബഖറ/ 125



കഅ്ബാലയത്തിൽ എത്തുകയും ഹജ്ജോ ഉംറയോ നിർവ്വഹിക്കുകയും ചെയ്യുന്നുവെങ്കിൽ അതിനെ നിർബന്ധമായും ത്വവാഫ് ചെയ്തിരിക്കണമെന്ന് അല്ലാഹു നിയമമാക്കി,കഅ്ബയെ ത്വവാഫ് ചെയ്യാതെ അവ ശരിയാവുകയുമില്ല. ഹജ്ജും ഉംറയും കൂടാതെതന്നെ ആരെങ്കിലും അത് ചെയ്യുന്നുവെങ്കിൽ അവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്യുന്നു

അബ്ദുള്ള ഇബ്നു ഉമർ‍ؓവിൽ നിന്ന് ഉദ്ധരിക്കുന്നു.

നബിﷺ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട് (കഅ്ബയെ ത്വവാഫ് ചെയ്യുന്നവർക്ക് ഓരോ കാലടികൾക്കും നൻമകൾ രേഖപ്പെടുത്തുകയും തിൻമകൾ മായ്ക്കപ്പെടുകയും ചെയ്യും)

(തിർമുദി 959 ,ഹാകിം1/489, ഇബ്നു ഖുസൈമ 2753,ഇബ്നു ഹിബ്ബാൻ9/10 3697,സിൽസിലത്തു സ്വഹീഹ അൽബാനി 6/497)

അപ്രകാരം തന്നെ ഹജ്ജ് ചെയ്യാനായി മക്കയിലെത്തിയവർ മക്ക വിട്ടു പോകുന്നതിനു മുമ്പായി വിടവാങ്ങൽ ത്വവാഫ് നിർവ്വഹിക്കണമെന്നും കൽപ്പിക്കപ്പെട്ടിരിക്കുന്നു.

ഇബ്നു അബ്ബാസ്ؓവിൽ നിന്നും ഉദ്ദരിക്കുന്ന ഹദീസു കാണുക.

أمر الناس أن يكون آخر عهدهم بالبيت إلا أنه خفف عن المرأة الحائض متفق عليه

അദ്ദേഹം പറഞ്ഞു (അവസാനമായി) കഅ്ബയെ പ്രദക്ഷിണം ചെയ്യണം(കഅ്ബയുമായിട്ടായിരിക്കണം ജനങ്ങളുടെ അവസാന കരാർ)എന്ന് ജനങ്ങളോട് കൽപ്പിച്ചിരിക്കുന്നു. എന്നാൽ ആർത്തവകാരികൾക്കു അതിൽ ഇളവു അനുവദിച്ചിരിക്കുന്നു) ബുഖാരി

മറ്റൊരു വചനത്തിൽ കാണാം (ജനങ്ങൾ പല രൂപത്തിലും മക്കയിൽ നിന്ന് പിരിഞ്ഞു പോകാറുണ്ടായിരുന്നു.അപ്പോൾ നബിﷺ പറഞ്ഞു. അവസാനം കഅ്ബയെ ത്വവാഫ് ചെയ്തുകൊണ്ടല്ലാതെ ഒരാളും മക്കയിൽ നിന്ന് പിരിഞ്ഞു പോകരുത്) മുസ്‌ലിം 2 /963

അപ്രകാരം തന്നെ ഏത് സമയത്ത് ഒരാൾ കഅ്ബയെ ത്വവാഫ് ചെയ്യാൻ ഉദ്ദേശിച്ചാലും അയാളെ അതിൽ നിന്നും തടയുന്നതിനെ അല്ലാഹു വിലക്കിയിട്ടുണ്ട്

ജുബൈർ ഇബ്നു മുത്വഇം ﷺവിൽ നിന്നും നിവേദനം.

നിശ്ചയം നബിﷺ പറഞ്ഞു.

يا بني عبد مناف لا تمنعوا أحدا طاف بهذا البيت وصلى أية ساعة شاء من ليل أو نهار

(അബ്ദു മനാഫിന്റ സന്തതികളേ രാത്രിയോ പകലോ ആവട്ടെ ഈ ഭവനം ത്വവാഫ് ചെയ്യാനോ നമസ്കരിക്കാനോ ആരെങ്കിലും ഉദ്ദേശിച്ചാൽ അതിൽ നിന്നും അവനെ നിങ്ങൾ തടയരുത്)

(അബൂ ദാവൂദ് 1894, തിർമുദി 868, നസാഈ 585, 2924 ഇബ്നു മാജ 1254 ,ഇബ്നു ഖുസൈമ 2747 ,ഇബ്നു ഹിബ്ബാൻ 1552 , ഹാകിം 1 /448)

**മുസൽമാന്റെ അഭിമുഖ കേന്ദ്രം**

നമസ്ക്കരിക്കുമ്പോൾ അല്ലാഹുവിന്റെ ഭവനമായ കഅ്ബയിലേക്ക് തിരിയണമെന്ന് അല്ലാഹു എല്ലാ മുസ്ലീംകളോടും കൽപ്പിക്കുന്നു.പ്രവാചകനോടുള്ള കൽപനയായി അല്ലാഹു പറയുന്നു.

فَوَلِّ وَجْهَكَ شَطْرَ الْمَسْجِدِ الْحَرَامِ (سورة البقرة :144)



(മസ്ജിദുൽ ഹറാമിന്റെനേരെ നീ നിന്റെ മുഖത്തെ തിരിക്കുക.) സൂറത്തുൽ ബഖറ 144

സ്വഹീഹുൽ ബുഖാരിയിൽ ഇപ്രകാരം കാണാം. ഇബ്നു അബ്ബാസ് ﷺവിൽ നിന്ന് നിവേദനം. നബിﷺകഅ്ബയുടെ നേരെ രണ്ട് റക്അത്ത് നമസ്ക്കരിച്ച ശേഷം പറഞ്ഞു (ഇത് ഖിബ്‌ല (അഭിമുഖകേന്ദ്രം) മാകുന്നു) ബുഖാരി 1 /501

ഉസാമത്ത് ബ്നു സൈദ്ﷺവിൽ നിന്ന് ഉദ്ധരിക്കുന്നതും നസാഈ റിപ്പോർട്ടു ചെയ്തതുമായ ഒരു ഹദീസിൽ (പിന്നീടദ്ദേഹം കഅ്ബയിൽ നിന്നും പുറത്തു വരികയും അതിനഭിമുഖമായി രണ്ട് റക്അത്ത് നമസ്ക്കരിക്കുകയും ചെയ്ത ശേഷം (ഇതാണ് ഖിബ്‌ല(അഭിമുഖകേന്ദ്രം) ഖിബ്‌ല (അഭിമുഖകേന്ദ്രം) എന്നിങ്ങനെ പ്രഖ്യാപിക്കുകയും ചെയ്തു) എന്നു കൂടി കാണാം.

കഅ്ബയുടെ നാല് ഭാഗങ്ങളും ഖിബ്‌ല(അഭിമുഖകേന്ദ്ര)മായി പരിഗണിക്കപ്പെടുന്നു. അതിലേക്ക് തിരിഞ്ഞു കൊണ്ടല്ലാതെ ആരെങ്കിലും നമസ്ക്കരിക്കുന്നുവെങ്കിൽ അത് സ്വീകാര്യവുമല്ല. ബോധപൂർവ്വം ആരെങ്കിലും അങ്ങിനെ നമസ്ക്കരിച്ചിട്ടുണ്ടെങ്കിൽ അയാൾ ആ നമസ്ക്കാരം മുഴുവൻ മടക്കി നമസ്ക്കരിക്കേണ്ടതാകുന്നു. അതിനാൽ തന്നെ എവിടെ ആയിരുന്നാലും അതിന്റെ നേർക്കു തിരിഞ്ഞു നമസ്ക്കരിക്കൽ നിർബന്ധമാകുന്നു. (തഫ്സീർ ഖുർതുബി 2 /160)

എന്നാൽ യാത്രക്കിടയിലുള്ള സുന്നത്ത് നമസ്ക്കാരത്തിന് ഇത് ബാധകമല്ല. വാഹനം എങ്ങോട്ടു തിരിഞ്ഞിരിക്കുന്നുവോ ആ ദിശയിലേക്ക് തിരിഞ്ഞ് യാത്രക്കാരന് സുന്നത്ത് നമസ്ക്കരിക്കാവുന്നതാണ്. ഇത് തന്റെ സമുദായത്തിന് പ്രവാചകൻ നൽകിയ ഇളവാകുന്നു. ജാബിർﷺവിൽ നിന്ന് റിപ്പോർട്ടു ചെയ്യുന്ന ഒരു ഹദീസിൽ കാണാം. (നബിﷺ യാത്രയിലായിരിക്കുമ്പോൾ

വാഹനം ഏതു ഭാഗത്താണോ ആ ഭാഗത്തേക്കു തിരിഞ്ഞായിരുന്നു സുന്നത്ത് നമസ്ക്കാരം നിർവ്വെഹിച്ചിരുന്നത്.എന്നാൽ ഫര്ള് നമസ്ക്കാരങ്ങൾ നിർവ്വഹിക്കാൻ ഉദ്ദേശിച്ചാൽ വാഹനത്തിൽ നിന്ന് ഇറങ്ങുകയും ഖിബ്ലയിലേക്ക് തിരിയുകയും ചെയ്യാറുണ്ടായിരുന്നു.) ബുഖാരി 1 / 503

വിശ്വാസികൾ അവരുടെ ജീവിതകാലത്ത് നമസ്ക്കരിക്കുമ്പോൾ കഅ്ബയെ ഖിബ്ലയായി സ്വീകരിക്കുന്നതു പോലെ തന്നെ മരണാനന്തരവും അത് അവരുടെ അഭിമുഖ കേന്ദ്രം തന്നെയാണത്. ഇബ്നു ഉമറിൽ നിന്ന് ഉദ്ധരിച്ച ഒരു ഹദീസിൽ മഹാപാപങ്ങളെക്കുറിച്ച് പരാമർശിക്കവേ അദ്ദേ ഹം ഈ കാര്യം ഉണർത്തുന്നുണ്ട്.

والحاد بالبيت قبلتكم أحياء وأمواتا .

(മരിച്ചവരുടെയും ജീവിച്ചിരിക്കുന്നവരുടെയും അഭിമുഖ കേന്ദ്രമായ കഅ്ബാലയത്തിൽ അധർമ്മം കാണിക്കൽ മഹാപാപമാകുന്നു)

(അക്കാരണത്താലാണ് ജനാസ ഖബറിൽ വെക്കുമ്പോൾ വലതു ഭാഗത്തേക്കു ചെരിച്ചുകിടത്തി മുഖം ഖിബ്ലക്ക് അഭിമുഖമാക്കുവാൻ കൽപ്പിക്കപ്പെട്ടത്. ഈ രീതിയിൽ തന്നെയാണ് ഭുമുഖത്ത് മുഴുവൻ മഖ്ബറകളിലും മുസ്ലീംകൾ ജനാസ സംസ്ക്കരണം നടത്തുന്നത്.നബിﷺയുടെ കാലം മുതൽ ഇന്നുവരെ അത് തുടരുകയും ചെയ്യുന്നു) ഇബ്നു ഹസമിന്റെ അൽ മുഹല്ല 5/173

**വിസർജ്ജനവേളയിൽ കഅ്ബയെ മുന്നിടലും പിന്തിരിയലും**

മലമൂത്ര വിസർജ്ജനം നടത്തുന്ന വേളയിൽ കഅ്ബയെ മുന്നിടാനും പിന്തിരിയാനും പാടില്ല എന്നത് അതിനോടുള്ള പവിത്രതയെ സൂചിപ്പിക്കുന്നു. അബൂ അയ്യൂബുൽ അൻസാരിയിൽ



നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസ് കാണുക. അദ്ദേഹം പറഞ്ഞു. നബിﷺ പറഞ്ഞിട്ടുണ്ട്

إذا أتيتم الغائط فلا تستقبلوا القبلة ولا تستدبروها ولكن شرقوا أو غربوا

(നിങ്ങൾ വിസർജ്ജനത്തിന് ഉദ്ദേശിച്ചാൽ കഅ്ബയിലേക്ക് മുന്നിട്ടിരിക്കുവാനോ പിന്നിട്ടിരിക്കുവാനോ പാടില്ല.നിങ്ങൾ കിഴക്ക് ഭാഗത്തേക്കോ പടിഞ്ഞാറ് ഭാഗത്തേക്കോ തിരിഞ്ഞിരിക്കുക)

അബൂ അയ്യൂബ് പറയുന്നു ഞങ്ങൾ ശാം(സിറിയ)യിൽ എത്തിയപ്പോൾ അവിടെയുള്ള വിസർജ്ജന കേന്ദ്രങ്ങൾ ഖിബ് ലക്ക് അഭിമുഖമായ രീതിയിൽ നിർമ്മിക്കപ്പെട്ടതായി കണ്ടു. അപ്പോൾ ഞങ്ങൾ അതിൽ നിന്നും മാറിയിരിക്കുകയും അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്തു) ബുഖാരി 1 / 245, 1 /498, മുസ്ലിം 1 /224

സൽമാനുൽ ഫാരിസിയിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ അദ്ദേഹംപറഞ്ഞു.ചിലർ അദ്ദേഹത്തോടു പരിഹാസ രൂപത്തിൽ.

قد علمكم نبيكم صلى الله عليه وسلم كل شيء حتى الخراءة فقال سلمان

വിസർജ്ജനകാര്യങ്ങൾ പോലും നിങ്ങളുടെ പ്രവാചകൻ നിങ്ങളെ പഠിപ്പിക്കുകയാണോ? എന്ന് ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു

أجل نهانا أن نستقبل القبلة بغائط أو بول وأن نستنجي باليمين أو أن يستنجي أحدنا بأقل من ثلاثة أحجار أو أن نستنجي برجيع أو بعظم

(അതെ മലമൂത്ര വിസർജ്ജന വേളകളിൽ ഖിബ്ലക്ക് അഭിമുഖമായിരിക്കുന്നതിനെ അദ്ദേഹം ഞങ്ങളെ വിലക്കിയിട്ടുണ്ട്.വലതു കൈ കൊണ്ട് ശൗച്യം ചെയ്യാൻ പാടില്ലെന്നും കല്ലുകൊണ്ടാണ് ശൗച്യം ചെയ്യുന്നതെങ്കിൽ അത് മൂന്നിൽ കുറയാൻ പാടില്ലെന്നും

അതുപോലെ എല്ലു കൊണ്ടും മാലിന്യങ്ങൾകൊണ്ടും ശൗച്യം ചെയ്യരുതെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.) മുസ്ലിം 1 / 223

ഒഴിഞ്ഞ പ്രദേശങ്ങളിൽ ആയാലും അല്ലെങ്കിലും വിസർജ്ജന വേളകളിൽ കഅ്ബക്ക് മുന്നിടുന്നതും പിന്നിടുന്നതും വിരോധിക്കപ്പെട്ടതാണെന്ന് ഈ ഹദീസുകൾ വ്യക്തമായി പഠിപ്പിക്കുന്നു. എന്നാൽ മറ്റു ചില ഹദീസുകളിൽ ഇപ്രകാരമുള്ള വിലക്കുകൾ തുറസ്സായ സ്ഥലങ്ങളിൽ വെച്ച് വിസർജ്ജനം നടത്തുമ്പോഴാണെന്ന് കൂടുതൽ വ്യക്തമായി പഠിപ്പിക്കുകയും ചെയ്യുന്നു.

അബ്ദുള്ള ഇബ്നു ഉമർ﷛വിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം, നിങ്ങൾ വിസർജ്ജന വേളകളിൽ കഅ്ബക്ക് അഭിമുഖമായോ ബൈത്തുൽ മുഖദ്ദിസിലേക്ക് അഭിമുഖമായോ പിന്തിരിഞ്ഞോ ഇരിക്കരുതെന്ന് ചിലർ പറയാറുണ്ടായിരുന്നു,പക്ഷേ ഞാൻ ഒരിക്കൽ ഞങ്ങളുടെ എടുപ്പിന്റെ മുകളിൽ കയറുകയുണ്ടായി അപ്പോൾ നബിﷺ രണ്ടു കട്ടകളിലായി ബൈത്തുൽ മുഖദ്ദിസിന്റെ നേരെയിരുന്ന് വിസർജ്ജിക്കുന്നത് ഞാൻ കാണുകയുണ്ടായി) ബുഖാരി 1 / 246 മുസ്ലിം 1 / 225

മുസ്ലിമിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ട് ഇപ്രകാരമാണ്.ഇബ്നു ഉമർ﷛വിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു. എന്റെ സഹോദരി ഹഫ്സ﷛വിന്റെ വീട്ടിനു മുകളിൽ ഒരു ദിവസം ഞാൻ കയറിയപ്പോൾ കിബ്‌ലയിലേക്ക് പിന്നിട്ട രൂപത്തിൽ ശാമിന്റെ ഭാഗത്തേക്കു മുന്നിട്ടു കൊണ്ടായി നബിﷺ വിസർജ്ജനം നടത്തുന്നത് ഞാൻ കാണുകയുണ്ടായി) മുസ്ലിം1/225

ഈ രണ്ടു സംഭവങ്ങളെയും ഏകോപ്പിപ്പിച്ചു കൊണ്ട് പണ്ഡിതൻമാർ പറഞ്ഞിട്ടുള്ളത് മരുഭൂമി പോലെയുള്ള ഒഴിഞ്ഞ പ്രദേശമാണെങ്കിൽ കിബ്‌ലയിലേക്ക് മുന്നിട്ടുകൊണ്ടോ പിന്നിട്ടു കൊ



ണ്ടോ വിസർജ്ജനം നടത്താൻ പാടില്ല എന്നും അല്ലാത്ത സന്ദർഭങ്ങളിൽ അതിന് വിരോധമില്ല എന്നുമാണ്. തെളിവുകളെക്കുറിച്ചു പഠനവിധേയമാക്കിയാൽ ഈ വീക്ഷണമാണ് ഏറ്റവും പ്രബലം എന്നാണ് ഹാഫിള് ഇബ്നു ഹജറിന്റെ അഭിപ്രായവും)

**കഅ്ബയുടെ ഉള്ളിൽ നമസ്ക്കരിക്കൽ**

ആർക്കും ശല്യമാകാത്ത രൂപത്തിൽ ഒരാൾക്ക് കഅ്ബയുടെ ഉള്ളിൽ വെച്ച് നമസ്ക്കരിക്കാൻ സാധിച്ചാൽ അത് സുന്നത്താകുന്നു. കാരണം അബ്ദുള്ള ഇബ്നു ഉമർ﷛ പറയുന്നു.

دخل رسول الله صلى الله عليه وسلم البيت هو وأسامة بن زيد وبلال وعثمان بن طلحة فأغلقوا عليهم فلما فتحوا كنت أول من ولج فلقيت بلالا فسألته هل صلى فيه رسول الله صلى الله عليه وسلم قال نعم صلى بين العمودين اليمانيين

മക്കാവിജയ ദിവസം നബിﷺയും ഉസാമത്ത് ബ്നു സൈദ്, ബിലാൽ, ഉസ്മാനുബ്നു ത്വൽഹ എന്നിവരും കഅ്ബയുടെ ഉള്ളിൽ പ്രവേശിക്കുകയും വാതിൽ അടക്കുകയും ചെയ്തു.പിന്നീട് വാതിൽ തുറന്നപ്പോൾ ആദ്യമായി കഅ്ബയിൽ പ്രവേശിച്ചത് ഞാനായിരുന്നു. അവിടെ ബിലാലിനെ കണ്ടപ്പോൾ ഞാൻ ചോദിച്ചു നബിﷺ അകത്ത് വെച്ച് നമസ്ക്കരിച്ചുവോ? അദ്ദേഹം പറഞ്ഞു.അതെ. രണ്ടു യമാനി സ്തംഭങ്ങൾക്കിടയിലായി അദ്ദേഹം രണ്ടു റക്അത്ത് നമസ്ക്കരിച്ചു എന്നു പറയുകയും ചെയ്തു) ബുഖാരി 3 /463 മുസ്ലിം 2 /966

(കഅ്ബയുടെ അകത്ത് പ്രവേശിക്കാൻ അവസരം ലഭിച്ചാൽ ഇഷ്ടമുള്ള ഭാഗത്തേക്ക് തിരിഞ്ഞു നമസ്ക്കരിക്കാവുന്നതാണ്. ഇതാണ് ഇബ്നു ഉമറിന്റെ മൗലയായിരുന്ന നാഫിഇന്റെ വീക്ഷണം.) ഫത്ത്ഹുൽ ബാരി 5 ,6 / 1599

എന്നാൽ കഅ്ബയിൽവെച്ച് ഫർള് നമസ്ക്കാരം നിർവ്വഹിക്കൽ അനുവദനീയനമാണോ എന്ന കാര്യത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്.അപ്രകാരം തന്നെയാണ് ഹജർ ഇസ്മാഈൽ എന്ന സ്ഥലത്ത് വെച്ച് നമസ്ക്കരിക്കലും. അത് കഅ്ബയുടെ അകത്ത് വെച്ച് നമസ്ക്കരിക്കലായിട്ടാണ് പരിഗണിക്കപ്പെടുന്നത്. കാരണം അത് കഅ്ബയുടെ ഭാഗമാണ്. കൂടുതൽ വിവരണം താഴെ വരുന്നതാണ്

**കഅ്ബാലയത്തിന്റെ പരിസമാപ്തി**

അന്ത്യനാളിനെ കുറിച്ച് വിശുദ്ധ ഖുർആനിലും ഹദീസിലും ധാരാളം പരാമർശങ്ങളുണ്ട്.മാത്രമല്ല അതിന്റെ ഭീകരമായ ലക്ഷണങ്ങളെക്കുറിച്ചും അല്ലാഹുതന്നെ അറിയിച്ചിട്ടുണ്ട്. അന്ത്യനാളിന്റെ അടയാളങ്ങളായി അന്തിമ പ്രവാചകൻ പറഞ്ഞ കാര്യങ്ങളിൽപ്പെട്ടതാണ് അതിനോടനുബന്ധിച്ച് അല്ലാഹ് . . .അല്ലാഹ്. . . എന്ന് പറയുന്ന ഒരാളും ഉണ്ടാകാത്ത അവസ്ഥ സംജാതമാകും എന്നുള്ളത്.അപ്രകാരം തന്നെ വീണ്ടും പുനർ നിർമ്മിക്കാനാവാത്ത രൂപത്തിൽ കഅ്ബ പൊളിക്കപ്പെടും എന്നും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. അബൂ ഹുറൈറയിൽ നിന്ന് നിവേദനം ചെയ്ത ഒരു ഹദീസിൽ നബിﷺ പറഞ്ഞു.

عن أبي هريرة قال قال رسول الله صلى الله عليه وسلم يخرب الكعبة ذو السويقتين من الحبشة .

(ഏത്യോപ്യയിൽ നിന്നുള്ള മെലിഞ്ഞ കാലുകളുള്ള ഒരാൾ കഅ്ബാലയം നശിപ്പിക്കുന്നതാണ്) ബുഖാരി 3/454 മുസ്ലിം 4/2232

## ഹജറുൽ അസ്‌വദ്

കഅ്ബാലയത്തിന്റെ കിഴക്കേ അറ്റത്തുള്ള മൂലയിൽ പതിച്ച് വെച്ച നിലയിലാണ് ഹജറുൽ അസ്‌വദ് സ്തിഥി ചെയ്യുന്നത്.അ



തിന്റെ നേർക്കുനിന്നാണ് കഅ്ബ ത്വവാഫ് ചെയ്യൽ ആരംഭിക്കുന്നത്.അത് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. ഹജറുൽ അസ്‌വദിന്റെ മഹനീയതയും അതിന്റെ ശ്രേഷ്ടതയും ധാരാളമായി ഹദീസുകളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു.

**സ്വർഗ്ഗത്തിൽ നിന്നുള്ള കറുത്ത ശില**

ഹജറുൽ അസ്‌വദെന്ന കറുത്ത ശില, അത് സ്വർഗ്ഗത്തിൽ നിന്നുള്ളതായിരുന്നുവെന്നും അതിന് പാലിനെക്കാൾ തൂവെള്ള നിറമായിരുന്നുവെന്നും ഹദീസുകളിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. മനുഷ്യരുടെ കുറ്റകൃത്യത്തിന്റെ സ്വാധീനത്താൽ ആ ശില കറുത്തുപോയതാണെന്നും ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഇബ്നുഅബ്ബാസിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസിൽ കാണാം നബിﷺ പറഞ്ഞു.

الحجر الأسود من الجنة .

(ഹജറുൽ അസ്‌വദ് സ്വർഗ്ഗത്തിൽ നിന്നുള്ളതാണ്) നസാഈ 5/220

അദ്ദേഹത്തിൽ നിന്നുതന്നെ റിപ്പോർട്ടു ചെയ്ത മറ്റൊരു ഹദീസിൽ തിർമുദി ഉദ്ധരിക്കുന്നു

نزل الحجر الأسود من الجنة وهو أشد بياضا من اللبن فسودته خطايا بني آدم

(ഹജറുൽ അസ്‌വദ് സ്വർഗ്ഗത്തിൽ നിന്നും അവതരിക്കുന്ന (ഇറക്കുന്ന)സന്ദർഭത്തിൽ പാലിനെക്കാൾ വെളുത്തതായിരുന്നു. എന്നാൽ മനുഷ്യരുടെ പാപം കാരണം അത് കറുത്തുപോയി)തിർമുദി 3 /226

**ഹജറുൽ അസ്‌വദിനെ ചുംബിക്കലും,തൊട്ടു മുത്തലും**

ഹജറുൽ അസ്‌വദിനോടുള്ള ആദരവ് എങ്ങനെയാണ് കാണിക്കേണ്ടത് എന്ന് നബിﷺ തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. കഅ്

ബയെ ത്വവാഫ് ചെയ്യുമ്പോൾ ഹജറുൽ അസ്‌വദിന്റെ സ്ഥാനത്ത് നിന്ന് തുടങ്ങണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.കഴിയുമെങ്കിൽ അതിനെ ചുംബിക്കുവാൻ കൽപ്പിച്ചിരിക്കുന്നു. അതിനു കഴിയാത്തവർ കൈകൊണ്ടു തൊട്ടു മുത്തണമെന്നും അതിനും സാധ്യമല്ലെങ്കിൽ അവർ അതിന്റെ നേർക്ക് ആംഗ്യം കാണിക്കണമെന്നും അപ്പോഴെല്ലാം തക്ബീർ മുഴക്കണമെന്നും ചര്യയാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ സന്ദർഭങ്ങളിലൊന്നും തന്നെ മറ്റുള്ളവർക്ക് ശല്യമുണ്ടാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സുബൈർ ഇബ്നു അറബിؓവിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസ് കാണുക.അദ്ദേഹം പറഞ്ഞു.ഹജറുൽ അസ്‌വദ് തൊട്ടു ചുംബിക്കുന്നതിനെ കുറിച്ച് ഇബ്നു ഉമർؓനോടു ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു(നബിﷺ അതിനെ ചുംബിക്കുന്നതായും തൊട്ടുമുത്തുന്നതായും ഞാൻ കണ്ടിട്ടുണ്ട്) ബുഖാരി,ഫത്ത്ഹുൽ ബാരി 3 /475

നാഫിഅ്ؓവിൽ നിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. ഇബ്നു ഉമർؓ തന്റെ കൈകൊണ്ട് ഹജറുൽ അസ്‌വദ് തൊടുകയും ആ കൈ ചുംബിക്കുകയും ചെയ്ത ശേഷം പറഞ്ഞു.നബിﷺ ഇങ്ങനെ ചെയ്തതായി കണ്ടശേഷം പിന്നീട് ഞാൻ ഒരിക്കലും അങ്ങിനെ ചെയ്യാതിരുന്നിട്ടില്ല.) മുസ്ലിം 2 / 924

അബൂ തുഫൈൽؓ ആമിർ ഇബ്നു വാസിലؓവിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു.

عن أبي الطفيل عامر بن واثلة قال رأيت رسول الله صلى الله عليه وسلم يطوف بالبيت ويستلم الركن بمحجن معه ويقبل المحجن رواه مسلم وأبو داود وابن ماجه



(നബിﷺകഅ്ബ ത്വവാഫ് ചെയ്യുന്നതായും അപ്പോൾ തന്റെ ഊന്നു വടി കൊണ്ട് ഹജറുൽ അസ്‌വദ് സ്പർശിക്കുകയും പിന്നീട് ആ വടി ചുംബിക്കുകയും ചെയ്യുന്നതായിഞാൻ കണ്ടിട്ടുണ്ട്) മുസ്‌ലിം 2 / 927

ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു.ഒരു ഒട്ടക പുറത്തേറി പ്രവാചകൻ കഅ്ബയെ ത്വവാഫ് ചെയ്തു. ഹജറുൽ അസ്‌വദിന്റെ നേർക്ക് എത്തുമ്പോഴെല്ലാം പ്രവാചകൻ തന്റെ കൈയ്യിലുള്ള വടികൊണ്ട് അതിന്റെ നേർക്ക് ചൂണ്ടുകയും തക്ബീർ മുഴക്കുകയും ചെയ്തു) ബുഖാരി 3 / 476

സുവൈദ് ഇബ്നു ഗഫലؓവിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു.

رأيت عمر قبل الحجر والتزمه وقال رأيت رسول الله صلى الله عليه وسلم بك حفيا

(ഉമർؓ ഹജറുൽ അസ്‌വദിനെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.അപ്പോൾ അദ്ദേഹം(നിന്നെ നബിﷺചുംബിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്)എന്ന് പറയുകയും ചെയ്തിരുന്നു.) മുസ്ലിം 2/926

ഇബ്നു ഖുസൈമയിൽ നിന്നും റിപ്പോർട്ടു ചെയ്ത ജഅ്ഫർ ഇബ്നു അബ്ദുള്ളയിൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു.മുഹമ്മദ് ഇബ്നു ഉബ്ബാദ് ഇബ്നു ജഅ്ഫർ ഹജറുൽ അസ്‌വദ് ചുംബിക്കുകയും അതിൽ സുജൂദ് ചെയ്യുന്നതും ഞാൻ കണ്ടിട്ടുണ്ട്. പിന്നീട് അദ്ദേഹം പറഞ്ഞു ഖാലിദ് ഇബ്നു അബ്ബാസ് ഹജറുൽ അസ്‌വദ് ചുംബിക്കുകയും അതിൻമേൽ സുജൂദ് ചെയ്യുകയും ചെയ്തിരുന്നു. ഇബ്നു അബ്ബാസ്ؓ പറഞ്ഞു. ഉമർؓ ഹജറുൽ അസ്‌വദ് ചുംബിക്കുകയും അതി ൻമേൽ സുജൂദ് ചെയ്യുകയും ചെയ്തിരുന്നു. അപ്പോൾ നബിﷺഇപ്രകാരം ചെയ്യുന്ന

ത് കണ്ടതുകൊണ്ടാണ് ഞാനും ഇങ്ങിനെ ചെയ്യുന്നത് എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.) ഇബ്നു ഖുസൈമ 4 / 213

ഈ ഹദീസ് ഉദ്ധരിക്കുന്ന അദ്ധ്യായത്തിന് ഇബ്നു ഖുസൈമ നൽകിയ പേര് (ത്വവാഫിന്റെ സന്ദർഭത്തിൽ മറ്റു മുസ്ലിംകൾക്ക് പ്രയാസം ഉണ്ടാക്കാത്ത രൂപത്തിൽ ഒരാൾക്ക് സുജൂദ് ചെയ്യാൻ കഴിഞ്ഞാൽ അപ്രകാരം ചെയ്യൽ) എന്നാകുന്നു

ഹജറുൽ അസ്‌വദിനെ ചുംബിക്കുന്നതും തൊട്ടുമുത്തലും അതിൻമേൽ സുജൂദ് ചെയ്യലും മതപരമായ നിർദ്ദേശങ്ങളാൽ പ്രോൽസാഹിപ്പിക്കപ്പെട്ടതും പുണ്യമുള്ള പ്രവാചക ചര്യയുമാണെന്ന് ഇതിൽനിന്നെല്ലാം നമുക്ക് മനസ്സിലാക്കാം.

എന്നാൽ ഹജറുൽ അസ്‌വദിന് എന്തെങ്കിലും തരത്തിൽ നൻമ ചെയ്യാനോ തിൻമ തട്ടിമാറ്റാനോ സാധിക്കുമെന്ന് വിശ്വസിക്കുവാൻ പാടില്ല.ഈ കാര്യം ഉമർﷺഹജറുൽ അസ്‌വദ് ചുംബിച്ച സന്ദർഭത്തിൽ പ്രത്യേകം ഉണർത്തിയിട്ടുണ്ട്.അദ്ദേഹം പറയാറുണ്ടായിരുന്നു.

وإني أعلم أنك حجر لا تضر ولا تنفع ولولا أني رأيت رسول الله صلى الله عليه وسلم يقبلك ما قبلتك

(നീ ഉപദ്രവമോ ഉപകാരമോ ചെയ്യാൻകഴിയാത്ത കേവലം ഒരു കല്ലാണെന്ന് എനിക്കറിയാം. പക്ഷേ പ്രവാചകൻﷺ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാനും നിന്നെ ചുംബിക്കുമായിരുന്നില്ല.) ബുഖാരി 3 :462

**ഹജറുൽ അസ്‌വദിനെ സ്പർശിച്ചാൽ പാപങ്ങൾ ഉതിർന്നു പോകും**

അബൂ ഉബൈദ്ബ്നു ഉമറിൽ നിന്നു നിവേദനം. ഒരാൾ വന്നു ഇബ്നു ഉമർﷺനോടു ചോദിക്കുകയുണ്ടായി. അബൂ അബ്



ദു റഹ്മാൻ താങ്കൾ ഈ രണ്ടു റുക്നുകളെയല്ലാതെ മറ്റൊന്നിനേയും ചുംബിക്കുന്നതായി കാണാത്തതെന്താണ്? അപ്പോൾ അദ്ദേഹം പറഞ്ഞു അതിനെ സ്പർശിച്ചാൽ പാപങ്ങൾ ഉതിർന്നു പോകുമെന്ന് നബിﷺ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്) നസാഈ 5/221

ആത്മാർത്ഥമായും പ്രതിഫലേഛയോടും ഇപ്രകാരം ചെയ്താൽ ധാരാളം പ്രതിഫലം ലഭിക്കുമെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം

**ഹജറുൽ അസ്‌വദ് അന്ത്യനാളിൽ സാക്ഷ്യം വഹിക്കുന്നു**

ഇമാം അഹ്മദ് തന്റെ മുസ്നദിലും ഇബ്നു ഖുസൈമ തന്റെ സ്വഹീഹിലും ഹാകിമിന്റെ മുസ്തദ്റകിലും റിപ്പോർട്ടു ചെയ്ത ഒരു ഹദീസിൽ കാണാം ഇബ്നു അബ്ബാസ്ﷺവിൽ നിന്നും നിവേദനം അദ്ദേഹം പറഞ്ഞു നബിﷺ പറഞ്ഞിരിക്കുന്നു.

إن لهذا الحجر لسانا وشفتين يشهد لمن استلمه يوم القيامة بحق

നിശ്ചയം അന്ത്യനാളിൽ ഈ കല്ലിന് നാവും രണ്ട് ചുണ്ടുകളും ഉണ്ടാവുകയും അർഹമായ രൂപത്തിൽ അതിനെ ചുംബിച്ചവർക്കു വേണ്ടി അത് സാക്ഷി പറയുകയും ചെയ്യുന്നതാണ്. ഇബ്നു ഖുസൈമ 4 /221 മുസ്നദു ഇമാം അഹ്മദ് 1 /266 മുസ്നദു ഹാകിം1/ 45

അതിനാൽതന്നെ ത്വവാഫ് ചെയ്യുന്ന മറ്റുള്ളവർക്ക് ശല്യമാകുന്ന രൂപത്തിൽ ഹജറുൽ അസ്‌വദിനെ ചുംബിക്കുന്നത് അനർഹമായ രൂപത്തിലാവുകയും മുസ്ലീംകൾക്ക് ഉപദ്രവമാകുന്നു എന്ന കാരണത്താൽ പ്രതിഫലം നഷ്ടപ്പെടുമെന്നും ഈ ഹദീസിൽ നിന്നുതന്നെ അനുമാനിക്കാവുന്നതാണ്. പ്രവാചകൻﷺ ഉ

മർؓവിനോട് നൽകിയ ഒരു കൽപന ഈ വസ്തുത കൂടുതൽ വ്യക്തമാക്കുകയും ചെയ്യുന്നു. അവിടുന്ന് പറഞ്ഞു ഉമറേ താങ്കൾ കൂടുതൽ ശക്തനാണ് പക്ഷേ ദുർബലരെ താങ്കൾ പ്രയാസപ്പെടുത്തരുത്.ഹജറുൽ അസ്വദ് ചുംബിക്കാനുള്ള അവസരം ഉണ്ടെങ്കിൽ മാത്രംചുംബിക്കുകയും ഇല്ലെങ്കിൽ തക്ബീർ മുഴക്കി മുന്നോട്ടു പോകുകയും ചെയ്യുക. അഖ്ബാറു മക്ക 1 / 433

ഇബ്നു അബ്ബാസ് പറയാറുണ്ടായിരുന്നു ഹജറുൽ അസ്വദിന്റെയടുക്കൽ തിരക്ക് അനുഭവപ്പെട്ടാൽ നീ ആർക്കും ശല്യമാകാതെയുംമറ്റുള്ളവരാൽ നിനക്ക് ബുദ്ധിമുട്ട് ഉണ്ടാവാതെയും ഇരിക്കാൻ ശ്രദ്ധിക്കണം. അഖ്ബാറു മക്ക 1 /344

തിരക്ക് അനുഭവപ്പെടുമ്പോൾ ഈ നിർദ്ദേശം പാലിക്കുവാൻ ഏറ്റവും കൂടുതൽ ബാധ്യത സ്ത്രീകൾക്കാണ്. വളരെ പ്രയാസത്തോടെ ഞെരുക്കമുള്ള സന്ദർഭത്തിൽ ഹജറുൽ അസ്വദ് ചുംബിക്കാൻ ശ്രമിക്കുന്ന സ്ത്രീയെ കണ്ടപ്പോൾ അതാഅ് ബ്നു റബാഅ് ഇപ്രകാരം പറയുകയുണ്ടായി (സ്ത്രീകൾ ഹജറുൽ അസ്വദ് ചുംബിക്കേണ്ടതില്ല.) അഖ്ബാറു മക്ക 1 /334

അന്യ പുരുഷ്യൻമാരും തിരക്കുമുള്ള സന്ദർഭത്തിലാണിത്. അതിനാൽതന്നെ ഇമാം സലാം വീട്ടുന്നതിനു മുമ്പായി സലാം വീട്ടാനും അതു ചുംബിക്കാൻ ശ്രമിക്കലും അനുവദനീയമല്ല.

ത്വവാഫ് ചെയ്യുന്നതിനിടയിൽ ഹജറുൽ അസ്വദിനടുത്തുകൂടി നടന്നു പോകുമ്പോഴെല്ലാം തക്ബീർ മുഴക്കൽ.

(ഓരോ ത്വവാഫിന്റെയും ആരംഭം കുറിക്കുന്നത് ഹജറുൽ അസ്വദിന്റെ നേരെ നിന്നാണ്. അതിനാൽ തന്നെ അതിന്റെ നേരെയെത്തുമ്പോൾ തക്ബീർ ചൊല്ലൽ സുന്നത്താണ്. അങ്ങിനെ ഏഴാം തവണ ത്വവാഫ് പൂർണ്ണമാകുമ്പോഴും തക്ബീർ ചൊല്ലിയിരിക്കണം എന്നും ത്വവാഫ് ചെയ്യുന്നവർക്ക് എട്ടു പ്രാവശ്യം



തക്ബീർ ചൊല്ലേണ്ടതുണ്ട് എന്നുമാണ് പണ്ഡിതൻമാരുടെ അഭിപ്രായം)(പണ്ഡിത സഭയുടെ ഫത്ത്വവ കാണുക 1/224,225)

ഇബ്നു അബ്ബാസിൽ നിന്നും ഉദ്ധരിക്കുന്ന ഹദീസ് കാണുക അദ്ദേഹം പറഞ്ഞു (പ്രവാചകൻﷺ ഒരു ഒട്ടക പുറത്തിരുന്നു കഅ്ബ ത്വവാഫ് ചെയ്തു. അദ്ദേഹം ഹജറുൽ അസ്വദിന്റെ മൂലയിൽ എത്തുമ്പോഴെല്ലാം തന്റെ കൈയിലുണ്ടായിരുന്ന വടി കൊണ്ട് അതിന്റെ നേർക്ക് ആംഗ്യം കാണിക്കുകയും തക്ബീർ മുഴക്കുകയും ചെയ്തു..) ബുഖാരി 3 /476

ചില പണ്ഡിതൻമാരുടെ വീക്ഷണത്തിൽ തക്ബീറുകൾ കൊണ്ട് പരിമിതപ്പെടുത്തലാണ് നല്ലത്.അതിനാൽ തക്ബീർ ചൊല്ലേണ്ടത് ത്വവാഫിന്റെ ആരംഭത്തിലാണ് അവസാനത്തിലല്ല എന്നതാണ്. ശറഹ് സാദുൽ മുസ്തൻഖഅ്നിഅ് 7 /281

തക്ബീർ ചൊല്ലുന്ന വേളയിൽ(ബിസ്മില്ലാഹി അല്ലാഹു അക്ബർ)എന്നാണ് ചൊല്ലേണ്ടത് എന്ന് ഇബ്നു ഉമർؓവിൽ നിന്ന് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്) ബൈഹഖിയുടെ സുനനുൽ കുബ്റ 5 / 79

**റുക്നുൽ യമാനി**

കഅ്ബയുടെ തെക്കു പടിഞ്ഞാറ് ഭാഗത്ത് സ്തിഥി ചെയ്യുന്ന മൂലയാണ് (റുക്നുൽ യമാനി) എന്ന പേരിൽ അറിയപ്പെടുന്നത്. അതിനെ കൈകൊണ്ട് സ്പർശിക്കൽ സുന്നത്താണ്. എന്നാൽ അതിൻമേൽ ചുംബിക്കേണ്ടതില്ല.ഉമർؓവിൽ നിന്നും റിപ്പോർട്ടു ചെയ്യുന്ന ഒരു ഹദീസിൽ നബിﷺ തന്റെ കൈ കൊണ്ട് അതിനെ സ്പർശിച്ചിരുന്നതായി സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്.അദ്ദേഹം പറഞ്ഞു(കഅ്ബയിൽ രണ്ട് റുക്നുകളിലല്ലാതെ പ്രവാചകൻﷺ മ

റ്റെവിടെയെങ്കിലും ചുംബിക്കാറോ സ്പർശിക്കാറോ ഉണ്ടായിരുന്നില്ല.) മുസ്‌ലിം 2 / 924

## മുൽതസം

കഅ്ബയുടെ ചുമരുകളോട് പറ്റിച്ചേർന്നു നിൽക്കാവുന്ന ഭാഗം എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.കഅ്ബയുടെ വാതിലിന്റെയും ഹജറുൽ അസ്‌വദിന്റെയും ഇടയിലുള്ള ഭാഗമാണിത്.ഈ കാര്യം ഇബ്നു അബ്ബാസിൽനിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.അദ്ദേഹം പറഞ്ഞു (വാതിലിന്റെയും ഈ റുക്നി(ഹജറുൽ അസ്‌വദ്)ന്റെയും ഇടയിലുള്ള ഭാഗമാണ് മുൽതസം എന്നു പറയുന്നത്) മുസ്വനിഫ് അബ്ദു റസാഖ് അസ്വൻആനി 5 /76

ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ പറയുന്നത് കാണുക.

(ഹജറുൽ അസ്‌വദിന്റെയും കഅ്ബയുടെ വാതിലിന്റെയും ഇടയിലുള്ള ഭാഗത്ത് നെഞ്ചും മുഖവും മുഴംകൈകളും കൈപത്തിയും ചേർത്ത്‌വെച്ച് തന്റെ ആവശ്യങ്ങൾ എടുത്തു പറഞ്ഞ് അല്ലാഹുവിനോട് പ്രാർത്ഥിക്കുക സുന്നത്താണ്.ഇപ്രകാരം പ്രാർത്ഥിക്കൽ വിടവാങ്ങൽ ത്വവാഫിന്റെ മുന്നിലും മറ്റു സന്ദർഭങ്ങളിലും ചെയ്യാവുന്നതാണ്. മക്കയിലേക്ക് പ്രവേശിക്കുന്ന വേളകളിൽ സഹാബിമാർ ഇപ്രകാരം ചെയ്യാറുണ്ടായിരുന്നു.ആ സന്ദർഭങ്ങളിൽ ഇബ്നു അബ്ബാസിൽ നിന്നും നിവേദനം ചെയ്യപ്പെട്ട പ്രാർത്ഥന ചൊല്ലാവുന്നതാണ് അത് ഇപ്രകാരമാണ് (അല്ലാഹുവേ ഞാൻ നിന്റെ ദാസികയുടെയും ദാസന്റെയും പുത്രനായ ഒരു എളിയ ദാസനാകുന്നു. നിന്റെ സൃഷ്ടികളിൽ പലതിനെയും നീ എനിക്ക് കീഴ്പെടുത്തി തന്നിരിക്കുന്നു. നിന്റെ ഭൂമിയിൽ സഞ്ചരിക്കാൻ എനിക്ക് സൗകര്യം ഒരുക്കി തരികയും അങ്ങിനെ നിന്റെ മഹത്തായ മന്ദിരത്തിൽ എത്തിചേരാൻ എന്നെ അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. വിശുദ്ധമായ ഹജ്ജ് ചെയ്യാൻ



എന്നെ നീ സഹായിച്ചിരിക്കുന്നു. അവയെല്ലാം നീ തൃപ്തിപ്പെട്ടുവെങ്കിൽ നിന്റെ തൃപ്തി നീ ഇനിയും വർദ്ധിപ്പിച്ചു തരേണമേ. അവയെല്ലാം നീ തൃപ്തിപ്പെട്ടിട്ടില്ലായെങ്കിൽ ഞാൻ ഈ മന്ദിരം വിട്ടുപോകും മുമ്പ് ഇപ്പോൾ തന്നെ നീ അവ ഇഷ്ടപ്പെട്ടു തരേണമേ. നിന്റെ തൗഫീഖ് ഉണ്ടായാൽ ഞാൻ ഈ മന്ദിരം വിട്ടുപോകുകയാണ്. എന്നാൽ ഈ വിടവാങ്ങൽ നിന്നോടോ നിന്റെ മന്ദിരത്തോടോ വെറുത്തുകൊണ്ടല്ല. അല്ലാഹുവേ എനിക്ക് എന്റെ ശരീരത്തിൽ ആരോഗ്യവും ഐശ്വര്യവും തരേണമേ.അല്ലാഹുവേ എന്റെ മതത്തെ നീ സുരക്ഷിതമാക്കിതരികയും എനിക്ക് തിരിച്ചു ചെല്ലാനുള്ള സ്ഥലം നീ നന്നാക്കി തീർക്കുകയും ചെയ്യണേമേ. അല്ലാഹുവേ ഞാൻ ജീവിക്കുന്നിടത്തോളം നിനക്ക് കീഴ്പ്പെട്ടു ജീവിക്കാനും നീ ഭാഗ്യം നൽകേണമേ. അല്ലാഹുവേ നീ സർവ്വ ശക്തനല്ലേ അതിനാൽ എനിക്ക് ഭൗതികവും പാരത്രികവുമായ നൻമകൾ ചൊരിഞ്ഞു തരേണമേ). (ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യയുടെഫത്താവാ സമാഹാരം 26/ 142)

## അൽ ഹിജ്റ്

അർദ്ധ വൃത്താകൃതിയിൽ കഅ്ബയുടെ വടക്ക് ഭാഗത്ത് കാണപ്പെടുന്ന ഭാഗമാണ് ഹിജ്റ് എന്നപേരിൽ അറിയപ്പെടുന്നത്.കഅ്ബാ നിർമ്മാണ സന്ദർഭത്തിൽ അതും കൂടി ഉൾപ്പെടുത്തി വികസിപ്പിക്കാനുള്ള കഴിവില്ലായ്മ നിമിത്തം ഖുറൈശികൾ അത് കല്ലു കെട്ടി ഒഴിച്ചിട്ടതാണെന്ന് പറയപ്പെടുന്നു. അതിനാൽ തന്നെ അത്രയും ഭാഗങ്ങൾ കഅ്ബയുടെ തന്നെ ഭാഗമായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ഇബ്റാഹീം(عليه السلام) പണിതുയർത്തിയ അടിസ്ഥാന ശിലയിൽ പൂർത്തീകരിക്കാൻ കഴിയാതെ വന്നപ്പോൾ അത്രയും ഭാഗം കല്ലുകൾ കൊണ്ട് അടയാളം വെക്കുകയാണുണ്ടായത്.അതിനാൽ ആഭാഗം ഹിജ്റ് എന്ന പേരിൽ അറിയപ്പെട്ടു.മുസ്ലിം നി

വേദനം ചെയ്ത് ആയിശ(റ)വിൽ നിന്ന് ഉദ്ധരിച്ച ഒരു ഹദീസിൽ അവർ പറഞ്ഞു(നബി(സ) പറഞ്ഞു ആയിശാ.. നിന്റെ ജനതക്ക് കഅ്ബാലയം മുഴുവനായി പടുത്തുയർത്താൻ സാധിച്ചിട്ടില്ല.പുതുതായി ഇസ്ലാം സ്വീകരിച്ചവർ ഇല്ലായിരുന്നെങ്കിൽ ഞാൻ അത് പൂർത്തിയാക്കുമായിരുന്നു.എന്റെ ശേഷം ആരെങ്കിലും അത് പൂർണ്ണമായ രൂപത്തിൽ പടുത്തുയർത്തുന്നുവെങ്കിൽ അതിന്റെ നിർണ്ണിത പരിധി നിനക്ക് ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞു കൊണ്ട് ഏകദേശം ഏഴുമുഴം വരെ കാണിച്ചു കൊടുക്കുകയും ചെയ്തു) മുസ്‌ലിം 1 /971

കഅ്ബയിൽപെട്ട ഭാഗമാണ് എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കുന്നത് പ്രവാചകൻ കാണിച്ചു കൊടുത്ത അത്രയും ഭാഗം മാത്രമാണ്. എന്നാൽ ഇന്ന് കാണപ്പെടുന്ന അർദ്ധ വൃത്താകൃതിയിലുള്ള ഭാഗം അതിനെക്കാൾ എത്രയോ കൂടുതലാണ് അതിനാൽതന്നെ പ്രവാചകൻ നിർദ്ദേശിച്ച അത്രയും ഭാഗങ്ങളിൽ നിന്ന് നമസ്ക്കാരം നിർവ്വഹിക്കുന്നുവെങ്കിൽ മാത്രമേ അത് കഅ്ബയിൽ നമസ്ക്കരിച്ചതായി പരിഗണിക്കപ്പെടുകയുള്ളൂ.

ഹിജ്റിനകത്ത് നമസ്ക്കരിക്കുന്നത് കഅ്ബാലയത്തിനകത്ത് നമസ്ക്കരിക്കുന്നതിന് തുല്യമാണ്.നബി(സ)ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അബ്ദു റസാഖ് ആയിശ(റ)വിൽ നിന്നും റിപ്പോർട്ടു ചെയ്ത ഒരു ഹദീസിൽ അവർ പറഞ്ഞു (ഒരിക്കൽ ഞാൻ കഅ്ബയിൽ പ്രവേശിച്ച് നമസ്ക്കരിക്കുവാൻ ഉദ്ദേശിച്ചു.അപ്പോൾ നബി(സ) എന്റെ കൈ പിടിച്ച് ഹിജ്റിൽ പ്രവേശിപ്പിച്ചു. പിന്നീട് അദ്ദേഹം പറഞ്ഞു(അങ്ങിനെ ഉദ്ദേശിക്കുന്നുവെങ്കിൽ നീ ഹിജ്റിൽ വെച്ച് നമസ്ക്കരിക്കുക.കാരണം കഅ്ബാ നിർമ്മാണവേളയിൽ അവർക്ക് പൂർത്തീകരിക്കാൻ കഴിയാതിരുന്നപ്പോൾ അവർ ഒഴി



വാക്കിയ കഅ്ബയുടെ ഭാഗം തന്നെയാണ് ഹിജ്റ്) ഇമാം അഹ്മദ് 6/92, ഇബ്നുഖുസൈമ 3018, ശറഹു മആനി ത്വഹാവി 1/392

അപ്രകാരം തന്നെ ത്വവാഫ് ചെയ്യുമ്പോൾ ഹിജ്റിന്റെ പുറത്തു കൂടി ആയാൽ മാത്രമേ അത് ശരിയാവുകയുള്ളൂ. ഈ ഭാഗത്തെ ഹിജ്റ് ഇസ്മാഈൽ എന്നു പറയുന്നതും ശരിയല്ല. ചിലർ ഇസ്മാഈൽ(അ)യും മറ്റു ചില പ്രവാചകൻമാരും മറവു ചെയ്യപ്പെട്ടത് ഇവിടെയാണെന്ന് കരുതാറുണ്ട്. ഇത് അന്ധ വിശ്വാസമാണ്.

## മഖാമു ഇബ്റാഹീം

വിശുദ്ധഹറം ശരീഫിൽ ഏറ്റവും സുവ്യക്തമായ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് മഖാമു ഇബ്റാഹീം എന്നസ്ഥാനം. വിശുദ്ധ കഅ്ബാലയം പടുത്തുയർത്തുവാൻ ഇബ്റാഹീം(അ) കയറിനിന്ന കല്ലായിരുന്നു അതെന്ന് ഇസ്ലാമിക ഗ്രന്ഥങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. കഅ്ബാലയം പടുത്തുയർത്തിയ ശേഷം അതേ കല്ലിൽ കയറി നിന്നാണ് അദ്ദേഹം ഹജ്ജിനു വേണ്ടിയുള്ള വിളംബരം നടത്തിയതും.) ശിഫാഉൽ ഗറാം ലിൽ ഫാസി 1 / 203

കഅ്ബാ നിർമ്മാണത്തെ് കുറിച്ചു ബുഖാരിയിൽ റിപ്പോർട്ടു ചെയ്ത കാര്യം നാം മുമ്പ് കാണുകയുണ്ടായി.ഇസ്മാഈൽ കല്ലുകൾ കൊണ്ടുവരികയും ഇബ്റാഹീം(അ) പടുത്തുയർത്തുകയുമാണുണ്ടായത്. അതിന്റെ എടുപ്പ് ഉയർന്ന സന്ദർഭത്തിൽ പടവു നിർവ്വഹിക്കാനായി അദ്ദേഹം ഒരു കല്ലിൽ കയറി നിന്ന് പുത്രൻ ഇസ്മാഈൽ കല്ലുകൾ ഉയർത്തികൊടുത്തു.അപ്പോൾ രണ്ടുപേരുംകൂടി നടത്തിയ പ്രാർത്ഥന ഖുർആനിൽ ഇപ്രകാരം കാണാം

رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ} (سورة البقرة )

(ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽ നിന്നും ഇത് സ്വീകരിക്കേണമേ നിശ്ചയം നീ എല്ലാം അറിയുന്നവനും കേൾക്കുന്നവനുമാണ്) ബഖറ /127

നിർഭയ നാടായ മക്കയിൽ ഇബ്റാഹീം നബിയുടെ വ്യക്തമായ ദൃഷ്ടാന്തങ്ങളെ കുറിച്ചു പരാമർശിച്ചപ്പോൾ ഈ കാര്യം അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

فِيهِ آيَاتٌ بَيِّنَاتٌ مَّقَامُ إِبْرَاهِيمَ وَمَن دَخَلَهُ كَانَ آمِنًا

(അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങളും മഖാമു ഇബ്റാബീമുമുണ്ട്. അതിൽ പ്രവേശിച്ചവൻ നിർഭയനെത്രെ) ആലു ഇംറാൻ/97

ഇബ്നു ജരീർ അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ പറയുന്നത് കാണുക (മനുഷ്യർക്ക് അനുഗ്രഹമായി ആദ്യമായി നിർമ്മിക്കപ്പെട്ട ഭവനവും ലോകർക്കുള്ള മാർഗ ദർശക കേന്ദ്രവുമാകുന്നു മക്കയിലെ കഅ്ബാലയം അല്ലാഹുവിന്റെ ധാരാളം ദൃഷ്ടാന്തങ്ങൾ അവിടെയുണ്ട്. ഇബ്റാഹീം നബിയുടെ അടയാളങ്ങളും അവിടെയുണ്ട്.അദ്ദേഹത്തിന്റെ കാൽപാദങ്ങളുള്ള മഖാമു ഇബ്റാഹീം അതിൽ പെടുന്നു.) തഫ്സീർ ഇബ്നു ജരീർ ത്വബ്രി 4/ 11

ഇബ്നുൽ ഖയ്യിം അൽ ജൗസി പറഞ്ഞത് കാണുക. ഇസ്ലാമിനു മുമ്പുതന്നെ ഇബ്റാഹീം നബിയുടെ കാൽ പാടുകളുള്ള മഖാമു ഇബ്റാഹിം എന്ന സ്ഥാനം ഹറമിന്റെ രക്ഷാധികാരികൾക്കു സുപരിചിതമായിരുന്നു.അതുകൊണ്ടായിരുന്നു അബൂത്വാലിബ് തന്റെ ഒരു കവിതയിൽ ഇപ്രകാരം പാടിയത്.

‘‘ഇബ്രാഹീം നബിയുടെ
പാദങ്ങൾ രണ്ടും തന്നെ
നഗ്നമായി ശിലയൊന്നിൽ
പതിഞ്ഞ മുഹൂർത്തത്തിൽ’’



**മഖാമു ഇബ്രാഹീമിന്റെ സവിശേഷത**

കഅ്ബാലയം ത്വവാഫ് ചെയ്യുന്ന ഭക്തർക്ക് നമസ്ക്കാരം നിർവ്വഹിക്കാനുള്ള മഹത്തായ സ്ഥാനമാണ് മഖാമു ഇബ്റാഹീം. അല്ലാഹു പറഞ്ഞിരിക്കുന്നു.

وَاتَّخِذُواْ مِن مَّقَامِ إِبْرَاهِيمَ مُصَلًّى (سورة البقرة :125)

(ഇബ്റാബീം നിന്ന് പ്രാർത്ഥിച്ച സ്ഥാനത്തെ നിങ്ങളും നമസ്കാര വേദിയാക്കുക) ബഖറ /125

ബുഖാരിയുടെ ഗ്രന്ഥത്തിൽ അനസ്ؓവിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം.ഉമർؓപറഞ്ഞു. മൂന്ന് കാര്യങ്ങളിൽ എന്റെ അഭിപ്രായം അല്ലാഹുവിന്റെ തീരുമാനത്തിനോട് യോജിച്ചിട്ടുണ്ട്.ഒരിക്കൽ ഞാൻ നബിയോട് പറഞ്ഞു. അല്ലാഹുവിന്റ റസൂലേ, ഇബ്റാഹീംؑ നിന്ന് പ്രാർത്ഥിച്ച സ്ഥാനം നമസ്ക്കാര വേദിയാക്കിയിരുന്നെങ്കിൽ നന്നായിരുന്നു.) ഹദീസ് അത് അപ്രകാരം ആവുകയും ചെയ്തു)ബുഖാരി 8 /68

കഅ്ബയെ ത്വവാഫ് ചെയ്ത ശേഷം മഖാമു ഇബ്റാഹീമിന്റെ പിന്നിൽ നിന്നും നമസ്ക്കരിക്കൽ നബിﷺസുന്നത്താക്കി കൽപിച്ചിരിക്കുന്നു.ഇബ്നു ഉമർؓവിൽ നിന്നും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ അദ്ദേഹം പറഞ്ഞു. പ്രവാചകൻﷺ മക്കയിൽ വരികയും കഅ്ബയെ ഏഴു പ്രാവശ്യം ത്വവാഫ് ചെയ്യുകയും ചെയ്തു. പിന്നീട് മഖാമു ഇബ്റാഹീമിന്റെ പിന്നിൽ നിന്നു രണ്ട് റകഅത്ത് നമസ്കരിക്കുകയും ശേഷം സഫാ മർവ്വക്കിടയിൽ നടക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം ((നിങ്ങൾക്ക് നിങ്ങളുടെ പ്രവാചകനിൽ ഉത്തമമായ മാതൃകയുണ്ട്)) എന്ന വചനം പാരായണം ചെയ്യുകയും ചെയ്തു) ബുഖാരി. ഹദീസ് ꞉/395 ,1623, 1645 ,1647, 1713 ,മുസ്ലിം 1234

ജാബിർﷺവിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു. നബി ﷺ കഅ്ബയെ ഏഴു പ്രാവശ്യം ത്വവാഫ് ചെയ്തു.ആദ്യത്തെ മൂന്ന് ത്വവാഫുകളിൽ റംല് (കാലടികൾ അടുത്തടുത്ത് വെച്ച് വേഗത്തിലുള്ള നടത്ത)വും പിന്നീടുള്ള നാലുവട്ടം സാധാരണ രീതിയിലുമായിരുന്നു നടന്നിരുന്നത്. പിന്നീട് മഖാമു ഇബ്റാഹീമിന്റെ പിന്നിൽ നിന്നും രണ്ട് റക്അത്ത് നമസ്കരിക്കുകയും ഉറക്കെ (ഇബ്റാഹീം നിന്നു പ്രാർത്ഥിച്ച സ്ഥലം നിങ്ങൾക്ക് നമസ്കാര സ്ഥലം ആക്കിയിരിക്കുന്നു)എന്ന വചനം ഓതുകയും ചെയ്തു) മുസ്ലിം 2/ 887

എന്നാൽ കഠിനമായ രീതിയിൽ തിരക്ക് അനുഭവപ്പെടുന്നുവെങ്കിൽ ഈ നമസ്കാരം മസ്ജിദുൽ ഹറമിൽ എവിടെ വെച്ചും നമസ്കരിക്കൽ അനുവദനീയമാണ്.

ഇബ്നു ബാസ് പറഞ്ഞു. ത്വവാഫിന് ശേഷമുള്ള രണ്ട് റക്അത്ത് നമസ്കാരം മഖാമു ഇബ്റാഹീമിനു പിന്നിൽ വെച്ചു തന്നെ ചെയ്യണമെന്ന് നിർബന്ധമില്ല.പ്രയാസമില്ലാതെ സൗകര്യമായി അവിടെവെച്ച് ചെയ്യാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യലാണ് ഉത്തമം. അതിന് സാധിക്കുന്നില്ലെങ്കിൽ മസ്ജിദുൽ ഹറമിന്റെ പരിധിയിൽ എവിടെ വെച്ച് സാധിക്കുന്നുവോ അവിടെ നമസ്കരിക്കാം. ത്വവാഫ് ചെയ്യുന്നവർ മഖാമു ഇബ്റാഹീമിന്റെ പിന്നിൽ നിന്നു നമസ്കരിക്കാനായി തിരക്കുണ്ടാക്കുവാൻ പാടില്ല. മറിച്ച് തിരക്കിൽനിന്നകന്ന് മറ്റു ഭാഗങ്ങളിൽ എവിടയെങ്കിലും നമസ്കരിക്കലാണ് ഉത്തമം.

ഉമർﷺ ചില സന്ദർഭങ്ങളിൽ ത്വവാഫിന് ശേഷമുള്ള നമസ്കാരം നിർവ്വഹിച്ചത് ഹറമിന്റെ പുറത്ത് അതിന്റെ പരിധിയിൽ പെട്ട ദൂത്വുവാ എന്ന സ്ഥലത്ത് വെച്ചായിരുന്നു. അപ്രകാരം ഉമ്മു സലമാﷺ ഒരിക്കൽ ത്വവാഫുൽ വദാഅ് (വിട വാങ്ങൽ ത്വ



വാഫ്)ന് ശേഷമുള്ള രണ്ട് റക്അത്ത് നിർവ്വഹിച്ചത് ഹറമിന്റെ പുറത്തു വെച്ചായിരുന്നു.കഠിനമായ തിരക്കുള്ള സമയത്ത് ഇപ്രകാരം ചെയ്യുന്നതിന് ഇസ്ലാമിക നിയമസംഹിത എതിരല്ല എന്ന് ജനങ്ങൾക്ക് വ്യക്തമാക്കുകയായിരുന്നു ഈ പ്രവർത്തനത്തിലൂടെ അവർ ചെയ്തിരുന്നത്) മജ്മൂഅത്തു ഫത്താവാ വ മഖാലാത്തുൽ മുത്തനവിഅ 18 /228

മഖാമു ഇബ്റാബീമിനോടനുബന്ധിച്ച് പ്രവാചകൻﷺകൽപിച്ച കാര്യം ഈ നമസ്കാരം നിർവ്വഹിക്കുക എന്നുള്ളതാകുന്നു. എന്നാൽ അതിനെ സ്പർശിക്കുകയും ചുംബിക്കുകയും ചെയ്തു കൊണ്ട് അനുഗ്രഹം എടുക്കുന്ന പതിവ് പ്രവാചകൻ പഠിപ്പിച്ചിട്ടില്ല.

وَاتَّخِذُواْ مِن مَّقَامِ إِبْرَاهِيمَ مُصَلًّى (سورة البقرة :125)

എന്നതിന്റെ വ്യാഖ്യാനത്തിൽ ഖതാദﷺപറഞ്ഞത് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. അദ്ദേഹം പറഞ്ഞു. അതിന്റെ അടുക്കൽ വെച്ചു നമസ്കരിക്കുവാൻ നമ്മോടു കൽപിച്ചിരിക്കുന്നു. എന്നാൽ അത് തൊടുവാനോ ചുംബിക്കുവാനോ നമ്മോട് കൽപിച്ചിട്ടില്ല.)(ഇബ്നു ജരീർ 3 /35, അഖ്ബാറു മക്ക2/29,അൽ ഹവാദിസു വൽബിദ പേ 193)

**ഇബ്റാബീംﷺ വിളംബരം നടത്തിയ സ്ഥലം**

കഅ്ബാലയം പടുത്തുയർത്തി കഴിഞ്ഞ ശേഷം ഇബ്റാഹീം നബിയോട് അല്ലാഹു പറഞ്ഞു.

وَأَذِّن فِي النَّاسِ بِالْحَجِّ يَأْتُوكَ رِجَالًا وَعَلَى كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ} (سورة الحج:127)

(നാം അദ്ദേഹത്തോട് പറഞ്ഞു)ജനങ്ങൾക്കിടയിൽ നീ തീർത്ഥാടനത്തെ പറ്റി വിളംബരം നടത്തുക നടന്നുകൊണ്ടും വിദൂരമാ

യ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്തു കയറിയും അവർ നിന്റെയടുക്കൽ വന്ന് കൊള്ളും) (ഹജ്ജ് 27)

അപ്പോൾ അദ്ദേഹം മഖാമിൽ കയറിയ ശേഷം അത് പ്രഖ്യാപിച്ചു, ആ വിളംബരം നടത്തിയ മഹത്തായ സ്ഥാനമാണ് മഖാമു ഇബ്റാഹീം എന്നത്.അതിന്റെ ഫലമായാണ് തൽബിയത്തുച്ചരിച്ച് ആ ഭവനത്തിലേക്ക് ആളുകൾ വന്നു കൊണ്ടിരിക്കുന്നത്.

ഇബ്നു അബ്ബാസിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം. അല്ലാഹുവിന്റെ കൽപന ലഭിച്ച ഉടൻ അദ്ദേഹം ആ കല്ലിൽ കയറി താഴെ പറയും പ്രകാരം പ്രഖ്യാപിച്ചു .(മനുഷ്യരേ ഹജ്ജ് ചെയ്യുവാൻ നിങ്ങളോട് അല്ലാഹു കൽപിച്ചിരിക്കുന്നു.) സ്ത്രീകളുടെ ഗർഭാശയങ്ങളിലും പുരുഷൻമാരുടെ മുതുകിലുമായി കിടക്കുന്ന സർവ്വരും ആവിളംബരം കേൾക്കുകയുണ്ടായി) ഫത്ഹുൽ ബാരി 6 /406

## സംസം

ഹജറുൽ അസ്വദിന് കിഴക്കും മഖാമു ഇബ്റാഹീമിനു തെക്കും ഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു കിണറാണ് സംസം.സംസം എന്ന അറബി പദം ഒരു രീതിയിലുള്ള ശബ്ദത്തിനുള്ള പ്രയോഗമാണ് വെള്ളം ഉറവയെടുക്കുമ്പോഴുള്ള ശബ്ദത്തിനാണ് സംസം എന്നു പറയുന്നത്) (ഇബ്നു ഖുതൈബ ഗരീബുൽ ഹദീസ് 2 /502)

കഅ്ബയുടെ നിർമ്മാണത്തെ കുറിച്ച് വിശദീകരിച്ചപ്പോൾ തുടക്കത്തിൽ സംസമിന്റെ ആവിർഭാവത്തെ കുറിച്ച് വിശദീകരിച്ചി



ട്ടുണ്ട്. അപ്പോൾ നാം പറഞ്ഞത്; ഉമ്മു ഇസ്മാഈൽ മർവ്വയിൽ കയറിയ സന്ദർഭത്തിൽ ഒരു ശബ്ദം കേൾക്കാനിടയായി. അപ്പോൾ അവർ മൗനമായിരിക്കൂ എന്ന് പറഞ്ഞു, തുടർന്നും ആ ശബ്ദം കേട്ടപ്പോൾ (ശബ്ദം ഞാൻ കേൾക്കുന്നു. എനിക്കു സഹായഹസ്തമാണോ)എന്ന് വിചാരിച്ചു തിരിഞ്ഞുനോക്കിയപ്പോൾ സംസം വെള്ളത്തിന്റെ ആ സ്ഥാനത്തായി ഒരു മലക്കിനെ കാണാനിടയായി. തന്റെ ചിറക് (മറ്റൊരു റിപ്പോർട്ടിൽ കാൽ പാദത്തി)നാൽ  അവിടെ കുഴിക്കുന്നു.അങ്ങിനെ വെള്ളം ഉറവയെടുക്കാൻ തുടങ്ങി. വെള്ളം തടഞ്ഞു നിർത്താൻ ഹാജറ ഒരു തടയുണ്ടാക്കി.പാന പാത്രം നിറച്ചു. എങ്കിലും വെള്ളം അത് ഒഴുകിക്കൊണ്ടിരുന്നു.

ഇബ്നു അബ്ബാസ് പറഞ്ഞു. നബിﷺപറഞ്ഞു: ഉമ്മു ഇസ്മാഈലിന് അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. അവർ പാനപാത്രത്തിൽ ആ വെള്ളം കോരിയെടുക്കാതെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ അത് കേവലം ഒരരുവിയായി അത് മാറുമായിരുന്നു.ഒരു മലക്കിന്റെ സഹായത്തോടെ വിശുദ്ധ ഭൂമിയിൽ ഉടലെടുത്ത പാന ജലം ആ നാട്ടിൽ എത്രമാത്രം അനുഗ്രഹമാണ് എന്ന് ആലോചിക്കുക.

മക്കാ നിവാസികളുടെ നിലനിൽപ് തന്നെ ആ സംസമിന്റെ അടിസ്ഥാനത്തിലായി. ധാരാളം വർഷങ്ങൾ അത് നിലനിൽക്കുകയും ചെയ്തു.എന്നാൽ കാലപഴക്കത്തിൽ അല്ലാഹുവിന്റെ തീരുമാനമനുസരിച്ച് അടയാളം പോലും അവ്യക്തമായ രൂപത്തിൽ സംസം മറഞ്ഞുപോയി.പിന്നീട് നബിﷺയുടെ പിതാമഹൻ അബ്ദുൽ മുത്വലിബ് മണ്ണിനടിയിൽ മൂടികിടന്ന സംസം കുഴിച്ചു പുറത്തു കൊണ്ടുവന്നു. സംസമിന്റെ മഹത്വം ഊന്നിപറയുന്ന ധാരാളം തെളിവുകൾ ഇസ്ലാമിക പ്രമാണങ്ങളിൽ ശരിയായ രൂ

പത്തിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.സംസം പവിത്രവും ശുദ്ധവുമാണ്.

## സംസമിന്റെ വിശുദ്ധി

**1. സംസം വെള്ളം കൊണ്ടാണ് പ്രവാചകന്റെ മനസകം കഴുകിയത്.**

ഇസ്റാഅ് മിഅ്റാജ് സംഭവങ്ങൾ ഉണ്ടാകുന്നതിനു മുമ്പ് പ്രവാചകൻﷺയുടെ മനസ് കഴുകി ശുദ്ധിയാക്കാൻ ഉപയോഗിച്ചത് സംസം വെള്ളം ആയിരുന്നു. അബൂ ദർറ്رضي الله عنهവിൽ നിന്ന് റിപ്പോർട്ടു ചെയ്ത ഒരു ഹദീസിൽ കാണാം. നബിﷺപറഞ്ഞു.ഞാൻ മക്കയിൽ ആയിരുന്നപ്പോൾ വീടിന്റെ മേൽക്കൂര തുറന്ന് ജിബ്രീൽعليه السلامവരികയും എന്റെ നെഞ്ച് പിളർക്കുകയും ചെയ്തു. ശേഷം സംസം വെള്ളം കൊണ്ട് അത് കഴുകി വൃത്തിയാക്കി.പിന്നീട് ഒരു സ്വർണ്ണ തളിക നിറയെ വിശ്വാസവും തത്വവും കൊണ്ടുവന്ന് എന്റെ നെഞ്ചിലേക്ക് ചൊരിയുകയും നെഞ്ച് പൂർവ്വ സ്തിഥിയിലേക്ക് തന്നെ മടക്കുകയും ചെയ്തു.പിന്നീട് എന്റെ കൈപിടിച്ച് ഒന്നാം ആകാശത്തേക്ക് കയറി) ഫത്ഹുൽ ബാരി 3 /492

**2. രോഗത്തിനു ശമനവും ഭക്ഷണവുമാണ് സംസം.**

അനുഗ്രഹീത ഭക്ഷണവും ഫലപ്രദമായ ഔഷധവുമാണ് സംസം. അബൂ ദർറ്رضي الله عنهവിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം. അദ്ദേഹം തന്റെ ഇസ്ലാം ആശ്ളേഷ കഥ പറയുന്നതിനിടയിൽ പറഞ്ഞു. നീ എത്ര ദിവസമായി ഇവിടെ കഴിഞ്ഞു കൂടുന്നു? അദ്ദേഹം പറഞ്ഞു. മുപ്പത് ദിവസമായി. അവിടുന്നു ചോദിച്ചു. അപ്പോൾ ആരായിരുന്നു നിനക്ക് ഭക്ഷണം തന്നിരുന്നത് ?



അ്ബൂ ദർറ്ഃ സംസം വെള്ളമല്ലാതെ മറ്റൊന്നും എനിക്ക് ഭക്ഷണമായി ഉണ്ടായിരുന്നില്ല. ഞാനത് കുടിച്ചു കഴിഞ്ഞു കൂടി.അതിനിടയിൽ എനിക്ക് വിശപ്പ് അനുഭവപ്പെട്ടില്ല. മാത്രമല്ല എന്റെ വയറിന് മടക്ക് വീഴുന്നത് വരെ ഞാൻ തടിക്കുകയും ചെയ്തു.

നബി ഃ അത് അനുഗ്രഹീതവും ഭക്ഷിക്കുന്നവനുള്ള ഭക്ഷണവുമാണ്. മുസ്ലിം 4 /1919

ഇബ്നു അബ്ബാസിൽ നിന്നുദ്ധരിക്കുന്ന ഒരു ഹദീസു കൂടി കാണുക. അദ്ദേഹം പറഞ്ഞു. നബിﷺ പറഞ്ഞു.

خير ماء على وجه الأرض ماء زمزم فيه طعام من الطعم وشفاء من السقم

(ഭൂമുഖത്ത് ഏറ്റവും നല്ല പാനീയമാകുന്നു സംസം. അത് ഭക്ഷിക്കുന്നവന്റെ ഭക്ഷണവും രോഗത്തിനുള്ള ശമനവുമാണ്.) മുഅ്ജമു ത്വബ്റാനി 11 /98

മുജാഹിദ്رحمه اللهവിൽ നിന്നും അസ്റഖി റിപ്പോർട്ടു ചെയ്ത ഹദീസിൽ കാണാം. (സംസം ഏതൊരു ഉദ്ദ്യേശ്യത്തിനു വേണ്ടിയാണോ കുടിക്കുന്നത് അതിനുള്ളതാകുന്നു) ശമനം ഉദ്ദേശിച്ചു കുടിക്കുന്നവർക്കു അത് ശമനമാണ്.ദാഹത്തിനു കുടിച്ചാൽ ദാഹം ശമിക്കും.വിശപ്പ് അനുഭവപ്പെട്ടാൽ അത് കുടിച്ചാൽ വിശപ്പ് മാറും. അല്ലാഹു ഇസ്മാഈലിനെ കുടിപ്പിച്ച വെള്ളവും സംസമാണ്.) അഖ്ബാറു മക്ക 2/50

ഇമാം ഇബ്നു ഖയ്യിംرحمه الله പറയുന്നത് കാണുക. സംസം വെള്ളം കൊണ്ടു അൽഭുതകരമായ രീതിയിൽ ശമനമുണ്ടായിട്ടുണ്ട്.അല്ലാഹുവിന്റെ അനുമതിയോടു കൂടി ധാരാളം രോഗം സുഖമായിട്ടുണ്ട്. ധാരാളം ആളുകൾ അരമാസത്തിലധികം കാലം വിശപ്പു മാറ്റിയത് സംസംവെള്ളം കൊണ്ടായിരുന്നുവെന്നത് എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾ ത്വവാഫ് ചെയ്യുമ്പോ

ൾ അവരിൽ ഒരാളെന്ന പോലെ ത്വവാഫ് ചെയ്യാനും സാധിച്ചിരുന്നു.) സാദുൽ മആദ് 3 /406

സംസം ഏറ്റവും നല്ല വെള്ളവും ആ കിണർ ഏറ്റവും നല്ല കിണറുമാകുന്നു.

ഭൂമിയിൽ ഏറ്റവും നല്ല വെള്ളം സംസമും ഏറ്റവും നല്ല കിണർ സംസം കിണറുമാണെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്.ഇബ്നു അബ്ബാസിൽ നിന്നുദ്ധരിച്ച ഒരു ഹദീസ് ഈ വിഷയത്തിൽ നാം കാണുകയുണ്ടായി(ഭൂമുഖത്ത് ഏറ്റവും നല്ല വെള്ളം സംസം വെള്ളമാണ്.സംസം ഇത്രമാത്രം പവിത്രതയും ശ്രേഷ്ടതയും ഉള്ള വെള്ളമാണെങ്കിലും അതുകൊണ്ട് വുളൂഅ് ചെയ്യുന്നതിനോ കുളിക്കുന്നതിനോ വസ്ത്രം വൃത്തിയാക്കുന്നതിനോ വിരോധമില്ല.) ഇബ്നു ബാസിന്റ ഫത്താവാ സമാഹാരം 17 /230

**3. സംസം വെള്ളം കൊണ്ട് വയർ നിറക്കൽ**

ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു.നബിﷺ പറഞ്ഞു.നമ്മുടെയും കപട വിശ്വാസികളുടെയും അടയാളം അവർ സംസം കൊണ്ട് വയർ നിറക്കില്ല എന്നതാണ്) ഇബ്നു മാജ 3061, ഹാകിം 1 /473, ബൈഹഖിയുടെ മുസ്നദുൽ കുബ്റ 5/ 147

ഇതിനെ വിശദീകരിച്ചപ്പോൾ ശൈഖ് ഉസൈമിൻ പറഞ്ഞത്; (സംസം വെള്ളം മാധുര്യമുള്ളതോ രുചിയുള്ളതോ അല്ല. മറിച്ച് ഉപ്പു രുചിയോടാണതിന് സാമ്യമുള്ളത്.സത്യവിശ്വാസികൾ ഈ ഉപ്പുരസമുള്ള വെള്ളം കുടിക്കുന്നത് അത് അനുഗ്രഹ ജലമാണെന്ന് വിശ്വസിക്കുന്നതുകൊണ്ടാണ്. അപ്പോൾ ആ ജലം കൊണ്ട് വയർ നിറക്കുന്നുവെങ്കിൽ അത് അവന്റെ വിശ്വാസത്തെയാണ് കാണിക്കുന്നത്) ശർഹുൽ മുമത്തിഅ് 7 / 379



അപ്രകാരം തന്നെ സംസം വെള്ളം മക്കയിൽ നിന്ന് പുറത്തു കൊണ്ടു പോകുന്നതിനും വിരോധമില്ല. പ്രവാചകൻ അപ്രകാരം ചെയ്തിരുന്നു എന്ന് ആയിശرضي الله عنها പറയുകയും അവർ മക്കയിൽ നിന്നും സംസം വെള്ളം കൊണ്ടു പോകുകയും ചെയ്തിരുന്നു) തിർമുദി:963,ബൈഹഖിയുടെ സുനനുൽ കുബ്റ:5/202)

**4. അറഫ, മുസ്ദലിഫ, മിന**

പവിത്രമായ ഹറം ശരീഫിലും പരിസര പ്രദേശങ്ങളിലും ഹജ്ജ് കർമ്മവുമായി ബന്ധപ്പെട്ടു കിടക്കുന്ന പുണ്യസ്ഥലങ്ങളിൽ പെട്ട പ്രദേശമാണ് അറഫ, മുന,മുസ്ദലിഫ എന്നിവ. അറഫ ഹറമിന്റെ പരിധിയിൽ പെടുന്നതല്ലെങ്കിലും ആ സ്ഥലങ്ങളിൽ വെച്ചു പുണ്യകർമ്മങ്ങൾ ചെയ്യുന്നതിലും ആരാധനകൾ അനുഷ്ടിക്കുന്നതിലും ധാരാളം ശ്രേഷ്ടതകളുണ്ടെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. അതുകൊണ്ടാണ് ആ പ്രദേശങ്ങളിൽ വെച്ചു ഹജ്ജ് കർമ്മങ്ങൾ അനുഷ്ടിക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറഞ്ഞത് കാണുക.

لَيْسَ عَلَيْكُمْ جُنَاحٌ أَن تَبْتَغُواْ فَضْلاً مِّن رَّبِّكُمْ فَإِذَا أَفَضْتُم مِّنْ عَرَفَاتٍ فَاذْكُرُواْ اللّهَ عِندَ الْمَشْعَرِ الْحَرَامِ وَاذْكُرُوهُ كَمَا هَدَاكُمْ وَإِن كُنتُم مِّن قَبْلِهِ لَمِنَ الضَّآلِّينَ}}ثُمَّ أَفِيضُواْ مِنْ حَيْثُ أَفَاضَ النَّاسُ وَاسْتَغْفِرُواْ اللّهَ إِنَّ اللّهَ غَفُورٌ رَّحِيمٌ}

سورة البقرة:198،199

(ഹജ്ജിനിടയിൽ) നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഭൗതികാനുഗ്രഹങ്ങൾ നിങ്ങൾ തേടുന്നതിൽ കുറ്റമൊന്നുമില്ല, അറഫാത്തിൽ നിന്ന് നിങ്ങൾ പുറപ്പെട്ടു കഴിഞ്ഞാൽ മശ്അറുൽ ഹറമിനടുത്ത് വെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ. അവൻ നിങ്ങൾക്ക് വഴി കാണിച്ച പ്രകാരം നിങ്ങൾ അവനെ ഓർക്കുവിൻ. ഇതിനുമുമ്പ് നിങ്ങൾ പിഴച്ചവരിൽപെട്ടവരായിരുന്നാ

ലും. എന്നിട്ട് ആളുകൾ (സാധാരണ തീർത്ഥാടകർ)എവിടെ നിന്ന് പുറപ്പെടുന്നുവോ അവിടെ നിന്ന് തന്നെ നിങ്ങളും പുറപ്പെടുക.നിങ്ങൾ അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുക. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു) സൂറത്തുൽ ബഖറ 199,198

(ഈ വചനങ്ങളിൽ അറഫയെ വ്യക്തമായ രൂപത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട് അപ്രകാരം തന്നെ വ്യക്തമായ സൂചനകളിലൂടെ മുനയെയും മുസ്ദലിഫയെയും പരാമർശിക്കപ്പെട്ടിട്ടുണ്ട് മുസ്ദലിഫയെന്നത് രണ്ട് മലകൾക്കിടയിലുള്ള അറഫയിലെ വാദി മുഹസ്സിർ വരെയുള്ള സ്ഥലമാണ് ഉദ്ദേശിക്കുന്നത്). തഫ്സീർ ത്വബ്രി 1 /149

ഇബ്നു കസീറിന്റെ വീക്ഷണം കൂടി കാണുക. അറഫയിൽ നിന്ന ശേഷം മുസ്ദലിഫയിലേക്കു നീങ്ങുവാനും മഷ്അറുൽ ഹറമിനടുക്കൽ വെച്ച് അല്ലാഹുവിനെ ഓർക്കുവാനും അല്ലാഹു കൽപിച്ചിരിക്കുന്നു.ആ രണ്ടു സ്ഥലങ്ങളിലും മറ്റു ജനങ്ങളെ പോലെ എല്ലാ ഹാജിമാരും കഴിയണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധമായ ഹറം പരിധിയുടെ അറ്റത്തു പോയി നിൽക്കുന്ന പതിവായിരുന്നു ആദ്യ കാലത്ത് ഖുറൈശികൾക്ക് ഉണ്ടായിരുന്നത്. കാരണം ഹറമിന്റെ പരിരക്ഷകരും അല്ലാഹുവിന്റെ സ്വന്തക്കാരുമായ ഖുറൈശികൾക്ക് അപ്രകാരം ചെയ്താൽ മതിയെന്നായിരുന്നു അവരുടെ ധാരണ.

ആയിശﷺൽ നിന്നുദ്ധരിക്കുന്ന മറ്റൊരു ഹദീസ് കാണുക.ഇസ്ലാമിനു മുമ്പ് ഖുറൈശികളുടെ മതം സ്വീകരിച്ചിരുന്ന ഹുംസ് ഗോത്രം മുസ്ദലിഫയിലും മറ്റുള്ളവർ അറഫയിലും മാത്രം നിൽക്കുന്ന പതിവായിരുന്നു ഉണ്ടായിരുന്നത്. ഇസ്ലാമിന്റെ പ്രഭാവത്തോടെ അല്ലാഹു പ്രവാചകൻﷺയോട് അറഫയിൽ നിൽക്കു



വാനും അതിനുശേഷം മുസ്ദലിഫയിൽ കഴിയുവാനും കൽപ്പിക്കുകയുണ്ടായി. അല്ലാഹു പറഞ്ഞു.

ثُمَّ أَفِيضُواْ مِنْ حَيْثُ أَفَاضَ النَّاسُ (سورة البقرة:199 )

(പിന്നീട് ജനങ്ങൾ ഒഴുകുന്നിടത്തേക്ക് നിങ്ങളും ഒഴുകുക) ബഖറ/199

(ഇബ്നു അബ്ബാസ് ഖത്താദ,മുജാഹിദ്, അത്വാഅ്,സഅദ്ദി എന്നിവർക്കെല്ലാം ഇതേ അഭിപ്രായം തന്നെയാണ്. ഇത് മുസ്ലീം പണ്ഡിതൻമാർ ഏകോപിച്ച കാര്യമാണെന്ന് ഇബ്നു ജരീർ തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്) തഫ്സീർ ഇബ്നു കസീർ 1 /242

അല്ലാഹു പറഞ്ഞിരിക്കുന്നു

وَاذْكُرُواْ اللّهَ فِي أَيَّامٍ مَّعْدُودَاتٍ فَمَن تَعَجَّلَ فِي يَوْمَيْنِ فَلاَ إِثْمَ عَلَيْهِ وَمَن تَأَخَّرَ فَلا إِثْمَ عَلَيْهِ لِمَنِ اتَّقَى } (سورة البقرة :203)

എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക, (അവയിൽ)രണ്ട് ദിവസം കൊണ്ട് മതിയാക്കി ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല. (ഒരു ദിവസവും കൂടി) താമസിച്ചു പോരുന്നവനും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന് (അതാണ് ഉത്തമം) ബഖറ/ 203 ,

وَأَذِّن فِي النَّاسِ بِالْحَجِّ يَأْتُوكَ رِجَالًا وَعَلَى كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ لِيَشْهَدُوا مَنَافِعَ لَهُمْ وَيَذْكُرُوا اسْمَ اللَّهِ فِي أَيَّامٍ مَّعْلُومَاتٍ عَلَى مَا رَزَقَهُم مِّن بَهِيمَةِ الْأَنْعَامِ } (سورة الحج :27,28 )

(നാം അദ്ദേഹത്തോട് പറഞ്ഞു)ജനങ്ങൾക്കിടയിൽ നീ തീർത്ഥാടനത്തെ പറ്റി വിളംബരം നടത്തുക.നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാ വിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്തു കയറിയും അവർ നിന്റെയടുക്കൽ വന്ന്

കൊള്ളും.അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാകുവാനും അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽക്കാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റ നാമം ഉച്ചരിച്ചു കൊണ്ട് ബലി കഴിക്കാനും വേണ്ടിയത്രെ അത്) ഹജ്ജ് 27,28

ഈ രണ്ട് വചനങ്ങളിലും മുനയെ കുറിച്ചു സൂചിക്കപ്പെട്ടിരിക്കുന്നു. ഇതിൽ പരാമർശിച്ച .الأيام المعدودات (എണ്ണപ്പെട്ട ദിവസങ്ങൾ) എന്നതും الأيـام المعلومـات (അറിയപ്പെട്ട ദിവസങ്ങൾ) എന്നതും അയ്യാമുത്തശ്രീക്കിന്റെ നാളുകളെ കുറിച്ചാണ് എന്നാണ് ഖുർത്തുബിയുടെ അഭിപ്രായം. ത്വബ്രിയുടെ അഭിപ്രായത്തിൽ (എണ്ണപ്പെട്ട ദിവസങ്ങൾ എന്നതിന്റെ വിശദീകരണത്തിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും മിനായിലുള്ള അയ്യാമുത്തശ്രീക്കിന്റെ നാളുകൾകൂടി അതിൽ ഉൾപ്പെടും എന്നാണ്.ദുൽഹജ്ജിലെ പത്തു ദിവസമാണ് ഉദ്ദേശിക്കുന്നതെന്ന് ചിലരും അറവു ദിവസവും അയ്യാമുത്തശ്രീക്കുമാണെന്ന് ചിലരും അഭിപ്രായപ്പെട്ടിട്ടുണ്ട്.) തഫ്സീർ ത്വബ്രി 9 /138

മുനായിലുള്ള മസ്ജിദുൽ ഖൈഫുമായി ബന്ധപ്പെട്ട ചില നബിവചനങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം ചെയ്ത ഹദീസിൽ കാണാം. (മസ്ജിദുൽ ഖൈഫിൽ എഴുപത് നബിമാർ നമസ്കരിച്ചിട്ടുണ്ട്) ത്വബ്റാനി 3 /155 ,ഔസത്ത് 1/119, അഖ്ബാറു മക്ക പേ 35,38. മുൻദിരി 2/119

പ്രധാനപ്പെട്ട ഈ സ്ഥലങ്ങളെ മുഴുവൻ സൂചിപ്പിക്കുന്ന ഒരു ഹദീസ് അബ്ദുറഹ്മാൻ ഇബ്നു അദ്ദഖ്‌ലിയിൽ നിന്ന് റിപ്പോർട്ടു ചെയ്തിട്ടുണ്ട് (അറഫാദിവസം ചിലർ നജ്ദിൽ നിന്നും പ്രവാചകന്റെ അടുക്കൽ വരികയും പലതും ചോദിക്കുകയും ചെയ്തു.അപ്പോൾ നബിﷺവിളിച്ചു പറയാനായി പറഞ്ഞു,ഹജ്ജ് എന്നു പറഞ്ഞാൽ അത് അറഫയാണ്.പെരുന്നാൾ ദിവസം ദുൽഹ



ജ്ജ് പത്തിന് സൂര്യൻ ഉദിക്കുന്നതിന്റെ മുമ്പ് ഒരാൾ മുസ്ദലിഫയിൽ എത്തുകയാണെങ്കിൽ അയാൾക്ക് ഹജ്ജ് ലഭ്യമാണ്.മുനായിൽ നിൽക്കേണ്ടത് മൂന്ന് ദിവസമാണ്.എന്നാൽ അത്യാവശ്യമുള്ളവർക്ക് രണ്ടു ദിവസംകൊണ്ട് മതിയാക്കുന്നതിൽ വിരോധമില്ല.ഇത് പിന്തിപ്പിക്കുന്നുവെങ്കിലും കുറ്റമില്ല) തിർമുദി 889, അബൂ ദാവൂദ് 1949, നസാഈ 5 /264, ഇബ്നു മാജ 3015

നബിﷺ പറഞ്ഞു.

كل عرفة موقف وكل منى منحر وكل المزدلفة موقف وكل فجاج مكة طريق ومنحر

(അറഫ മുഴുവനും നിൽക്കാവുന്ന സ്ഥലമാണ് മിനായിൽ എവിടെയും നിങ്ങൾക്ക് ബലിയറുക്കാം.മുസ്ദലിഫയിൽ എവിടെയും നിൽക്കാവുന്നതാണ് മക്കയുടെ വഴിയോരങ്ങളെല്ലാം നടപ്പാതകളും ബലി നൽകാവുന്നതുമായ സ്ഥലങ്ങളാണ്) അബൂ ദാവൂദ് 1936, ഇബ്നു മാജ 3048

ഹജ്ജ് കർമ്മങ്ങൾ നിർദ്ദേശിക്കപ്പെട്ട ചില സ്ഥലങ്ങളെ സൂചിപ്പിക്കുന്ന വചനങ്ങളാണ് നാം വായിച്ചത്.അത് വ്യക്തമായി തന്നെ പരാമർശിക്കുകയും ചെയ്തിരിക്കുന്നു.പ്രവാചകൻﷺതന്റെ ഹജ്ജു വേളകളിൽ ആ സ്ഥലങ്ങളിൽ വെച്ചു കർമ്മങ്ങൾ അനുഷ്ഠിക്കുകയും അവിടെവെച്ച് അല്ലാഹുവിനെ സ്മരിക്കുകയും പിന്നീട് അനുചരൻമാരോടായി പറയുകയും ചെയ്തു (ജനങ്ങളേ നിങ്ങൾ എന്നിൽ നിന്നും ഹജ്ജിന്റെ കർമ്മങ്ങൾ സ്വീകരിക്കുക) മുസ്‌ലിം 1297 , നസാഈ 5./ 270

പ്രവാചകൻﷺയുടെ വചനങ്ങളും പ്രവർത്തനങ്ങളുമെല്ലാം അതിന്റെ മഹത്വം നമുക്ക് മനസിലാക്കി തരുന്നു.

## ഹറം ശരീഫിനെ ആദരിക്കലും അനാദരിക്കലും

കഅ്ബാലയം കൺകുളിർക്കെ കാണാനുള്ള അടങ്ങാത്ത ആഗ്രഹത്തോടയൊണ് വിശ്വാസികൾ വിശുദ്ധ ഹറമിലേക്ക് പുറപ്പെടാറുള്ളത്.സന്ദർഭവും സൗകര്യവും ഒത്തുവരുമ്പോഴൊക്കെ മക്കയിലേക്കൊന്ന് പോകുവാനും പുരാതന ആരാധനാലയമായ കഅ്ബാലയം ത്വവാഫ് ചെയ്യുവാനും ദിനരാത്രങ്ങളിൽ ആ മന്ദിരത്തോട് ഇണങ്ങിചേരാനും ആബാലവൃദ്ധം ജനങ്ങളും ആകാംക്ഷയോടെ കാത്തിരിക്കുന്നു. കഅ്ബാലയം നേർക്കുനേരെ കാണുകയെന്ന മനസിന്റെ കൊതി പൂവണിയുന്ന വേളയിൽ സന്തോഷത്താൽ നിർവൃതി അടക്കാനാവാതെ കണ്ണുനീർ പൊഴിക്കുന്നവരും അവരുടെ കൂട്ടത്തിലുണ്ട്. മാത്രമല്ല മക്കയെന്ന പുണ്യഭൂമിയിലെ പുരാതന ആരാധനാലയം കണ്ടവരെ ഒരു നോക്ക് കാണാൻ അവസരം കിട്ടിയാൽ അത് പോലും ഭാഗ്യമായി കരുതുകയും സന്തോഷിക്കുകയും അവരെ ചുംബിക്കുകയും ചെയ്യുന്നവരുമുണ്ട്.

മക്കയിലും ഹറമിന്റെ പരിസരങ്ങളിലും താമസിക്കുവാൻ അവസരം ലഭിച്ചവർക്ക് ആ മഹത്തായ അനുഗ്രഹം ലഭിച്ചിട്ടില്ലാത്ത ധാരാളം ആളുകളുടെ അഭിലാഷം കാണുകയും ആ സന്ദർഭത്തിൽ തങ്ങൾക്ക് അല്ലാഹുവിന്റ ഔദാര്യമായി ലഭിച്ച മഹാ അനുഗ്രഹത്തെകുറിച്ച് സ്മരിക്കാൻ സാധിക്കുകയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

വിശുദ്ധ ഭൂമിയായ മക്കയിൽ നിന്ന് വിശ്രുതനായ അന്ത്യപ്രവാചകൻ മുഹമ്മദ് നബിﷺയെ അദ്ദേഹത്തിന്റെ ശത്രുക്കൾ ആട്ടിയോടിച്ച സന്ദർഭത്തിൽപോലും വളരെയധികം പ്രയാസപ്പെട്ടു കൊണ്ടായിരുന്നു പ്രവാചകൻ മക്ക വിട്ടുപോയതെന്ന് ചരിത്ര ഗ്ര



ന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ നിമിഷത്തിൽ വേദന കടിച്ചമർത്തി പ്രവാചകൻﷺ പറഞ്ഞ വാക്കുകൾ നിങ്ങളൊന്ന് വായിക്കുക.

والله إنك لخير أرض الله وأحب أرض الله إلى الله ولولا أني أخرجت منك ما خرجت

(അല്ലാഹുവിന്റെ ഭൂമിയിൽ അവനേറ്റവും ഇഷ്ടപ്പെട്ട ഭൂമിയും അല്ലാഹുവിന്റെ ഭൂമിയിൽ ഏറ്റവും ഗുണകരമായ ഭൂമിയും മക്കയാണ്.അവർ(ശത്രുക്കൾ)എന്നെ ഈ മക്കയിൽ നിന്ന് ആട്ടി പുറത്താക്കിയിരുന്നില്ലായെങ്കിൽ മക്കയിൽ നിന്ന് ഞാൻ ഒരിക്കലും പുറത്തുപോകുമായിരുന്നില്ല) തിർമുദി:3925 നസാഈ 4239, ഇബ്നു മാജ 3108 ഹാകിം 783 ,431

മക്കയിൽ ജനിക്കുകയും സംസം വെള്ളം കുടിക്കുകയും ഈ ഭൂമിയിൽ വളർന്നു വലുതാവുകയും അവിടെ ജീവിക്കുകയും ചെയ്തവർക്ക് എങ്ങിനെ അവിടെ നിന്നും പുറത്തുപോകുവാൻ സാധിക്കും.സച്ചരിതരായ പൂർവ്വീക പണ്ഡിതൻമാർക്ക് കഅ്ബാലയത്തോടുണ്ടായിരുന്ന ആദരവും ബഹുമാനവും കാരണം വിശുദ്ധ ഭൂമിയിൽ താമസിക്കുന്നതിനിടക്ക് പാപങ്ങൾ വന്നുപോകുമോ എന്നു ഭയപ്പെട്ടു കൊണ്ട് അവിടെ താമസിക്കാൻ പോലും ഭയമായയിരുന്നെത്രെ. ഈ വിഷയത്തിൽ ഇബ്നു റജബ് പറയുന്നത് കാണുക. സഹാബികളിൽ നിന്ന് കുറേയാളുകൾ തങ്ങളിൽ നിന്ന് പാപങ്ങൾ വന്നേക്കുമെന്നുള്ള ഭയം കാരണം ഹറമിൽ താമസിക്കുന്നത് ഭയപ്പെട്ടിരുന്നു. ഉമർؓൽ നിന്ന് റിപ്പോർട്ടു ചെയ്യപ്പെട്ട ഒരു വചനം കാണുക. (മക്കയല്ലാത്ത പ്രദേശങ്ങളിൽനിന്ന് എഴുപത് പാപങ്ങൾ ചെയ്യുന്നതിനെക്കാൾ എനിക്ക് ഭയം മക്കയിൽ വെച്ച് ഒരു പാപം ചെയ്യുന്നതാണ്. (ജാമിഉൽ ഉലൂമി വൽ ഹികം 332)

അല്ലാഹു പറഞ്ഞത് കാണുക

وَمَن يُرِدْ فِيهِ بِإِلْحَادٍ بِظُلْمٍ نُذِقْهُ مِنْ عَذَابٍ أَلِيمٍ} (سورة الحج:25)

(അവിടെ വെച്ച് വല്ലവനും അന്യായമായി ധർമ്മ വിരുദ്ധമായ വല്ലതും ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവന് വേദനയേറിയ ശിക്ഷയിൽ നിന്നും നാം അനുഭവിപ്പിക്കുന്നതാണ്) (ഹജ്ജ് 25)

ഈ രൂപത്തിലുള്ള കഠിനമായ മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ ആ പവിത്ര ഭൂമിയിൽ വെച്ചു തെറ്റു ചെയ്യാൻ ഭയമില്ലാതിരിക്കുന്നത് എങ്ങനെയാണ്?.

വിശുദ്ധ ഹറമിൽ വെച്ചു പാപം ചെയ്യുന്നത് മഹാപാപവും ഏറ്റവും ഭീകരമായ പര്യവസാനത്തിന് കാരണമാകുന്നതുമാണ്. ഇബ്നു അബ്ബാസിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസ് കാണുക നബിﷺ പറഞ്ഞു

أبغض الناس إلى الله ثلاثة ملحد في الحرم ومبتغ في الإسلام سنة الجاهلية ومطلب دم امرئ بغير حق ليهريق دمه .

(അല്ലാഹുവിന് ഏറ്റവും കഠിനമായ വെറുപ്പും ദേശ്യവുമുള്ളത് മൂന്ന് കാര്യങ്ങൾ ചെയ്യുന്നവരേടാണ്. ഹറമിൽ കുറ്റകൃത്യം ചെയ്യുക. ജാഹിലിയ്യാ കാലഘട്ടത്തിലെ ആചാരം ഇസ്ലാമിലേക്ക് കൊണ്ടു വരിക. അന്യായമായ രൂപത്തിൽ ഒരാളുടെ രക്തം ചിന്താൻ ആവശ്യപ്പെടുക എന്നിവയാണവ) ബുഖാരി /6882

ഈ ഹദീസിന്റെ വിവരണത്തിൽ ഇബ്നു മസ്ഊദ്ؓ പറഞ്ഞത് കാണുക. (ഹറമിൽ വെച്ച് അധർമ്മം പ്രവർത്തിക്കാൻ ആരെങ്കിലും ഉദ്ദേശിച്ചാൽ തന്നെ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്) മുസ്തദറക് 2/ 388

وَمَن يُرِدْ فِيهِ بِإِلْحَادٍ بِظُلْمٍ نُذِقْهُ مِنْ عَذَابٍ أَلِيمٍ} (سورة الحج:125)



(അവിടെ വെച്ച് വല്ലവനും അന്യായമായി ധർമ്മവിരുദ്ധമായ വല്ലതും ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവന് വേദനയേറിയ ശിക്ഷയിൽ നിന്നും നാം അനുഭവിപ്പിക്കുന്നതാണ്) (ഹജ്ജ് 25)

ഈ ആയത്തിന്റെ വിവരണത്തിൽ പൂർവ്വീകരായ ധാരാളം ആളുകളുടെ വാക്കുകൾ ഉദ്ധരിച്ച ശേഷം ഇബ്നു കസീർ പറഞ്ഞത് ഇപ്രകാരമാണ്. (ഈ പറയപ്പെട്ട കാര്യങ്ങളെല്ലാം തന്നെ ഇൽഹാദ് (അധർമ്മം) പ്രവർത്തിക്കുന്നതിൽ പെടുന്നതാണെങ്കിലും അതിൽ മാത്രം പരിമിതമായ കാര്യമല്ല,അതിനേക്കാൾ വ്യാപകമായ രൂപത്തിലുള്ള ആശയം അതുൾകൊള്ളുന്നുണ്ട്.

ആ കാരണത്താലാണ് ആനപ്പടയെ നശിപ്പിക്കാനായി അല്ലാഹു അബാബീൽ പക്ഷികളെ അയച്ചത്. അവ തീ കല്ലുകളാൽ ആനപടയെ എറിയുകയും നുരുമ്പിയ ചവറു പോലെ ആ സൈന്യത്തെ നശിപ്പിക്കുകയും ചെയ്തു.ഹറം ശരീഫിൽ അതിക്രമം ചെയ്യാൻ ഉദ്ദേശിക്കുന്നവർക്കെല്ലാം ഇതിൽ ഗുണപാഠമുണ്ട്.) തഫ്സീർ ഇബ്നു കസീർ 3 /215

ജാഹിലിയ്യാ കാലഘട്ടത്തിലും കഅ്ബാലയത്തോടും പവിത്രമായ ഹറമിനോടും ഭവ്യതയും ആദരവും പുലർത്തുന്ന സ്വഭാവം അവരിലുണ്ടായിരുന്നു ചില ഉദാഹരണങ്ങൾ കാണുക.

അൽ ഹമവി പറഞ്ഞിരിക്കുന്നു.

(ഹർബ് ബ്നു ഉമയ്യ ഒരിക്കൽ തങ്ങളുടെ സഖ്യ കക്ഷികളിൽ പെട്ട ബനൂ നഫ്ഫാസ ഗോത്രത്തിലെ ഹള്റമിയോട് മക്കയിലേക്ക് വരാൻ ആവശ്യപ്പെട്ടു.എന്നാൽ അദ്ദേഹം ഹറമിന്റെ പരിധിക്കപ്പുറത്തു വരെയെത്തുകയും അവിടെ നിൽക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ അപര നാമമായ അബൂമത്വർ എന്നു വിളിച്ചു കൊണ്ട് ഹർബ്ബ്നു ഉമയ്യ ഇപ്രകാരം പറഞ്ഞു.

അബൂ മത്വറേ വരൂ നീ സുൽഹിനായി

വെറുമൊരു കുറ്റബോധത്തോടെയെത്തൂ
ഈ രാജ്യം  വിശുദ്ധമതാണ് മുമ്പേ
സൈന്യം നിന്നെ തേടിവരില്ലിവിടെ
സൈന്യത്തിൻ മദ്ധ്യത്തിലാവട്ടെ, യല്ല
ജനമദ്ധ്യത്തിലാവട്ടെ നിർഭയനാണുനീ
ആശ്വാസമായി നീ ഇവിടെ വന്നിടൂ
ഐശ്വര്യ സമ്പൂർണ്ണ ജീവിതം കണ്ടിടാം.

മക്കയിലെത്തിയാൽ എത്രമാത്രം നിർഭയത്വത്തിൽ കഴിയാൻ സാധിക്കും എന്ന വസ്തുതയാണ് ഇതിൽനിന്നും നമുക്ക് കാണാൻ കഴിയുന്നത്) മുഅ്ജമുൽ ബുൽദാൻ 5 / 213

കഅ്ബാലയത്തോട് അവർക്കുണ്ടായിരുന്ന ആദരവ് മനസിലാകുന്ന മറ്റൊരു സംഭവം കാണുക.

കഅ്ബയുടെ പുനർ നിർമ്മാണ സന്ദർഭത്തിൽ അതിനു ഉപയോഗിക്കുന്ന മുഴുവൻ സമ്പത്തും നല്ല മാർഗത്തിലൂടെ സമ്പാദിച്ചതായിരിക്കണമെന്ന് അവർ ശഠിക്കുകയുണ്ടായി. ഇബ്നു ഇസ്ഹാഖ് അദ്ദേഹത്തിന്റെ ചരിത്രകൃതിയുടെ സമാഹാരത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. (കഅ്ബാ പുനർനിർമ്മാണ വേളയിൽ അബൂ വഹബ് ബ്നു അംറ് ഖുറൈശികളോടായി പറയുകയുണ്ടായി. കഅ്ബയുടെ നിർമ്മാണ ഫണ്ടിലേക്ക് സ്വരൂപിക്കുന്ന സ്വത്തിൽ വിശിഷ്ടമായ സമ്പാദ്യമല്ലാതെ ഒന്നും ഉൾപ്പെട്ടു കൂടാ. വ്യഭിചാരത്തിലൂടെ നേടിയ പണമോ,പലിശയിനത്തിൽ ഉണ്ടാക്കിയ പൈസയോ, അക്രമത്തിലൂടെ ജനങ്ങളിൽ നിന്ന് പിടിച്ചെടുത്ത പണമോ ഇതിലുണ്ടാവാൻ പാടില്ല) സീറത്ത് ഇബ്നു ഹിശാം 1/ 220, താരീഖു ത്വബ്രി 2/ 287

ഇക്കാരണത്താലാണ് ഇബ്റാഹീം നബിയുണ്ടാക്കിയ കഅ്ബയുടെ മുഴുവൻ അടിത്തറയിലും പൂർണ്ണമായി പടുത്തുയർ



ത്താൻ ഖുറൈശികൾക്ക് കഴിയാതിരുന്നത്. ആ കാര്യം പ്രവാചകൻﷺ തന്നെ പറയുകയും ചെയ്തിട്ടുണ്ട്. അവിടുന്ന് ആയിശ‹› യോട് പറയുകയുണ്ടായി (നിന്റെ ജനതക്ക് കഅ്ബ പടുത്തുയർത്താനുള്ള പണം കുറഞ്ഞു പോയി. അതുകൊണ്ടാണവർ ഹിജ്റിന്റെ ഭാഗം ഒഴിവാക്കിയത്)

അപ്രകാരം തന്നെ ജാഹിലിയ്യാ അറബികൾക്ക് ഹറമിനോടും കഅ്ബയോടുമുള്ള ആദരവ് കാരണം ഹറമിലേക്ക് വരുമ്പോൾ നിഷിദ്ധമായ മാർഗ്ഗത്തിലൂടെ സമ്പാദിച്ച പാഥേയമോ വസ്ത്രമോ അവർ ഉപയോഗിക്കാറുണ്ടായിരുന്നില്ല. ഹറമിലേക്ക് പ്രവേശിക്കാനായി വസ്ത്രം വാങ്ങുകയോ മറ്റുള്ളവരിൽ നിന്ന് ഉപഹാരമായി സ്വീകരിക്കുകയോ,വായ്പ വാങ്ങുകയോ ചെയ്യാറുണ്ടായിരുന്നു. ഇതൊന്നും ലഭിക്കാത്ത സന്ദർഭങ്ങളിൽ നഗ്നരായിട്ടായിരുന്നു അവർ കഅ്ബ ത്വവാഫ് ചെയ്തിരുന്നത്.

മറ്റൊരു ഉദാഹരണം കാണുക, ജാഹിലിയ്യാ കാലഘട്ടത്തിലെ ഒരു സ്ത്രീ തന്റെ മകനെ വിളിച്ച് നൽകുന്ന ഉപദേശത്തിൽ കഅ്ബാലയത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കാൻ ഉണർത്തുന്നത് കാണുക.

പുന്നാരമോനേ നീയക്രമം കാട്ടല്ലേ
മക്കായിലൊട്ടും ചെറുതു പോലും
മക്കായിലക്രമം കാട്ടുന്നോരുണ്ടെങ്കിൽ
ഏൽക്കേണ്ടി വന്നിടു മഹാപത്ത്
പുന്നാര മോനെ നീ
യറിയാനായി പറയട്ടെ
അക്രമിച്ചോരെല്ലാം നശിച്ചത്
കണ്ടവളാണു ഞാനീ നാട്ടിൽ
സീറത്തു ഇബ്നു ഹിശാം 1 /25ബിദായ വനിഹായ 3/ 126

ഗുബൈഹ ബിൻത്ത് അൽ അഹബ് എന്ന സ്ത്രീ തന്റെ മകൻ ഖാലിദ് ബ്നു അബ്ദു മനാഫിനോട് മക്കായുടെ പവിത്രതയെ കുറിച്ച് ഓർമ്മപെടുത്തുന്ന കവിതയാണിത്.

സ്വന്തം പിതാവിനെ വധിച്ച ഘാതകനെ തന്നെ ഹറമിൽ വെച്ചു കണ്ടാൽ ജാഹിലിയ്യാ കാലഘട്ടത്തിൽപോലും അവർ പ്രതികാര നടപടികൾ സ്വീകരിക്കാറുണ്ടായിരുന്നില്ല എന്നതും കഅ്ബയോടുള്ള അവരുടെ ആദരവിനെ കാണിക്കുന്നു.

ഖുർത്തുബി പറയുന്നത് കാണുക.

ഹറമിൽ അഭയം തേടിയ വ്യക്തിക്ക് നിർഭയത്വം നൽകുകയും അവരെ വധിക്കാനോ അക്രമിക്കാനോ മുതിരാതിരിക്കുകയും ചെയ്യുന്ന ശീലം ജാഹിലിയ്യാ അറബികളിൽ പോലും നിലനിന്നിരുന്ന മര്യാദയായിരുന്നു. ജാമിഉ അഹ്കാമു ഖുർആൻ 4/91

ജാഹിലിയ്യാ കാലഘട്ടങ്ങളിൽ പോലും വളരെയധികം പ്രാധാന്യം കൽപ്പിച്ചിരുന്ന വിശുദ്ധ ഹറമിന്റെ പവിത്രതയെ കുറിച്ച് അശ്രദ്ധരായി കഴിയുന്ന ധാരാളം മുസ്ലീംകളുടെ അവസ്ഥയോർക്കുമ്പോൾ നമുക്ക് വേദനിക്കാതിരിക്കാൻ കഴിയുമോ? മുസ്ലീം മനസുകളിൽ അതിനോടുള്ള ആദരവ് കുറഞ്ഞു കൊണ്ടിരിക്കുന്നു, മാത്രമല്ല പാവനമായ വിശുദ്ധ ഭൂമിയിൽ വെച്ചു മഹാപാപങ്ങളും കുറ്റകൃത്യങ്ങളും ചെയ്യാൻ ചിലർ വ്യഗ്രതകാണിക്കുന്നുവെങ്കിൽ അവരുടെ അവസ്ഥ എന്തായിരിക്കും?

അപ്രകാരം തന്നെ ശിർക്കിൽ(ബഹുദൈവ വിശ്വാസത്തി)ൽ നിന്നും മാലിന്യങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും വൃത്തികേടുകളിൽ നിന്നും കഅ്ബാലയത്തെ ശുദ്ധീകരിക്കുവാൻ പ്രവാചകൻ താൽപര്യം കാണിച്ചിരുന്നു. എന്നാൽ ഇന്ന് ചിലർ ജാഹിലിയ്യാ സമ്പ്രദായങ്ങൾക്കു സമാനമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അതിന്റെ പവിത്രതക്ക്കോട്ടം തട്ടുന്ന രൂപത്തിൽ പെ



രുമാറുകയും ചെയ്യുന്നു.ചിലർ മഹാപാപങ്ങളും വൃത്തികേടുകളും പ്രവർത്തിക്കുന്നു.അല്ലാഹുവിനെയല്ലാതെ ആരാധിക്കുക,ജിന്നു ബാധയേൽക്കാതിരിക്കാനായി അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കായി ബലിയറുക്കുക, മാരണക്കാരെയും ജോത്സ്യൻമാരെയും സമീപിക്കുക പോലുള്ള കാര്യങ്ങൾ ചെയ്യുന്നതായും കാണുന്നു.നമസ്കാരം ഉപേക്ഷിക്കുന്നവരും അതിന്റെ കാര്യത്തിൽ അശ്രദ്ധകാണിക്കുന്നവരും ധാരാളമാണ്. പ്രവാചകൻﷺ പഠിപ്പിക്കാത്ത ദിക്റുകളും ദുആകളും പ്രാധാന്യത്തോടെ ചൊല്ലുന്നവരും ധാരാളമാണ്.ഇവയെ ഹറമിൽ വന്ന് പ്രചരിപ്പിക്കുന്നവരെയും ഇസ്ലാമിലില്ലാത്ത പുതിയ ആചാരങ്ങളും ആഘോഷങ്ങളും ചെയ്യാൻ ശ്രമിക്കുന്നവരെയും നമുക്ക് കാണാം.അപ്രകാരം തന്നെ പുണ്യം പ്രതീക്ഷിച്ച് സ്വന്തമായി ചില രാവുകൾക്ക് പ്രാധാന്യം നൽകുകയും ആ രാത്രികളെ സജീവമാക്കുകയും ചെയ്യുന്നവരുണ്ട്. മറ്റു ചിലർ ഇസ്ലാമിക നിയമ സംഹിതകളിൽ യാതൊരു പ്രാധാന്യവും കൽപ്പിച്ചിട്ടില്ലാത്ത പല പ്രദേശങ്ങൾക്കും ഗുഹ,കിണർ പോലുള്ളതിനും പ്രാധാന്യം നൽകുന്നു.ലഹരി പദാർത്ഥങ്ങളും മയക്കുമരുന്നുകളും ഉപയോഗിക്കുകയും വിൽപന നടത്തുകയും ചെയ്യുന്നവരും മ്യൂസിക്കുകളുടെയും വിലക്കപെട്ട ഗാനങ്ങളുടെയും വീഡിയോ കാസറ്റുകളും വൃത്തികേടുകൾ വലിച്ചിഴക്കുന്ന ഡിഷ് ആന്റിനകളും വിൽപന നടത്തുന്നവരും ഹറമിന്റെ പരിധിയിലുണ്ട്. ചീത്ത കൂട്ടുകാരോടൊന്നിച്ച് രാവുകളിൽ ഉറക്കമൊഴിക്കുന്നവരും കുറവല്ല.ഒരു മുസൽമാനെ സംബന്ധിച്ചിടത്തോളം വിശുദ്ധ ഭൂമിയിലല്ലെങ്കിൽ പോലും ഇത്തരം കാര്യത്തിൽ വ്യാപൃതരാവാൻ പാടില്ല. എങ്കിൽ വിശുദ്ധ ഭൂമിയിൽ വെച്ചു കൂടിയാണിത് ചെയ്യുന്നതെങ്കിൽ അത് എത്രമാത്രം ഗൗരവമുള്ളതാണെന്ന് നാം ആലോചിക്കുക.

(പവിത്ര പ്രദേശമായ ഹറമിലും അതിന്റെ പരിസരങ്ങളിലും മുകളിൽ പറഞ്ഞതും അതിന് സമാനമായതുമായ പ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്നത് ഭൂമിയിൽ മറ്റെവിടെയെങ്കിലും വെച്ച് ചെയ്യുന്നതിനെക്കാൾ ഗൗരവമേറിയതാണ്.) സാദുൽ മആദ് 1/51

മക്കയിൽ താമസിക്കുന്നവർക്ക് ഈ വക കാര്യങ്ങളിൽ മറ്റുള്ളവരെക്കാൾ ബാധ്യതയുള്ളതിനാൽ അവർ ഉത്തമ മാതൃകയോടെ ജീവിക്കേണ്ടതാകുന്നു.പൂർവ്വീക മഹാൻമാർ ഹറമിനോടു പ്രകടിപ്പിച്ചിരുന്ന ആദരവും ബഹുമാനവും എപ്രകാരമായിരുന്നു എന്ന് പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം.കാരണം കഅബാലയത്തോട് ആദരവ് കാണിക്കുക എന്നത് ദൈവീക ഭക്തിയിൽനിന്നുടലെടുക്കേണ്ട മഹത്തായ ഗുണമാണെന്ന് അല്ലാഹു സൂചിപ്പിക്കുന്നുണ്ട്. സൂറത്തുൽ ഹജ്ജ് 32 കാണുക.

ശൈഖ് ഇബ്നു സഅദി നൽകുന്ന വിശദീകരണത്തിൽ അദ്ദേഹം പറഞ്ഞത് (അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുക എന്നത് ഭയ ഭക്തിയിൽനിന്നുണ്ടാവേണ്ട കാര്യമാണ്. ശരിയായ ഭക്തിയോടും വിശ്വാസത്തോടും കൂടിയായിരിക്കണം അപ്രകാരം ചെയ്യുന്നത്. അല്ലാഹുവിനെ മഹാനായി കാണുകയും അവനെ ആദരിക്കുകയും ചെയ്യുന്നതിന്റെ ഭാഗം തന്നെയാണ് അവന്റെ ചിഹ്നങ്ങളെ ആദരിക്കലും) തഫ്സീറുൽ കരീമു റഹ്മാൻ 3/320

പൂർവ്വീകരുടെ മാതൃക പിൻപറ്റിയും അപരെ അനുധാവനം ചെയ്തുകൊണ്ടും ഏറ്റവും അർഹമായ രീതിയിൽ മാത്രമായിരിക്കണം അല്ലാഹു മഹത്വംകൽപിച്ചവയെ നാമും മഹത്വം കൽപ്പിക്കേണ്ടത്. വിശുദ്ധ ഹറമുകളോട് ആദരവ് പ്രകടിപ്പിക്കുമ്പോൾ അല്ലാഹു ഇഷ്ടപ്പെട്ട പൂർവ്വീകരായ മഹാത്മാക്കളുടെ മാതൃകയിലില്ലാത്തതും മതനിയമങ്ങളിൽ കാണാത്തതുമായ പല രൂപഭാവങ്ങൾ പ്രകടിപ്പിക്കുന്നതിൽ അർത്ഥമില്ല.



ഇന്ന് പൊതു ജനങ്ങളിൽ മതനിയമങ്ങൾക്ക് വിരുദ്ധവും അന്ധ വിശ്വാസങ്ങളിൽ അതിഷ്ഠിധവുമായ ധാരാളം സമ്പ്രദായങ്ങളും നടപടിക്രമങ്ങളും കാണപ്പെടുന്നുണ്ട്. അല്ലാഹുവിലേക്ക് അടുപ്പിക്കാനുള്ള പുണ്യങ്ങളാണെന്ന വ്യാജേനയും ഹറമുകളോടുള്ള ആദരവ് പ്രകടിപ്പിക്കുകയാണെന്ന വിശ്വാസത്തോടും കൂടിയും മത നിർദ്ദേശങ്ങളോ പ്രവാചക ചര്യയോ ഇല്ലാത്ത പ്രവർത്തികൾ ചെയ്യാറുണ്ട്.  മുസ്ലിംകളിൽ പൊതുവെ കണ്ടുവരുന്ന ചില പ്രവർത്തനങ്ങൾ താഴെ വിവരിക്കാം.

1. നമസ്കാരം പോലുള്ള ആരാധനകൾ ചെയ്യുവാനും അനുഗ്രഹങ്ങളും ബർക്കത്തുകളും ആഗ്രഹിച്ചുകൊണ്ടും ഹിറാ ഗുഹ, സൗർ ഗുഹ ,അറഫയിലെ മല, പ്രവാചകൻﷺ ജനിച്ചതെന്ന് പറയപ്പെടുന്ന സ്ഥലം പോലുള്ള പ്രദേശങ്ങളിൽ സന്ദർശനം നടത്തുക, പ്രവാചകൻ ജനിച്ചത് ഇന്ന സ്ഥലത്താണെന്ന് സ്ഥിരീകരിക്കപ്പെട്ടതോ തെളിവുകളുടെ പിൻബലമുള്ളതോ അല്ല.) ത്വബ്രിയുടെ ചരിത്രം 1

2. മുഅല്ലായിലുള്ളതോ അല്ലാത്തതോ ആയ ഖബറുകൾ തേടി പുറപ്പെടുകയും അവിടെ വെച്ച് തവസ്സുലും അവരുടെ ജാഹ് കൊണ്ട് പ്രാർത്ഥിക്കലും ഖബറാളികളോട് ദുആ ഇരക്കലും ചെയ്യുന്നവരുണ്ട്.ഇത് ശിർക്കും ശിർക്കിലേക്കുള്ള മാർഗ്ഗവുമാണ്.

ഖബർ സന്ദർശിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അല്ലാഹുവിന്റെ പ്രവാചകൻതന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്.ഖബറാളികൾക്ക് വേണ്ടി പ്രാർത്ഥിക്കുക, മരണത്തെ കുറിച്ചും മരണാനന്തര ജീവിതത്തെ കുറിച്ചും സ്മരിക്കുക,ഗുണപാഠമുണ്ടാവുക, കടുത്തുപോയ മനസിനു മൃദുലതയുണ്ടാവുക എന്നിവയാണവ.

3. കഅ്ബാലയം കഴുകുന്ന വെള്ളം കൊണ്ട് അനുഗ്രഹംഎ ടുക്കലും അതുകൊണ്ട് കുളിക്കലും.

4. കഅ്ബാലയത്തിന്റെ കില്ല(പുതപ്പ്)കൊണ്ട് ബർക്കത്ത് എ ടുക്കുകയും ആ തുണിയുടെ കഷ്ണം കൊണ്ടുപോയി സൂക്ഷി ച്ചു വെക്കലും അതിലൂടെ ശമനമുണ്ടാകുമെന്ന് കരുതലും ശരി യല്ല. മാത്രമല്ല ചിലർ ആ വസ്ത്രത്തിൽ നിന്ന് കഷ്ണം മുറിച്ചെ ടുക്കാനായി പരിധി ലംഘിക്കുക കൂടി ചെയ്യാറുണ്ട്.

5. കഅ്ബയുടെ ചുമരുകളിൽ (മുൽത്തസം എന്ന് പറയപ്പെ ടുന്ന ഭാഗം ഒഴികെ) കൈകൾകൊണ്ടും മുഖം കൊണ്ടും തടവു കയും അനുഗ്രഹം കൊതിക്കുകയും ചെയ്യുന്നു.ചിലർ മസ്ജിദു ൽ ഹറമിന്റെ വാതിലുകളും അതിന്റെ വളയങ്ങളും ഇപ്രകാരം തടവുന്നു.

6. സംസം വെള്ളം മക്കയിൽ നിന്ന് പുറത്തു കൊണ്ടു പോ യാൽ അതിന്റെ രുചിക്ക് മാറ്റമുണ്ടാകുമെന്ന് വിശ്വസിക്കലും മ രണാസന്നരാകുന്നവർക്ക് നല്ല പര്യവസാനമുണ്ടാകുമെന്ന് കരു തി സംസം വെള്ളം കുടിപ്പിക്കലും കഫൻ പുടവ , സംസം വെ ള്ളത്തിൽ കഴുകലും.

7. വിടവാങ്ങൽ ത്വവാഫിന് ശേഷം കഅ്ബയിൽ നിന്ന് പി ന്തിരിഞ്ഞു നടക്കൽ.

8. അറഫയിൽ നിൽക്കുന്നത് വെള്ളിയാഴ്ചയാണെങ്കിൽ എ ഴുപത്തിരണ്ട് ഹജ്ജ് ചെയ്ത പ്രതിഫലം ലഭിക്കുമെന്ന് കരുതൽ (അൽബാനിയുടെ ഹജ്ജും ഉംറയും എന്ന പുസ്തകം പേ:56)

9.ഓരോ ത്വവാഫിന്റെയും സഅ്യിന്റെയും കൂടെ പ്രത്യേകം പ്രത്യേകം പ്രാർത്ഥന ചൊല്ലലും മഖാമു ഇബ്റാഹീമിന്റെ അടു ക്കൽ വെച്ചും സംസം വെള്ളം കുടിക്കുമ്പോഴും പ്രവാചകൻﷺ



യിൽ നിന്ന് റിപ്പോർട്ടു ചെയ്തു വന്നിട്ടില്ലാത്ത പ്രത്യേകം പ്രാർ ത്ഥനകൾ ചൊല്ലൽ.

10. കഅ്ബാലയത്തിലേക്ക് നോക്കുന്നത് തന്നെ ആരാധന യാണെന്ന് വിശ്വസിക്കൽ. എന്നാൽ ഇത് ഹദീസുകളിൽ സ്ഥിര പ്പെടാത്ത കാര്യമാകുന്നു. ചിലർ നമസ്കാരം നിർവ്വഹിക്കുന്ന വേ ളകളിൽ പോലും കഅ്ബയെ നോക്കാറുണ്ട്. എന്നാൽ പ്രവാച കൻ നമസ്കരിക്കുമ്പോൾ തല താഴ്ത്തുകയും ഭൂമിയിലേക്ക് നോ ക്കുകയുമാണ് ചെയ്തിരുന്നത്. ഇതിന് വിപരീതമായി നമസ്ക രിക്കുന്ന സമയത്ത് കഅ്ബയിലേക്ക് നോക്കുന്നത് സുന്നത്തിന് എതിരാകുന്നു. (ബൈഹഖി, ഹാകിം)

11. കഅ്ബയുടെ ചുമരുകളിലും മഖാമു ഇബ്റാഹീമിലുമെ ല്ലാം കൈകൾ കൊണ്ട് തടവുകയും അവയെ ചുംബിക്കുകയും ചെയ്യൽ.

ഇബ്നു ജരീർ പറഞ്ഞത് കാണുക (അപ്രകാരം ഇബ്റാഹീം നിന്ന സ്ഥലം നിങ്ങളും നമസ്കാര സ്ഥലമാക്കുക)എന്ന വചന ത്തിലൂടെ അതിന്റെ അടുക്കൽ വെച്ച് നമസ്കരിക്കാനല്ലാതെ അതിനെ സ്പർശിക്കുന്നതിനോ തടവുന്നതിനോ അല്ലാഹു കൽ പിച്ചിട്ടില്ല. (തഫ്സീർ ഇബ്നു ജരീർ 3 /35)

12. കഅ്ബയുടെ മുകൾ പരപ്പിൽ നിന്ന് വെള്ളം ഉതിർന്നു വീഴുന്ന കുഴൽ(പാത്തി)ക്ക് ചുവട്ടിൽവെച്ച്(അല്ലാഹുവേ നിന്റെ തണലല്ലാതെ മറ്റു യാതൊരു തണലും ഇല്ലാത്ത ദിവസത്തിൽ എനിക്ക് തണൽ ൽകേണമേ )എന്ന് പ്രാർത്ഥിക്കൽ.

13. കഅ്ബയുടെ അടുക്കൽ പെയ്യുന്ന മഴവെള്ളം കൊണ്ട് ബർക്കത്തെടുക്കൽ. (അൽബാനിയുടെ ഹജ്ജും ഉംറയും എന്ന പുസ്തകം പേ 53)

14. കഅ്ബയിൽ പ്രവേശിച്ചവൻ പിന്നീട് ചെരിപ്പുകളില്ലാതെ നടക്കാൻ പാടില്ല എന്നും കഅ്ബയിൽവെച്ച് കണ്ടതൊന്നും മറ്റുള്ളവരോട് പറയരുതെന്നും കഅ്ബയുടെ മേൽകൂരയിലേക്ക് നോക്കാൻ പാടില്ല എന്നും അങ്ങിനെ നോക്കിയാൽ അവൻ അന്ധനാകുമെന്നുമൊക്കെ ധാരാളം ആളുകൾ വിശ്വസിക്കുകയും പറഞ്ഞ് നടക്കുകയും ചെയ്യാറുണ്ട്. ഇതെല്ലാം അടിസ്ഥാനരഹിതമായ ഭാവനകളും അന്ധവിശ്വാസങ്ങളുമാകുന്നു. (താരീഖുൽ ഖവീം ലി മക്ക വ ബൈത്തുല്ലാഹിൽ കരീം 2 /522, 523)

മുകളിൽ നാം പറഞ്ഞ രൂപത്തിൽ വിശ്വസിക്കുന്നവരും പ്രവർത്തിക്കുന്നവരും തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകരാനായി ദുർബലവും പ്രവാചകന്റെ പേരിൽ കെട്ടിച്ചമച്ചതുമായ ചില ഹദീസുകൾ തെളിവായി പറയാറുണ്ട്.എന്നാൽ അത്തരം ഹദീസുകളെല്ലാം തന്നെ തെളിവിനു പറ്റില്ലായെന്ന് അവർ വ്യക്തമാക്കിയതുമാണ്. അതിൽ പെട്ട ചില ഹദീസുകൾ താഴെ കൊടുക്കാം

1. ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം അദ്ദേഹം പറഞ്ഞു നബിﷺ പറഞ്ഞിരിക്കുന്നു.

(ഓരോ രാവും പകലും അല്ലാഹു ഈ മന്ദിരത്തിൽ നൂറ്റി ഇരുപത് കാരുണ്യത്തെ അവതരിപ്പിക്കുന്നതാണ്. അതിൽ അറുപത് കാരുണ്യവും ത്വവാഫ് ചെയ്യുന്നവർക്കായിരിക്കും നാൽപത് കാരുണ്യം അവിടെ നമസ്കരിക്കുന്നവർക്കും ബാക്കി ഇരുപത് കാരുണ്യം കഅ്ബബയിലേക്ക് നോക്കുന്നവർക്കുമാണ്.ദുർബലമാണിത്. സിൽ സിലത്തുള്ളഈഫ് 187,188

2. (മക്കയിലെ ചൂടേൽക്കുന്നത് ആരെങ്കിലും ക്ഷമിക്കുന്നുവെങ്കിൽ നരഗാഗ്നിയുടെ ചൂടിൽനിന്നും അല്ലാഹു അദ്ദേഹത്തെ അകറ്റുന്നതായിരിക്കും.)



ഈ ഹദീസിനെ കുറിച്ച് അബൂ ജഅ്ഫർ അൽ ഉഖൈലി പറഞ്ഞത് ഇത് യാതൊരു അടിസ്ഥാനവുമില്ലാത്ത ഹദീസാകുന്നു എന്നാകുന്നു.

3. മക്കയിലെ ഭോഷൻമാർ സ്വർഗ്ഗത്തിലുള്ളവരാകുന്നു.

ഇതിനും അടിസ്ഥാനമില്ല. ഹാഫിള് ഇബ്നു ഹജറിനോട് ഇതിനെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇത് എനിക്ക് മനസ്സിലായിട്ടില്ല എന്നാകുന്നു)അൽ അജിവിബത്തുൽ മുഹിമ്മ. പേ 265, മുഖ്തസറ അൽ മഖാസ്വിദുൽ ഹസന 531

4. ആയിശ(റ)വിൽ നിന്ന് നിവേദനം. അവർ പറഞ്ഞു. കഅ്ബയിലേക്ക് നോക്കുക എന്നത് ആരാധനയാകുന്നു) ഈ ഹദീസ് ദുർബലമാണെന്ന് അൽബാനിയുടെ ളഈഫുൽ ജാമിഅ് 5990 ൽ പറഞ്ഞിട്ടുണ്ട്.

5. മക്കയിൽ ഉറങ്ങുക എന്നത് മറ്റു സ്ഥലങ്ങളിൽ നമസ്കരിക്കുന്ന പോലെയാണ്.അടിസ്ഥാനമില്ലാതെ പൊതുജനങ്ങൾ പറഞ്ഞ് വരുന്നതാകുന്നു ഇത്.

6. നൂഹ്(അ)ന്റെ കപ്പൽ കഅ്ബയെ ത്വവാഫ് ചെയ്യുകയും രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്തു. ഇത് മൗളൂആയ ഹദീസാണെന്ന് ഇബ്നു ജൗസി പറഞ്ഞിട്ടുണ്ട്)(അൽ മൗളൂആത്ത് 1 / 100)

7. കഅ്ബയിൽ പ്രവേശിച്ചവൻ പുണ്യത്തിലാണ്.അതിൽ നിന്നും പുറത്തു പോകുന്നവർ പാപം പൊറുക്കപെട്ടവരായി പുറത്തു പോകും.) ബൈഹകിയുടെ അസുനൻ 5/208

ഈ ഹദീസിന്റെ പരമ്പരയിലുള്ള അബ്ദുള്ള ഇബ്നു മുഅമ്മൻ എന്ന വ്യക്തി ദുർബലനാണെന്ന് നവവി തന്റെ അൽമജ്മൂഇൽ പറഞ്ഞിട്ടുണ്ട്. 2/208

ഇപ്രകാരം അടിസ്ഥാന രഹിതവും എന്നാൽ പൊതുജനങ്ങൾക്കിടയിൽ പ്രചാരമുള്ളതുമായ ചില വചനങ്ങൾ കൂടി കാണുക.

(ഓരോ ആഴ്ചയിലെയും അവസാനത്തിൽ ഏഴുപ്രാവശ്യം കഅ്ബയെ ത്വവാഫ് ചെയ്താൽ ഏഴുദിവസങ്ങളിലെയും പാപങ്ങൾ മായ്ക്കപെടും.)

(ഓരോ വർഷാവസാനത്തിലും ഉംറ ചെയ്താൽ ഒരു വർഷത്തെ പാപങ്ങൾ അത് കൊണ്ട് പൊറുക്കപെടും.)

(സംസം വെള്ളം കൊണ്ട് കഴുകിയ കഫൻ പുടവയിൽ മറവ് ചെയ്യപെടുന്നവർക്ക് പാപങ്ങൾ പൊറുക്കപെടും.)

ഇവയെല്ലാം പ്രവാചൻﷺയുടെ പേരിൽ വ്യാജാരോപണം നടത്തുകയും വൃത്തികേടുകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത് മഹാ കുറ്റമാകുമെന്നതിൽ ഉപരിയായി ഇതുപോലുള്ളവ ഹദീസുകളാണെന്ന പേരിൽ പ്രചരിക്കപെടുമ്പോൾ സമൂഹത്തിൽ ദുരാചാരങ്ങളും ബിദ്അത്തുകളും വർദ്ധിക്കുവാൻ കാരണമാവുകയും ചെയ്യുന്നു.മാത്രമല്ല അനുഷ്ടിക്കുവാൻ ഇസ്ലാം നിർദ്ദേശിച്ച പല കർമ്മങ്ങളും ഇല്ലാതാവുകയും അവയുടെ സ്ഥാനത്ത് അന്ധവിശ്വാസങ്ങൾ ഉടലെടുക്കുകയുംചെയ്യുന്നു.അങ്ങിനെ ആരാധനകളെല്ലാം ഉപകാരപ്രദമല്ലാത്ത കേവല രൂപങ്ങളും ചടങ്ങുകളുമായി മാറുകയും ചെയ്യുന്നു.

അതിനാൽ തന്നെ ഓരോ മുസൽമാനും അല്ലാഹുവും അവന്റെ റസൂലും ആദരിക്കുവാൻ പറഞ്ഞവയെ ശരിയായ മത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആദരിക്കേണ്ടതാണ്.കൽപിക്കപെടാത്ത രൂപങ്ങളിലും അല്ലാഹുവിന്റെ പരിധികൾ അതിർലംഘിച്ചു കൊണ്ടും ആദരിക്കുന്ന പ്രവണത വന്നുപോകുന്നത് സൂക്ഷിക്കേണ്ടതാകുന്നു.അതിനായി മതനിർദ്ദേശങ്ങളില്ലാത്ത പുതിയ രീതിയോ മാർഗ്ഗമോ നമുക്ക് സ്വീകരിച്ചുകൂടാ.മതപരമായ കാ



ര്യങ്ങൾ പ്രവാചകചര്യയോട് ഒത്തുവരികയും സത്യസന്ധമായ രൂപത്തിൽ പിന്തുടരുകയും ചെയ്യാതെ എന്തെങ്കിലും പ്രവർത്തിക്കുമ്പോൾ നല്ല ഉദ്ദേശ്യത്തോടെയാണ് പ്രവർത്തിക്കുന്നതെന്നോ ആത്മാർത്ഥമായിട്ടാണ് ഒരാൾ ചെയ്യുന്നതെന്നോ പറയുന്നതിൽ അർത്ഥമില്ല.

## വിരാമം

പവിത്ര രാജ്യമായ ഹറം ശരീഫിന്റെ ശ്രേഷ്ഠതകളെ കുറിച്ചും അവിടെ പാലിക്കേണ്ട വിധിവിലക്കുകളെ കുറിച്ചും മഹത്വപൂർണ്ണമായ പ്രദേശങ്ങളെ കുറിച്ചുമുള്ള സംക്ഷിപ്തമായ വിവരണമാണ് ഇതിൽ നാം കണ്ടത്. അപ്രകാരംതന്നെ അവിടെ അധർമ്മം പ്രവർത്തിക്കുന്നതും ദുരാചാരങ്ങളും ബിദ്അത്തുകളും കുറ്റകൃത്യങ്ങളും വൃത്തികേടുകളും പ്രവർത്തിക്കുന്നത് സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും നാം പരാമർശിക്കുകയുണ്ടായി.

വിശുദ്ധ മക്കയിലും പുരാതനഗേഹമായ കഅ്ബാലയത്തോടു അനുബന്ധിച്ചും താമസിക്കുന്നവരോടും ഹജ്ജിനും ഉംറക്കും സന്ദർശനത്തിനുമായി അവിടേക്ക് ആനയിക്കപ്പെടുന്ന മുസ്ലീം സഹോദരൻമാരോടും എനിക്ക് നിർദ്ദേശിക്കാനുള്ളത് ഒറ്റ കാര്യമാണ്. മത നിർദ്ദേശങ്ങളെ കുറിച്ചു നിങ്ങൾ പഠിച്ചിരിക്കണം. കർമ്മപരവും വിശ്വാസപരവുമായ കാര്യങ്ങളെ കുറിച്ചു നിങ്ങൾ അറിഞ്ഞിരിക്കണം.ഈ വിശുദ്ധ ഭൂമിയിൽ പ്രവാചകൻﷺ പാലിച്ചിരുന്ന മുഴുവൻ മര്യാദകളും നിങ്ങൾ അനുഷ്ഠിക്കണം. അത് അല്ലാഹു അവന്റെ നാടായും ഭവനമായും വിശുദ്ധമാക്കപ്പെട്ട രാജ്യവും ഗേഹവുമാണെന്നും മറ്റു പ്രദേശങ്ങൾക്കില്ലാത്ത ശ്രേഷ്ഠതയും മഹത്വവും ഉള്ളതിനാൽ പരിഗണിക്കേണ്ട പോലെ പരിഗണിക്കുകയും അതിന്റെ സ്ഥാനവും മഹത്വവും പുണ്യകർമ്മ

ങ്ങളാലും ആരാധനകളാലും വർദ്ധിപ്പിക്കുകയും ചെയ്യുക.പാപ ങ്ങൾ വന്നു പോകുന്നത് കരുതുക. തിൻമകളെ സൂക്ഷിക്കുക, വിലക്കപ്പെട്ട സർവ്വ കാര്യങ്ങളിൽ നിന്നും അകന്ന് കഴിയുക അ ല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ

وصلى الله وسلم على نبينا محمد وآله وأصحابه أجمعين.

***